# വേദ ദർശനം

ഫെബ്രുവരി 2012



## പലിശയും കച്ചവടവും





## മുഹമ്മദ് നബി വന്നത് മുടിക്കച്ചവടത്തിനോ?

## ഖുർആൻ പരിഭാഷയിൽ പുരോഹിതർ നടത്തിയ അട്ടിമറികൾ



# അകത്താളുകളിൽ





കവിത **3**
ശിർക്കാണ് വില്ലൻ




കത്തുകൾ **4**
പോസ്റ്റ് ബോക്സ് 143



ലേഖനം **5**
ഖുർആൻ പരിഭാഷകളിൽ പുരോഹിതർ നടത്തിയ അട്ടിമറികൾ



ലേഖനം **9**
'ബിസ്മില്ലാഹി'യുടെ അർഥത്തിലും വ്യാഖ്യാനത്തിലും അട്ടിമറിയുണ്ടോ?



പഠനം **12**
ദത്തെടുപ്പിന് തടസ്സമാവുന്ന അനാഥാലയങ്ങൾ



പഠനം **14**
സ്വിറാത്തുൽ മുസ്തഖീം ഖുർആൻ തന്നെ



പഠനം **17**
മരിച്ചവരെ കേൾപ്പിക്കാമോ?



ലേഖനം **21**
പലിശയും കച്ചവടവും



പഠനം **24**
ഹജ്ജും ഉംറയും: സത്യവും മിഥ്യയും



ലേഖനം **27**
മുസ്‌ലിം സമുദായത്തെ വികലമാക്കുന്നതിൽ ജൂതർ വഹിച്ച പങ്ക്



ലേഖനം **31**
മുഹമ്മദ് നബി വന്നത് മുടിക്കച്ചവടത്തിനോ?



ലേഖനം **33**
ഖുർആനിലേക്ക്; വെളിച്ചത്തിലേക്ക്



**Editorial Board**

**Mudur Aboobacker**
(Chief Editor)
**K.K. Salim Hajee**
(Printer & Publisher)
**N.T.A. Kareem**
(Co-ordinator)

**K. Sahul Hameed**
**Dr. Abdul Jaleel Puttekkad**
**Beerankutty Kuniyil**
**Abdurahman Koothuparamba**
**K.T. Muhammed Kutty**
**B.V. Sakeer**
**M.S. Rasheed**
(Editors)

DTP:
**Swapna**, Guru

Designing & Printing:
**Guru Offset & Graphics**
Clt-4. Mob: 9388678779



Address: **Veda Darsanam** P.B. No. 143, Kozhikode-673 001, E-mail: vedadarsanam@mail.com

ഒറ്റപ്രതി സംഭാവന : 12 രൂപ.
വാർഷിക സംഭാവന : 120 രൂപ.
വിദേശത്തേക്ക് : 540 രൂപ.

എം.ഒ അയയ്ക്കുമ്പോൾ മണി ഓർഡർ ഫോറത്തിൽ സന്ദേശം എഴുതാനുള്ള ഭാഗത്ത് കൂടി വ്യക്തമായ വിലാസം (പിൻകോഡ് സഹിതം) എഴുതേണ്ടതാണ്. അപൂർണമായ വിലാസം കാരണം വേദ ദർശനം തപാലിൽ കിട്ടാതെ വന്നാൽ ഞങ്ങൾ ഉത്തരവാദികളായിരിക്കില്ല. എം.ഒ അയയ്ക്കേണ്ട വിലാസം: വേദ ദർശനം, മണൽത്താഴം, ഗോവിന്ദപുരം പി.ഒ, കോഴിക്കോട് -673 016.

**കോ–ഓർഡിനേറ്റർ**

**INTERNAL CIRCULATION ONLY**

വേദ
ദർശനം
ഖുർആൻ സുന്നത്ത് സൊസൈറ്റി മുഖപത്രം

2012
ഫെബ്രുവരി
പുസ്തകം-3
ലക്കം-2



# ശിർക്കാണ് വില്ലൻ

ഇബ്രാഹിം മാറഞ്ചേരി

മുസ്ലിയാരും സ്വാമിയും
ജൂതനും ക്രിസ്ത്യാനിയും മരിച്ചു

ഈശ്വരനവരെ കണ്ടമാത്രയിൽ
കാര്യം അറിഞ്ഞു ഉറക്കെ പറഞ്ഞു:
"എന്നിൽ പങ്കുചേർത്ത മനുഷ്യരേ,
നിങ്ങൾക്ക് ഞാനെന്റെ വാഗ്ദാനം നിറവേറ്റും."

ദൈവത്തിൻ വാഗ്ദാനം തിരക്കി മുസ്ലിയാർ
കാര്യമറിഞ്ഞു നാവു കുഴഞ്ഞു
സ്വാമിയും ജൂതനും ക്രിസ്ത്യാനിയും ചേർന്ന്
ശിർക്കിന്റെ കാര്യങ്ങൾ ഓർത്തങ്ങിരുന്നു.

കാരുണ്യവാനായ ദൈവം പറഞ്ഞു:
തെറ്റെന്ത് ചെയ്താലും പൊറുക്കും ഞാൻ
മറ്റെന്ത് ചെയ്താലും ക്ഷമിക്കും ഞാൻ
എന്നാൽ ശിർക്കിന്റെ കാര്യത്തിൽ വിട്ടുവീഴ്ചയില്ല

വേദഗ്രന്ഥത്തെ ഇറക്കി ഞാനെന്നും
താക്കീത് നല്കുവാൻ പ്രവാചകന്മാരെയും
പ്രവാചകന്മാരുടെ പ്രബോധനത്തെ നിങ്ങൾ
തള്ളിപ്പറഞ്ഞു കൊണ്ടവഹേളിച്ചുവല്ലോ

ദൈവിക ഗ്രന്ഥങ്ങളെ അവഗണിച്ചു നിങ്ങൾ
വാറോല ഗ്രന്ഥത്തെ മുറുകെ പിടിച്ചു
മുൻഗാമികൾ ചെയ്ത അതേ തെറ്റുകൾ
പിൻഗാമികളും ചെയ്തു മൃതിയടഞ്ഞു

ചിന്തിക്കുന്നവർക്ക് ദൃഷ്ടാന്തമുണ്ട്
അർഥം ഗ്രഹിക്കൂ; മനസ്സിലാക്കൂ
എന്നരുൾ ചെയ്ത വിശുദ്ധഗ്രന്ഥത്തെ
വിശ്വാസമില്ലാതെ തള്ളിപ്പറഞ്ഞു

ദൈവികാശയങ്ങളെ മുറുകെപ്പിടിച്ചൊരു
ജനതയെ കാണുന്നു അവസാന നാളിലും
ചെറുസംഘമെങ്കിലും ദൈവത്തിൻ കല്പന
ശിരസാവഹിച്ചു സാഫല്യം നേടിയവർ



**Post Box 143**

# ഖുർആൻ സുന്നത്ത് സൊസൈറ്റിക്ക് അഭിവാദ്യങ്ങൾ

ബഹുമാന്യനായ ചേകനൂർ മൗലവിയുടെയും കെ.എസ്. എസ്സിന്റെയും പ്രവർത്തനഫല മായി ഇന്നിതാ മുജാഹിദ് പ്രസ്ഥാനത്തിലെ മടവൂർ വിഭാഗം ചേകനൂർ മൗലവി ഉയർത്തിവിട്ട ആദർശങ്ങളിലേക്ക് വരുന്ന കാഴ്ച നാം കണ്ടുകൊണ്ടിരിക്കുന്നു. സ്വഹീഹുൽ ബുഖാരിയിലെ എല്ലാ ഹദീസുകളും സ്വീകാര്യയോഗ്യമല്ല എന്ന് മുജാഹിദുകളുടെ വലിയ നേതാവ് അബ്ദുൽ സലാം സുല്ലമി പോലും എഴുതുന്നു; പ്രസംഗിക്കുന്നു. ഒരു കാലത്ത് ചേകനൂർ മൗലവിയെ ശക്തമായി എതിർക്കാൻ ശ്രമിച്ച് പരാജയപ്പെട്ട വ്യക്തിയാണ് സലാം സുല്ലമി എന്നോർക്കുക. സ്വഹീഹുൽ ബുഖാരിയിൽ ഒരുപാട് ഹദീസുകൾ ബുദ്ധിക്കും ഖുർആനും യോജിക്കാത്തതുണ്ടെന്നും ഇന്ന് സലാം സുല്ലമി സമ്മതിക്കുന്നു. സ്വഹീഹുൽ ബുഖാരിയിലെ ഒരു ഹദീസ് കള്ളമാണ്; ഖുർആന് എതിരാണ് എന്നു പറഞ്ഞാൽ ആ പുസ്തകത്തിലെ ഒറ്റ ഹദീസ് പോലും വിശ്വസിക്കാൻ കൊള്ളാവുന്നവയല്ലെന്നാണ് അർഥമെന്ന് അവരുടെ ഖത്തറിലെ നേതാവായ അബ്ദുൽ റഊഫ് മദനി പറയുന്നു. (ടിയാൻ ബുഖാരി അംഗീകരിക്കുന്ന ആളാണ്).

രണ്ട് വിഭാഗം മുജാഹിദുകൾ തമ്മിൽ ഇന്ന് ഖണ്ഡന മണ്ഡനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ഹദീസുകളെ അന്ധമായി അനുകരിച്ച് ഔദ്യോഗിക വിഭാഗം എന്ന് അറിയപ്പെടുന്നവർ ഇന്ന് ജിന്നും സിഹ്റും പിശാചും കൊണ്ട് അന്ധവിശ്വാസത്തിന്റെ പടുകുഴിയിൽ വീഴുന്ന ദുരവസ്ഥയും നാം കാണുന്നു.

മടവൂർ വിഭാഗത്തിന്റെ മാറ്റത്തിന് വഴിതെളിച്ച ഖുർആൻ സുന്നത്ത് സൊസൈറ്റിക്ക് അഭിവാദ്യങ്ങൾ.

**–nijasmuhammaddxb@gmail.com**

# ചേകനൂർ കൊളുത്തിവെച്ച കൈത്തിരി

വേദ ദർശനം വായിച്ചു. വളരെ നന്നായി. മൗലവി ചേകനൂരിനെപ്പറ്റി എം.എൻ കാരശ്ശേരി എഴുതിയ ഒരു പുസ്തകം വായിച്ചതോടെ മൗലവിയെ ഏറ്റവും ബഹുമാനിക്കാൻ തുടങ്ങി ഞാൻ. മുസ്‌ലിം സമുദായത്തെ അന്ധകാരത്തിൽ നിന്ന് മോചിപ്പിക്കാൻ നേർത്ത കൈത്തിരിയുമായി വന്ന അദ്ദേഹത്തിന്റെ ജീവൻ ഊതിക്കെടുത്തിയ കശ്മലന്മാർ ഇന്നും പുഞ്ചിരിപൊഴിച്ച് കേരളത്തിൽ സഞ്ചരിക്കുന്നു എന്നതും നാം കാണാതിരുന്നുകൂടാ.

**–കെ.ടി. ബാലകൃഷ്ണൻ**
മാപ്പിള ബേ, കണ്ണൂർ

# ഒരാഗ്രഹം

മൂന്നാം വർഷത്തിലേക്ക് പ്രവേശിച്ച വേദ ദർശനത്തിന് എല്ലാ ആശംസകളും നേരുന്നു. ഒപ്പം ഖുർആൻ സുന്നത്ത് പ്രസ്ഥാനം ഒരൊറ്റ സംഘടനയായിക്കാണാനുള്ള ആഗ്രഹവും അറിയിക്കുന്നു. അങ്ങനെയായാൽ അതായിരിക്കും നമ്മുടെ ഏറ്റവും വലിയ വിജയം. യോജിച്ചാൽ മൗലവി സാഹിബിനുള്ള ആദരാഞ്ജലിയുമായിരിക്കും അത്. പടച്ചവൻ അതിന് തൗഫീഖ് നൽകുമാറാകട്ടെ.

**–കെ.സുലൈമാൻ**
തളങ്കര, കാസർക്കോട്

ഈ പംക്തിയിലേക്കുള്ള കത്തുകൾ അയയ്ക്കേണ്ട വിലാസം:

എഡിറ്റർ, വേദ ദർശനം, പോസ്റ്റ് ബോക്സ് 143, കോഴിക്കോട്–673 001
E-mail: vedadarsanam@mail.com

# ഖുർആൻ പരിഭാഷകളിൽ പുരോഹിതർ നടത്തിയ അട്ടിമറികൾ



അബ്ദുറഹ്മാൻ കൂത്തുപറമ്പ്

സർവ്വശക്തനായ ദൈവം വ്യത്യസ്ത ഇനങ്ങളിലായി ഒട്ടേറെ ജീവജാലങ്ങളെ സൃഷ്ടിച്ചതോടൊപ്പം മനുഷ്യരെയും സൃഷ്ടിച്ചു. മനുഷ്യരൊഴികെയുള്ള ജീവജാലങ്ങൾ ദൈവത്തിനു മാത്രം കീഴ്വഴങ്ങി അവയുടെ ജീവിതദൗത്യം നിർവഹിച്ചുകൊണ്ടിരിക്കുന്നു. (13:15). എന്നാൽ മനുഷ്യരിൽ ഭൂരിഭാഗവും സ്രഷ്ടാവിന് മാത്രം കീഴ്വഴങ്ങാതെ സൃഷ്ടികൾക്കുകൂടി കീഴ്വഴങ്ങി ജീവിക്കുന്നു. ദൈവം പറയുന്നത് മനുഷ്യരുടെ പരലോക ജീവിതം സുഖകരമാകണമെങ്കിൽ ഏകദൈവത്തെ മാത്രം അംഗീകരിച്ച് ശിർക്ക് കലരാത്ത പ്രാർത്ഥനകൾ നടത്തണമെന്നാണ്. നമ്മുടെ യാചനകൾ ദൈവത്തോടു മാത്രം നടത്തിക്കൊണ്ടിരിക്കണം. പ്രാർത്ഥനകൾ നിർവഹിച്ചില്ലെങ്കിൽ ദൈവം മനുഷ്യരെ പരിഗണിക്കില്ലെന്ന് പരിശുദ്ധ ഖുർആനിൽ പറയുന്നുണ്ട്. (25:77) സകല പ്രശ്നപരിഹാരങ്ങൾക്കും ഏകദൈവത്തിൽ ഭാരമേൽപ്പിച്ച് ദൈവബോധമുള്ളവരായി നിലകൊള്ളണം. സൃഷ്ടി പൂജകളിലേക്ക് വഴുതി വീഴാതിരിക്കാനുള്ള അടിസ്ഥാനം കൂടിയാണ് ഏകദൈവപ്രാർത്ഥന. സൃഷ്ടികളോട് പ്രാർത്ഥന നടത്തുകയാണെങ്കിൽ ഓരോ വിഭാഗവും അവരവരുടെ മഹാത്മാക്കളെ പുകഴ്ത്തുന്നതിലൂടെ മനുഷ്യരിൽ വിഭാഗീയതയും ചിദ്രതയും ഉടലെടുക്കുകയും വിദ്വേഷങ്ങളും പകയും അക്രമങ്ങളും താണ്ഡവമാടുകയും ചെയ്യും. ഇത്തരം ക്രൂരതകൾ കണ്ടുല്ലസിക്കാൻ ദുശ്ശക്തിയായ പിശാചും ആഗ്രഹിക്കുന്നു. മനുഷ്യരിൽ ഭൂരിഭാഗവും പിശാചിന് അടിമപ്പെട്ടതിന്റെ അവസ്ഥകളാണ് നാം ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുന്നത്. ശ്രീനാരായണഗുരു മനുഷ്യരെ ഏകീകരിപ്പിക്കാൻ ഉച്ചൈസ്തരം പ്രഖ്യാപിച്ചു: ഒരു ജാതി, ഒരു മതം, ഒരു ദൈവം. ഇത് ലോകത്തെ ഒന്നിപ്പിക്കുന്ന, ലോകം ആഗ്രഹിക്കുന്ന മന്ത്രമാണ്. (18:110, 2:113, 49:13). മനുഷ്യരെ നന്മയിലേക്ക് നയിക്കാൻ ദൈവം പല ഭാഷക്കാരിലേക്കും അയച്ച വേദഗ്രന്ഥങ്ങളിലുള്ളത് ഒരേ ആശയങ്ങളാണെന്ന് ഖുർആനിൽ വിവരിക്കുന്നുണ്ട്. (10:37,38,39,40,41, 12:111)

മുസ്ലിം സമുദായം 90 ശതമാനവും ഖുർആനിൽ നിന്ന് അകന്നാണെന്ന് ഖുർആൻ പഠിക്കുന്നവർക്ക് മനസ്സിലാക്കാൻ സാധിക്കും. ഖുർആന് പുറമെ ദൈവത്തിന്റെ പേരിൽ എഴുതിയുണ്ടാക്കിയ വ്യാജപ്രമാണങ്ങളിലൂടെ (2:79) പടുത്തുയർത്തിയ ഇസ്ലാമാണ് ഇന്നുള്ളത്. ഖുർആൻ എന്ന പ്രമാണത്തിനു പുറമെ ഒരു ഹദീസിലും വിശ്വസിക്കാൻ പാടില്ലെന്ന് അല്ലാഹു ഖുർആനിലൂടെത്തന്നെ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. (7:185, 45:6, 77:50) ബുഖാരി, മുസ്ലിം ഹദീസു ഗ്രന്ഥങ്ങൾ വ്യാജമാണെന്നത് പകൽവെളിച്ചം പോലെ സത്യമാണ്. മുസ്ലിം ലോകത്ത് ശിയാക്കളെന്ന വലിയ സമൂഹം ഉണ്ടല്ലോ. ഈ ശിയാക്കൾ സ്വീകരിക്കുന്ന ഹദീസുകൾ സുന്നികൾ സ്വീകരിക്കുന്നവയല്ല. ഇരുകക്ഷികളും ഖുർആനെ മാത്രം പ്രമാണമാക്കുന്നില്ല. ഇരുകക്ഷികളും ഹദീസുകളിലാണ് ഭിന്നിച്ചു നിൽക്കുന്നത്. നമസ്കാരം ശിയാക്കൾക്ക് മൂന്ന് നേരവും സുന്നികൾക്ക് അഞ്ച് നേരവും ആണ്. ഓരോ കക്ഷിയും മറുകക്ഷിക്കാർ പിഴച്ചവരാണെന്ന് മുദ്ര കുത്തുന്നു. എന്നാൽ ഖുർആനാകുന്ന ഗ്രന്ഥം ഈ കക്ഷികളുടെ പക്കലും ഒരേ പോലെ നിലകൊള്ളുന്നുണ്ട്. മഹൽഗ്രന്ഥമായ ഖുർആനെ കേവലം പുണ്യപാരായണ ഗ്രന്ഥമാക്കി തരംതാഴ്ത്തിക്കളഞ്ഞു. ഹദീസുകൾ പ്രമാണമാക്കിയതോടെ മുസ്ലിം സമുദായക്കാർക്ക് തന്നെ ഖുർആന്റെ മഹത്വം അറിയാതെ പോയി.

നമസ്കാരം ശിയാക്കൾക്ക് മൂന്ന് നേരവും സുന്നികൾക്ക് അഞ്ച് നേരവും ആണ്. ഓരോ കക്ഷിയും മറുകക്ഷിക്കാർ പിഴച്ചവരാണെന്ന് മുദ്ര കുത്തുന്നു. എന്നാൽ ഖുർആനാകുന്ന ഗ്രന്ഥം ഇരു കക്ഷികളുടെ പക്കലും ഒരേ പോലെ നിലകൊള്ളുന്നുണ്ട്. മഹൽ ഗ്രന്ഥമായ ഖുർആനെ അവർ കേവലം പുണ്യപാരായണ ഗ്രന്ഥമാക്കി തരം താഴ്ത്തിക്കളഞ്ഞു. ഹദീസുകൾ പ്രമാണമാക്കിയതോടെ മുസ്ലിം സമുദായക്കാർക്ക് തന്നെ ഖുർആന്റെ മഹത്വം അറിയാതെ പോയി.

ഹദീസുകൾ ഖുർആന്റെ വിശദീകരണങ്ങളാണെന്ന് ബുഖാരി, മുസ്ലിം ജല്പനപ്രകാരം പുരോഹിതർ ഏറ്റുപാടിയതോടെ ഹദീസുകളിൽ പഠിപ്പിക്കുന്ന വിഭാഗീയതയും മതമൗലികവാദങ്ങളും മറ്റുള്ളവരോട് സലാം പറയാൻ പാടില്ലെന്ന മത വിഭാഗീയത പഠിപ്പിക്കുന്ന ഹദീസുകളും മറ്റും ഖുർആന്റെ ആശയങ്ങളാണെന്ന് മുസ്ലിംകളും അമുസ്ലിംകളും ധരിക്കുന്നു. ഭീകരതയിൽ മുങ്ങിക്കുളിച്ച തടിയന്റവിട നസീറിനെ കോടതിയിൽ ജഡ്ജി ഉപദേശിച്ചതും ശ്രദ്ധേയമാണ്. ''നീ ഖുർആൻ മാത്രമേ പഠിച്ചിട്ടുള്ളൂ; ഇന്ത്യൻ ഭരണഘടനയും പഠിച്ചു നോക്കണം'' എന്നതാണത്. അപ്പോൾ മതേതരത്വത്തിന്റെ മാഹാത്മ്യം ഖുർആനിലില്ല എന്ന തെറ്റിദ്ധാരണയാണ് നമ്മുടെ രാജ്യത്തെ ഉന്നതന്മാർ പോലും നസീർമാരിലൂടെ മനസ്സിലാക്കുന്നത്. സർവ്വമത സത്യവാദത്തിന്റെയും ഏകീകരണത്തിന്റെയും സർവ്വഗുണങ്ങളുടെയും സംഗ്രഹമായ ഖുർആൻ (2:62, 5:69) തെറ്റിദ്ധരിക്കപ്പെടുന്നു.

മുസ്ലിം സമുദായത്തിൽ ഭീകരവാദികളും ക്രിമിനലുകളും വർഗീയതകളും വർദ്ധിച്ചു വരുന്ന സംഭവങ്ങളാണ് നാം മാധ്യമങ്ങളിലൂടെ കണ്ടുവരുന്നത്. ഒറ്റവാക്കിൽ പറയുകയാണെങ്കിൽ ഇതിനെല്ലാം കാരണം സമുദായം പ്രമാണമാക്കുന്ന ഹദീസുകളാണെന്നത് പകൽവെളിച്ചം പോലെ വ്യക്തമാണ്. അഞ്ച് നേരം നമസ്കരിക്കുന്നവർ എത്ര വലിയ കുറ്റങ്ങൾ ചെയ്താലും പൊറുക്കപ്പെടുമെന്നാണ് ഹദീസുകളിൽ പഠിപ്പിക്കുന്നത്. ഒരു പുഴയിൽ അഞ്ച് നേരം ഒരുത്തൻ കുളിക്കുകയാണെങ്കിൽ അവന്റെ ശരീരത്തിൽ ഒരു അഴുക്കും നിലനിൽക്കാത്തതുപോലെ തന്നെ അഞ്ച് നേരം നമസ്കരിച്ചാൽ എല്ലാ പാപങ്ങളും പൊറുക്കപ്പെടുമെന്നാണ് മുഹമ്മദ് നബി പഠിപ്പിച്ചത് എന്നാണ് പുരോഹിതന്മാർ പ്രചരിപ്പിക്കുന്നത്. പുരുഷന്മാർ താടിയുള്ളവരായാൽ 24 മണിക്കൂറും പുണ്യങ്ങൾ ഫ്രീയായി കിട്ടിക്കൊണ്ടിരിക്കുന്നുവെന്ന് പഠിപ്പിക്കുന്നു. എന്നാൽ സ്ത്രീകൾക്ക് താടിരോമം വരാത്തത് അവരുടെ കുറ്റമല്ലല്ലോ. അവർക്കും താടിരോമത്തിന് പകരം വല്ല രോമങ്ങൾക്കും പുണ്യങ്ങൾ കിട്ടാൻ ഹദീസിൽ ഓഫർ ചെയ്യാൻ മറന്നുപോയതെന്താണ് എന്ന ചോദ്യം ഉന്നയിച്ചാൽ മറുപടിയില്ല. പുരുഷമേധാവിത്വത്തിന് ഇത്തരം വാഗ്ദാനങ്ങളൊന്നും ഖുർആനിൽ കാണാൻ സാധ്യമല്ല. ഹദീസുകളിലൂടെ മെനഞ്ഞുണ്ടാക്കുന്ന കഥകളാണ് മറ്റു സമുദായക്കാരും നിരീശ്വരവാദികളും മുസ്ലിംകളിൽ കണ്ടുപിടിക്കുന്ന ന്യൂനത. എന്നാൽ മുസ്ലിംകളിൽ തന്നെയുള്ള മഹാഭൂരിഭാഗക്കാർക്കും ഖുർആൻ അവതരിപ്പിക്കുന്ന ലളിതസുന്ദരമായ ഇസ്ലാം അറിയില്ല എന്നതാണ് ദുഃഖകരം. ഖുർആൻ കേവലം പാരായണത്തിനു വേണ്ടി മാത്രം ഉപയോഗിച്ചാൽ മതിയെന്ന പുരോഹിതജല്പനങ്ങളിലാണ് മുസ്ലിം ജനകോടികൾ അകപ്പെട്ടുകിടക്കുന്നത്. ഖുർആൻ മാനുഷിക- സദാചാര-ധാർമ്മികമൂല്യങ്ങളുടെ നിയമപ്രമാണമല്ലെന്ന തെറ്റായ ധാരണയിൽ ജനകോടികളെ പുരോഹിതർ എത്തിച്ചു. ഒരു മുസ്ലിം മരണസമയത്ത് ലാഇലാഹഇല്ലല്ലാഹ് എന്ന് ചൊല്ലിയാൽ അവൻ കട്ടാലും, എന്ത് അതിക്രമങ്ങൾ ചെയ്താലും സ്വർഗത്തിലാണെന്ന് ഹദീസുകളിലൂടെ പഠിപ്പിക്കുന്നു. ഖുർആനെ മലിനപ്പെടുത്തുന്ന പൊള്ള വചനങ്ങളാണ് സമുദായത്തെ പഠിപ്പിച്ചുകൊണ്ടിരിക്കുന്നത്. ഖുർആനാണ് ഏറ്റവും നല്ല ഹദീസുകൾ. (39:23) ഖുർആൻ കൈവിട്ടതിന്റെ പേരിലാണ് സമുദായം ഭൂരിഭാഗവും പരലോകത്ത് നഷ്ടകാരികളിൽ പെട്ടുപോകാൻ ഇടയായതെന്ന മുഹമ്മദ് നബിയുടെ വിലാപം അല്ലാഹു വരച്ചുകാട്ടുന്നുണ്ട്. (25:30)

'ലാഇലാഹഇല്ലല്ലാഹ്' എന്ന ദൈവത്തിന്റെ ഏകത്വത്തിന്റെ വചനം ലോകക്രൂരനെന്ന് ഖുർആൻ പരിചയപ്പെടുത്തിയ ഫിർഔൻ മരണസമയത്ത് ചൊല്ലിയതും താൻ മുസ്ലിമായി എന്നു പ്രഖ്യാപിച്ചതും അല്ലാഹു എടുത്തു പറയുന്നുണ്ട്. (10:90) ഈ വാക്യം ഫിർഔന് ചൊല്ലാൻ സാധിച്ചെങ്കിൽ ഏത് ക്രൂരനും ചൊല്ലാൻ സാധിക്കും എന്നാണല്ലോ ഖുർആൻ പഠിപ്പിക്കുന്നത്. എന്നാൽ അല്ലാഹു ഫിർഔനിനോടും മറ്റുള്ളവരോടും പറഞ്ഞത് ചൊല്ലലിലല്ല; ഏകദൈവ വിശ്വാസത്തിലൂടെയുള്ള സൽപ്രവൃത്തിയിലാണ് ദൈവം മനുഷ്യരെ പരീക്ഷിക്കുന്നത് എന്നാണ് (95:6, 98:7, 67:2) സൽപ്രവൃത്തിക്ക് മനുഷ്യരെ പ്രേരിപ്പിക്കുന്ന നൂറുകണക്കിന് ഖുർആൻ വചനങ്ങൾ ഉണ്ടായിരിക്കെ യുക്തിക്ക് നിരക്കാത്ത, പൊള്ള വാഗ്ദാനങ്ങളടങ്ങിയ ഹദീസുകളെ മതപ്രമാണമാക്കിയതിനാലുള്ള ഭീകരതകളാണ് നാം കണ്ടത്. കേവലം ജപമാലയിൽ കെട്ടിത്തൂക്കിയ ജഡമായാണ് ഹദീസുകളിലൂടെ ഇസ്ലാമിനെ ബുദ്ധിയുള്ളവർക്ക് മനസ്സിലാക്കാൻ സാധിക്കുക. എന്നാൽ നാം മനസ്സു തുറന്ന്

മതമൗലികവാദങ്ങളില്ലാതെ സർവ്വമനുഷ്യരെയും ഒരേപോലെ കാണണമെന്ന് പഠിപ്പിച്ച ഖുർആന്റെയും ഭഗവദ്ഗീതയുടെയും ബൈബിളിന്റെയും സത്യങ്ങൾ മനസ്സിലാക്കാൻ മതമൗലികവാശിയില്ലാതെ ശ്രമിക്കുകയാണെങ്കിൽ ദൈവത്തിന്റെ സ്വന്തം മനുഷ്യലോകത്തെ നമുക്ക് ദർശിക്കാൻ സാധിക്കും. നാം ഇതിനുവേണ്ടി ആശയപ്പോരാട്ടം നടത്തുക. ഇതിനുവേണ്ടി മാനവരാശി നിലകൊള്ളുകയാണെങ്കിൽ മതവിദ്വേഷമോ വർഗ്ഗീയതയോ വൈരാഗ്യമോ ജാതീയതയോ പകയോ കൊലപാതകങ്ങളോ ഉണ്ടാവില്ല. ഉണ്ടാവാൻ പാടില്ല. പണക്കാരേയും പാവങ്ങളേയും നീതിതുല്യമായി സ്നേഹിക്കുന്ന സർവ്വപരിപാലകനായ ദൈവത്തോടു മാത്രം പ്രാർത്ഥിക്കുകയാണെങ്കിൽ നാം തന്റേടിയും നിർഭയരുമാവുന്നതാണ്. (2:186, 72:2) ഇസ്‌ലാം മതത്തെ ഖുർആനിലൂടെത്തന്നെ നാം പഠിക്കുക.

മതത്തിന്റെ സകല കാര്യങ്ങളും ഖുർആനിലൂടെ ജനത്തിനായി വിശദീകരിച്ചിട്ടുണ്ടെന്ന് സർവ്വരക്ഷകൻ അവകാശപ്പെടുമ്പോൾ പുരോഹിതർ ഭൂരിഭാഗവും അല്ലാഹുവിന്റെ അവകാശവാദത്തെ നിഷേധിക്കുന്ന ദുരവസ്ഥയാണ് കാണാൻ സാധിക്കുന്നത്. ഖുർആന്റെ നിയമം സ്വീകരിക്കാത്തവർ നിഷേധിയും അക്രമിയും തെമ്മാടിയുമാണെന്ന് അല്ലാഹു പ്രഖ്യാപിച്ചിട്ടും ഒരു കൂസലുമില്ലാതെ പുരോഹിതർ ഖുർആൻ വിരുദ്ധ ഹദീസുകളാൽ മുസ്‌ലിം ജനതയെ വീർപ്പുമുട്ടിക്കുന്നു. (5:49, 44, 45, 47) ഖുർആനിൽ അല്ലാഹു വിശ്വാസികൾക്ക് വേണ്ടി പഠിപ്പിച്ച നാല് ഫർളുകളിൽ ഒറ്റ ഫർളും ഇസ്‌ലാമിന്റെ പേരിൽ ഫർളുകൾ പഠിപ്പിച്ച ഹദീസുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. (2:236, 4:11, 9:60, 28:85). അല്ലാഹുവിന്റെ ഏറ്റവും നല്ല ഹദീസുകളായ (39:23) ഖുർആൻ കൊണ്ട് മുഹമ്മദ് നബി ജനത്തെ ഉൽബോധിപ്പിക്കണമെന്ന് പഠിപ്പിച്ച ഖുർആന് പകരം (50:45, 6:19) പല കെട്ടുകഥകളും നബിചര്യ എന്ന പേരിൽ നിലനിർത്തണമെന്ന വാശിക്കാരാണ് ഹദീസ് പുരോഹിതർ. മുഹമ്മദ് നബി യുദ്ധക്കൊതിയനാണെന്നും തോന്നിയതുപോലെ പെണ്ണുകെട്ടുകാരനാണെന്നും മറ്റു സമുദായക്കാരോട് രക്ഷയുടെ വചനമായ 'സലാം' പോലും പറയാൻ പാടില്ലെന്നും പ്രചരിപ്പിക്കുകയും പഠിപ്പിക്കുകയും ചെയ്തവരാണ് ബുഖാരിയും മുസ്‌ലിമും.

അല്ലാഹു പഠിപ്പിച്ച ഖുർആന്റെ ലളിതസുന്ദരങ്ങളായ ആശയങ്ങൾ പൊതുജനം അറിയാൻ പാടില്ലെന്ന ദുർവാശിയിലാണല്ലോ ഖുർആൻ പരിഭാഷ ഹറാമാണെന്ന വാദം ഹദീസ് പുരോഹിതരിൽ മുമ്പുണ്ടായിരുന്നത്. ചില മൗലവിമാർ ഖുർആൻ പരിഭാഷകൾ എതിർപ്പിനെ അവഗണിച്ച് പുറത്തിറക്കി. പരിഭാഷകളിലൂടെ സാധാരണക്കാർ ഇസ്‌ലാമിന്റെ ലളിതസുന്ദരമായ സത്യങ്ങൾ മനസ്സിലാക്കിത്തുടങ്ങി. അതോടൊപ്പം ഹദീസു പരിഭാഷകളും ഇറങ്ങിയതോടെ അല്ലാഹു ഖുർആനിൽ പറഞ്ഞതു പോലെ (7:185, 45:6, 77:50) ഹദീസുകളുടെ പൊള്ളത്തരങ്ങളും കെട്ടുകഥകളും ഹദീസുകളുടെ രംഗപ്രവേശലക്ഷ്യങ്ങളും മനസ്സിലാക്കാനും സാധാരണക്കാർക്ക് അവസരമുണ്ടായി. ഇതോടെ ഇസ്‌ലാമിന്റെ യഥാർത്ഥ വശങ്ങൾ മനസ്സിലാക്കാനും ഉൾക്കൊള്ളാനും അവർക്ക് സാധിച്ചു. ഖുർആനിൽ ആറായിരത്തിൽപരം വചനങ്ങളാണ് ഉള്ളത്. അവയിൽ വളരെക്കുറച്ച് വചനങ്ങളെയാണ് ഹദീസുകളിൽ വിശദീകരണം എന്ന വ്യാജേന എഴുതിപ്പിടിപ്പിച്ചത്. ചില പദങ്ങളുടെ അർത്ഥങ്ങൾ തെറ്റിച്ചിട്ടുണ്ടെങ്കിലും സാധാരണക്കാർക്ക് ഖുർആനെ മനസ്സിലാക്കിക്കിട്ടാൻ പ്രയാസമില്ല. പക്ഷേ പുരോഹിതന്മാർ ഖുർആന്റെ മലയാളപരിഭാഷപോലും സാധാരണക്കാർക്ക് മനസ്സിലാവില്ലെന്ന് തെറ്റിദ്ധരിപ്പിക്കാൻ ഇന്നും പാടുപെടുന്നുണ്ട്. ഇസ്‌ലാമിന്റെ സകല കാര്യങ്ങളും ഖുർആനിലൂടെ സ്വതന്ത്രമായി സാധാരണക്കാർക്ക് മനസ്സിലാക്കാം എന്ന അവസ്ഥയുണ്ടായാൽ പൗരോഹിത്യത്തിന്റെ ചീട്ടുകൊട്ടാരം തകർന്നടിയുമോ എന്ന ആശങ്ക മൗലവിമാർക്ക് ഉണ്ടാവുമല്ലോ.

പുരോഹിതരുടെ ചില കടുത്ത വഞ്ചനകളും നാം അറിയേണ്ടതുണ്ട്. ചില പുരോഹിതർ മറ്റു സമുദായക്കാരോട് സംവാദം നടത്താറുണ്ടല്ലോ. സംവാദത്തിന് ശേഷം അവരുടെ പണ്ഡിതന്മാർക്ക് ഇസ്‌ലാമിന്റെ പൂർണ്ണപ്രമാണമെന്ന നിലയ്ക്ക് ഖുർആൻ പരിഭാഷ കൈമാറാറുണ്ട്. സ്വന്തം അനുയായികളോടും മറ്റും ഇസ്‌ലാംകാര്യങ്ങൾ പൂർണ്ണമായി ഖുർആനിൽ നിന്ന് കിട്ടില്ലെന്ന് പറഞ്ഞ് വഞ്ചിക്കുകയാണല്ലോ ഇവർ ചെയ്യുന്നത്. അങ്ങനെയെങ്കിൽ ഇങ്ങനെയുള്ള 'അപൂർണ്ണമായ' ഖുർആൻ കൈമാറിയിട്ട് അവരെയും വഞ്ചിക്കേണ്ടതുണ്ടോ? അല്ലെങ്കിൽ ഈ ഖുർആന് പുറമെ ലോഡ് കണക്കിന് ഹദീസ് കിതാബുകളും മദ്ഹബീ കിതാബുകളും പിന്നാലെ അയക്കുന്നുണ്ട് എന്ന് പറയേണ്ടതല്ലേ? ഇസ്‌ലാമിൽ പുണ്യകേന്ദ്രങ്ങളൊന്നുമില്ലെന്ന് ഖുർആൻ ചിന്തിച്ചു പഠിക്കുന്നവർക്ക് മനസ്സിലാക്കാവുന്നതാണ്. പുണ്യം തരുന്ന ഏകകേന്ദ്രം സർവ്വജ്ഞനായ അല്ലാഹു മാത്രമാണ്. (2:186) അല്ലാതെ 'പുണ്യകേന്ദ്രം' നിലനിൽക്കുന്ന പ്രദേശത്തെ നാട്ടുകാർക്ക് മരണം വരെ പുണ്യങ്ങൾ വാരിക്കൂട്ടാനുള്ള അവസരം ഉണ്ടാക്കുക എന്നത് സർവ്വനീതിമാനായ അല്ലാഹു ചെയ്യുന്ന നീതി ആകുമോ? ദൂരസ്ഥലങ്ങളിൽ നിന്ന് പണമുള്ളവ ർക്കേ മക്കയിലെ മസ്ജിദുൽ ഹറാമും കഅ്ബയും മറ്റും സന്ദർശിക്കാൻ സാധിക്കൂവെന്നതിനാൽ അല്ലാഹു കഴിവില്ലാത്തവരോട് ചെയ്യുന്നത് നീതിയുക്തമാണോ എന്ന് ചിലർ ചിന്തിക്കുകയാണെങ്കിൽ അവരെ കുറ്റം പറയാൻ പറ്റുമോ? ഇത്തരം അനീതി നിറഞ്ഞ മതാചാരങ്ങൾ

**അല്ലാഹു പഠിപ്പിച്ച ഖുർആന്റെ ലളിതസുന്ദരങ്ങളായ ആശയങ്ങൾ പൊതുജനം അറിയാൻ പാടില്ലെന്ന ദുർവാശിയിലാണല്ലോ ഖുർആൻ പരിഭാഷ ഹറാമാണെന്ന് ഹദീസ് പുരോഹിതർ പ്രചരിപ്പിച്ചത്. ചില മൗലവിമാർ എതിർപ്പിനെ അവഗണിച്ച് ഖുർആൻ പരിഭാഷകൾ പുറത്തിറക്കി. പരിഭാഷകളിലൂടെ സാധാരണക്കാർ ഇസ്‌ലാമിന്റെ സുന്ദരമായ സത്യങ്ങൾ മനസ്സിലാക്കിത്തുടങ്ങി. അതോടൊപ്പം ഹദീസു പരിഭാഷകളും ഇറങ്ങിയതോടെ ഹദീസുകളുടെ പൊള്ളത്തരം മനസ്സിലാക്കാനും സാധാരണക്കാർക്ക് അവസരമുണ്ടായി.**

കണ്ടിട്ടാവാം ''മതം മനുഷ്യനെ മയക്കുന്ന കറുപ്പാണ്'' എന്ന് ചിലർ പറയാൻ കാരണമായത്.

ഇസ്‌ലാം എന്താണ്; അതായത് ദൈവിക സമർപ്പണം എന്താണ്, എങ്ങനെയാണെന്ന് പഠിപ്പിച്ച ഖുർആൻ കേവലം മുസ്‌ലിം സമുദായത്തിന് വേണ്ടി മാത്രം ഒതുക്കിയ ഗ്രന്ഥമല്ല. അത് പ്രപഞ്ചമാസകലം വികസിച്ചു കിടക്കുന്ന മനുഷ്യരുടെ ജീവിതസന്ദേശതത്വശാസ്ത്രമാണ്. ഖുർആൻ സംസാരിക്കുന്നത് ഒരു വിഭാഗത്തോടു മാത്രമല്ല. തുടക്കം മുതലുള്ള പ്രഖ്യാപനങ്ങൾ തന്നെ മനുഷ്യസമൂഹത്തോടാണ്. (2:21) ആദ്യമായി സ്രഷ്ടാവിനെ പരിചയപ്പെടുത്തിയ ശേഷം ആരോഗ്യശാസ്ത്രം സംബന്ധിച്ചാണ് ഉണർത്തുന്നത്. കാരണം ആരോഗ്യമുള്ള ജനതയെ ആരോഗ്യപരമായിത്തന്നെ ഉപദേശിക്കണമെന്നത് ദൈവത്തിന്റെ നീതിയാണല്ലോ. ഇസ്‌ലാം ജനകീയമാണ്. സകലകാര്യങ്ങളും മൊത്തത്തിലുള്ള ജനത്തോടാണ് ഖുർആൻ പ്രഖ്യാപിക്കുന്നതെങ്കിൽ ഹജ്ജെന്ന വിഷയവും മൊത്തം ജനത്തോടു തന്നെയാണ് പ്രഖ്യാപിച്ചത്. (3:96, 97) അത് മുസ്‌ലിം സമൂഹത്തിന് മാത്രമുള്ള ഹജ്ജാക്കി മാറ്റിമറിക്കുകയാണുണ്ടായത്. ഹജ്ജ് ജനത്തിനു വേണ്ടിയുള്ളതാണെന്ന് ഖുർആനിൽ പ്രഖ്യാപിച്ചാൽ പിന്നെയെങ്ങനെയത് കേവലം മുസ്‌ലിംകൾക്കുള്ള ആചാരമായി ചുരുങ്ങി? അപ്പോൾ ഈ വിഷയത്തിൽ ഗുരുതരമായ പിഴവ് വന്നിട്ടുണ്ട്. ഖുർആൻ പറഞ്ഞ ഹജ്ജ് അല്ല ഇന്ന് നടക്കുന്നത് എന്നത് പകൽ വെളിച്ചം പോലെ വ്യക്തമാണ്.

ഖുർആനെന്ന ഏകപ്രമാണത്തെ ശ്രദ്ധിക്കാതിരിക്കാൻ പരിഭാഷകളിൽ ധാരാളം കുതന്ത്രങ്ങൾ നടത്തിയിട്ടുണ്ട്. ഏതാനും ചിലത് മാത്രം വിവരിക്കാം. സ്വന്തം മക്കളെ തിരിച്ചറിയും പോലെ ഇതിനെ (ഖുർആനെ) തിരിച്ചറിയാം എന്ന ഖുർആൻ വചനത്തെ പരിഭാഷയിൽ 'അദ്ദേഹത്തെ' എന്നാക്കി അട്ടിമറിച്ചു. (2:146). വ്യക്തമായ പ്രകാശമായും തെളിവായും ഗ്രന്ഥത്തെ ദൈവം തന്നിരിക്കുന്നു; അതുകൊണ്ട് ഇതിനെ മുറുകെ പിടിക്കുക എന്നതിനെ 'അവനെ' മുറുകെ പിടിക്കുക എന്നാക്കി അട്ടിമറിച്ചു. (4:174, 175) നിങ്ങൾക്ക് അല്ലാഹു ഇറക്കിത്തന്ന ഗ്രന്ഥത്തെ മിത്രമായി പിമ്പറ്റണമെന്നും ഇതല്ലാത്തതിനെ മിത്രമാക്കരുതെന്നും പറഞ്ഞതിനെ 'അവനെയല്ലാതെ' പിമ്പറ്റരുത് എന്നാക്കി അട്ടിമറിച്ചു. (7:23) നിങ്ങൾക്കു മീതെ എന്നെന്നും ഉയർന്നു നിൽക്കുന്നത് (തൂർ) സംബന്ധിച്ച് കരാർ വാങ്ങിയത് ശ്രദ്ധിക്കുക; അതുകൊണ്ട് നാം നൽകിയതിനെ (ഖുർആനെന്ന വേദത്തെ) മുറുകെ പിടിച്ചു കൊൾക എന്നതിനെ 'പർവ്വതത്തെ' എന്നാക്കി അട്ടിമറിച്ചു. (2:93) പർവ്വതത്തെ എങ്ങനെയാണ് മനുഷ്യർക്ക് മുറുകെ പിടിക്കാൻ സാധിക്കുക? ഇത്തരം ദുർവ്യാഖ്യാനങ്ങളിലൂടെ ദൈവത്തിന്റെ മഹത്തായ ഗ്രന്ഥത്തെ അട്ടിമറിക്കുകയാണ് ബുഖാരി, മുസ്‌ലിം ഹദീസുകളുടെ ലക്ഷ്യം. മുഹമ്മദ് നബിയുടെ സമൂഹത്തെ അക്ഷരജ്ഞാനമില്ലാതാക്കാൻവരെ ഹദീസുകളിലൂടെ വല്ലാത്ത തിരിമറികൾ നടത്തിയതായി കാണാം. വായിക്കുകയും പേന കൊണ്ട് പഠിപ്പിക്കുകയും ചെയ്തു എന്ന് അല്ലാഹു ഖുർആനിലൂടെ അവകാശപ്പെടുമ്പോൾ ഖുർആന്റെ കല്പനകൾ ആദ്യമായി പ്രാവർത്തികമാക്കേണ്ടത് മുഹമ്മദ് നബിയാണല്ലോ. ആ മഹാനായ മുഹമ്മദ് നബിക്ക് മരണംവരെ എഴുതാൻ അറിഞ്ഞിരുന്നില്ല എന്ന് കഴിവിന്റെ പരമാവധി പ്രചരിപ്പിക്കലായിരുന്നു ബുഖാരി, മുസ്‌ലിം ഹദീസുകളുടെ ലക്ഷ്യം. മുഹമ്മദ് നബിക്ക് ഖുർആൻ ലഭിക്കുന്നതിനു മുമ്പ് അദ്ദേഹം എഴുതിയിരുന്നില്ല. (ശേഷം എഴുതുന്നുണ്ട്. 29: 48) മാത്രവുമല്ല ഖുർആനിലെ 68–ാം അധ്യായം തന്നെ പേനയുടെ അഥവാ എഴുത്തിന്റെ മാഹാത്മ്യമാണല്ലോ പറയുന്നത്. മുഹമ്മദ് നബി ഖുർആൻ വചനങ്ങൾ ഓതിക്കേൾപ്പിച്ച് അവരെ എഴുതിപ്പഠിപ്പിച്ച് സംസ്കാരസമ്പന്നരാക്കുന്നു എന്ന ഖുർആൻ വചനത്തെ കേവലം വായിച്ചു പഠിപ്പിക്കുന്നു എന്നാക്കി തകിടം മറിച്ച് വിശ്വാസി സമൂഹത്തെ അക്ഷരം പഠിപ്പിക്കൽ നബിയുടെ സുന്നത്തു പോലുമല്ലെന്ന് പുരോഹിതന്മാർ ഖുർആൻ പരിഭാഷകളിൽ എഴുതിപ്പിടിപ്പിച്ചു.

പൗരോഹിത്യത്തിന്റെ വലയിൽ നിന്ന് രക്ഷപ്പെട്ട് ഖുർആൻ പഠിക്കാൻ ശ്രമിക്കുക.

⊖

بسم الله الرحمن الرحيم

# ‘ബിസ്മില്ലാഹി’യുടെ അർഥത്തിലും വ്യാഖ്യാനത്തിലും അട്ടിമറിയുണ്ടോ?

**ഡോ. എം. അബ്ദുൽ ജലീൽ**

abduljaleel1960@hotmail.com

വിശുദ്ധ ഖുർആനിലെ പ്രധാനപ്പെട്ട ഒരു സൂക്തമാണല്ലോ പ്രാരംഭവചനമായ ‘ബിസ്മില്ലാഹിർറഹ്മാനിർറഹീം.’ തൗബ എന്ന അധ്യായമൊഴികെ ഖുർആനിലെ എല്ലാ അധ്യായങ്ങളുടെ തുടക്കത്തിലും ആ ബിസ്മി നമുക്ക് കാണാം. ഖുർആന്റെ ചിഹ്നവും ഇസ്‌ലാമിന്റെ മുഖമുദ്രയുമാണ് പ്രസ്തുത സൂക്തം. ‘അത്യുദാരനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ’ എന്നാണ് അതിന് സുന്നീ-ശിയാ പണ്ഡിതന്മാർ ആയിരത്തിലധികം കൊല്ലമായി അർഥം പറഞ്ഞു വരുന്നത്.

ഇത്രയും കാലം നാം ഉരുവിട്ടു പഠിച്ചതും സുന്നികളിലെയും ശിയാക്കളിലെയും മുന്നൂറിലധികം വരുന്ന സംഘടനകളിലെ നിഷ്കളങ്കരായ വിശ്വാസികൾ ആദരവോടെ തങ്ങളുടെ ജീവിതത്തിന്റെ സമസ്ത മേഖലയിലും ഉരുവിടുന്നതുമായ ആ ബിസ്മിയുടെ അർഥത്തിലും ഗുരുതരമായ ദുർവ്യാഖ്യാനം നിലനിർത്താൻ ശ്രമിച്ചിട്ടുണ്ട് എന്നാണ് നമുക്ക് അനുഭവപ്പെടുന്ന പുതിയ ഒരു ദുഃഖസത്യം. ആ ദുർവ്യാഖ്യാനത്തിലേക്ക് ഖുർആൻ വിശ്വാസികളുടെയും പണ്ഡിതന്മാരുടെയും ശ്രദ്ധക്ഷണിക്കുക എന്നതാണ് ഈ ലേഖനത്തിന്റെ ഉദ്ദേശ്യം.

ഖുർആനെയും മുഹമ്മദ് നബിയെയും പറ്റെ അവഗണിച്ച് അഹ്‌ലുസ്സുന്നത്തുവൽ ജമാഅത്ത് എന്ന പാരമ്പര്യമതമുണ്ടാക്കുകയും ആ ആചാരമതത്തിന്റെ മുഖമുദ്രയായി ഖുർആൻ വിരുദ്ധമായ, അമ്പതിലധികം തെറ്റുകളുള്ള കേവലനമസ്കാരരൂപവും ബാങ്കുമൊക്കെ ഉണ്ടാക്കുകയും ഈ ഇസ്‌ലാം വിരുദ്ധ നമസ്കാരത്തിൽ ഖുർആന്റെ മുഖമുദ്രയായ ‘ബിസ്മി’ പതുക്കെ ഓതണമെന്നും അതേ സമയം ഖുർആനിൽ എവിടെയും കാണാത്ത, നബി തിരുമേനി പഠിപ്പിക്കാത്ത ആമീൻ (So be it) എന്ന ജൂത പൗരോഹിത്യമന്ത്രം ഉറക്കെ ഉരുവിടണമെന്നും നിയമമാക്കിയവരാണ് അറേബ്യൻ സുന്നികൾ. അവർ ‘ബിസ്മില്ലാഹി’യുടെ അർഥവും തന്ത്രപൂർവ്വം നമ്മിൽ നിന്ന് മറച്ചുവെച്ചതിൽ എന്താണൽഭുതപ്പെടാനുള്ളത്? പാപികളായ, കുഞ്ഞാടുകളായ ഞങ്ങൾക്ക് ദൈവത്തിനോട് നേരിട്ട് സംസാരിക്കാനോ പ്രാർഥിക്കാനോ ഉള്ള യോഗ്യതയില്ല. അതുകൊണ്ട് എന്താണോ അച്ചനും പാതിരിയും മൊല്ലാക്കയും പറയുന്നത്, അതിന് ആമീൻ പറയുന്നു. അത് സ്വീകരിക്കണേ, അപ്രകാരം സംഭവിക്കണേ (So be it) എന്നാണ് ആമീന്റെ അർഥം. ‘ഫത്ഹുൽബാരി’യുടെ കർത്താവായ ഇബ്നുഹജറുൽ അസ്ഖലാനിയും ബുഖാരിയുടെ വ്യാഖ്യാനത്തിൽ ആ അർഥം പരാമർശിച്ചിട്ടുണ്ട്.

‘ബിസ്മില്ലാഹി’ എന്നതിന് ‘ദൈവനാമത്തിൽ’ (ബി+ഇസ്മില്ലാഹി) എന്നും ‘ദൈവത്തിന്റെ അടയാളത്തിൽ’ (അല്ലാഹുവിന്റെ പ്രതീകമായിക്കൊണ്ട്) എന്നും അർഥം വെക്കാവുന്നതാണ്. ഖുർആനിലെ 96:1, 2, 48:29



വചനങ്ങൾ ഒരു അറബി ഭാഷാപണ്ഡിതന്റെ സഹായത്തോടെ ശ്രദ്ധിച്ചു പഠിക്കുക. അറബി ഭാഷയിൽ 'സിമത്' (സിമ; സമ) എന്ന പദത്തിന് അടയാളം എന്ന അർഥമുണ്ട്. പേരിടലും പേരും (ഇസ്മ്) ഒരു അടയാളം വെക്കൽ തന്നെയാണല്ലോ. 'ഇസ്മ്' = 'നാമം' എന്ന അർഥത്തിൽ 'ബിസ്മില്ലാഹി' എഴുതുമ്പോൾ 'ബ'ക്കു ശേഷം അലിഫ് ഇടണം എന്നത് അറബി ഭാഷാ വ്യാകരണ നിയമമാണ്. ഉദാഹരണം ഖുർആൻ 96:1 (ഇഖ്റഅ് ബിസ്മി റബ്ബിക്ക) ശ്രദ്ധിക്കുക. എന്നാൽ വിശുദ്ധ ഖുർആനിലെ ബിസ്മിയിലെ അലിഫ് എന്തുകൊണ്ട് മറഞ്ഞിരിക്കുന്നു എന്നതിന് ശാസ്ത്രീയമായ ഒരു വിശദീകരണമാണ് നമുക്ക് വേണ്ടത്; അല്ലാതെ പൂർവ്വികരുടെ വിവരക്കേടോ 1400 വർഷത്തിന്റെ പാരമ്പര്യമോ അല്ല. ദൈവനാമം വെറുതെ യാന്ത്രികമായി നാവുകൊണ്ട് ഉരുവിടുന്നതോ അതോ ദൈവത്തിന്റെ അടയാളമായി (പ്രതീകമായി) വർത്തിക്കുന്നതോ ഏതാണ് ഉത്തമമായ അർഥവും വ്യാഖ്യാനവും എന്ന് വിശ്വാസികൾക്ക് പറഞ്ഞ് മനസ്സിലാക്കിത്തരിക.

അത്യുദാരനും കരുണാനിധിയുമായ അല്ലാഹുവിന്റെ അടയാളമായിക്കൊണ്ട് (ദൈവത്തിന്റെ പ്രതീകമായിക്കൊണ്ട്; ഞാൻ ഈ വേദപാരായണം ആരംഭിക്കുന്നു) എന്നാണ് 'ബിസ്മി'യുടെ ശരിയായ അർഥം.

## അല്ലാഹുവിന്റെ അടയാളമാവുക എന്നതിന്റെ വിവക്ഷയെന്ത്?

അളവറ്റ ദയാപരനും കരുണാനിധിയുമായ മഹാ പ്രതിഭാസമാണ് അല്ലാഹു. അവന്റെ കാരുണ്യം നമ്മെ എപ്പോഴും പൊതിഞ്ഞു നിൽക്കുന്നു. കരുണചെയ്യുക എന്നത് ബാധ്യതയായി അവൻ സ്വയം ഏറ്റെടുത്തിരിക്കുന്നു. (6:154, 6:133,1:1, 114:1,11:6, 15:20, 51:58) അങ്ങനെ അത്യുദാരനും കരുണാനിധിയുമായ (റഹ്മാനും റഹീമുമായ) വ്യവസ്ഥിതിയായാണ്, മഹാ പ്രതിഭാസമായാണ്; മഹാ ശക്തിയായാണ് ഖുർആനിലെ ആയിരക്കണക്കിന് സൂക്തങ്ങളിലൂടെ അല്ലാഹു നമുക്ക് സ്വയം പരിചയപ്പെടുത്തിത്തരുന്നത്. (2:30, 38:26, 32:9, 15:29, 38:72, 57:1-6, 50:6-16, 2:255, 13:33, 33:72)

അങ്ങനെയുള്ള അത്യുദാരനും കരുണാനിധിയുമായ ദൈവത്തിന്റെ പ്രതിനിധിയാണ് ഓരോ മനുഷ്യനും എന്നു ഖുർആൻ സാക്ഷ്യപ്പെടുത്തുന്നു. അവൻ ഭൂമിയിൽ നമ്മെ അവന്റെ പ്രതിനിധിയാക്കിയിരിക്കുന്നു. ഓരോ മനുഷ്യനിലും ദൈവത്തിന്റെ അംശവും പ്രാതിനിധ്യവുമുണ്ട്. അല്ലാഹുവിന്റെ മാത്രം കുത്തകയായ സൃഷ്ടി-സ്ഥിതി-സംഹാരം ഒരു പരിധിവരെ ഭൂമിയിൽ നടപ്പാക്കാൻ അനുവാദം ലഭിച്ച-അതിനു കഴിവുള്ള-ഈ പ്രപഞ്ചത്തിലെ ഇന്നറിയപ്പെടുന്ന ഒരേയൊരു ജീവി ദൈവത്തിന്റെ പ്രതിനിധിയായ മനുഷ്യൻ മാത്രമാകുന്നു. അല്ലാഹുവിന്റെ ഖലീഫ എന്ന വിശേഷണത്തിലൂടെ കുറെ ഭാരിച്ച ഉത്തരവാദിത്തങ്ങളാണ് ദൈവം മനുഷ്യനുമേൽ അടിച്ചേൽപ്പിക്കുന്നത്. അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് ഓരോരുത്തരും അല്ലാഹുവിന്റെ ഗുണങ്ങൾ വിളംബരം ചെയ്യുന്ന അടയാളമാകണം (ചിഹ്നമാകണം)

ഇത്രയും കാലം നാം പഠിച്ചതും സുന്നികളിലെയും ശിയാക്കളിലെയും മുന്നൂറിലധികം വരുന്ന സംഘടന കളിലെ നിഷ്കളങ്കരായ വിശ്വാസികൾ ആദര വോടെ തങ്ങളുടെ ജീവിതത്തിന്റെ സമസ്ത മേഖലയിലും ഉരുവിടുന്നതു മായ ബിസ്മിയുടെ അർഥത്തിൽ ഗുരുതരമായ ദുർവ്യാഖ്യാനം നിലനിർ ത്താൻ ശ്രമിച്ചിട്ടുണ്ട് എന്നാണ് നമുക്ക് അനുഭവപ്പെടുന്നത്.



എന്നത്. ഈ ഭൂമിയിൽ ദൈവത്തെപ്പോലെയാവാൻ ആർക്കും പറ്റില്ല. (112:4) എങ്കിലും ദൈവത്തിന്റെ ഗുണങ്ങളുടെ പ്രതീകമായും പ്രതിരൂപമായും ഓരോ മനുഷ്യനും വർത്തിക്കണം എന്നതാണ് പ്രസ്തുത വചനത്തിന്റെ താൽപ്പര്യം. അല്ലാതെ അല്ലാഹുവിന്റെ നാമങ്ങൾ (അസ്മാഉൽഹുസ്നാ) വെറുതെ നാവുകൊണ്ട് ഉരുവിട്ടതു കൊണ്ട് കാര്യമില്ല. ആ നാമങ്ങൾ ഉൾക്കൊണ്ട് പ്രവർത്തിക്കുമ്പോൾ മാത്രമാണ് നാം ദൈവത്തിന്റെ പ്രതീകങ്ങളായി മാറുന്നത്. റഹ്മാൻ (കാരുണ്യവാൻ), റഹീം (കരുണാനിധി), സമദ് (ആരുടെയും ആശ്രയം ആവശ്യമില്ലാത്തവൻ), അസീസ് (പ്രതാപവാൻ) എന്നിങ്ങനെയുള്ള ദൈവത്തിന്റെ വിശിഷ്ടനാമങ്ങൾ അന്വർത്ഥമാകുന്നത് നാം ആ പേരിന്റെ അർഥത്തിന്റെ പൊരുളറിഞ്ഞു കർമ്മം ചെയ്യുമ്പോൾ മാത്രമാണ്. ഖുർആനിൽ അല്ലാഹുവിന്റെ വിശേഷണങ്ങളായി ഏറ്റവും കൂടുതൽ പറഞ്ഞതും റഹ്മാൻ, റഹീം എന്നീ പദങ്ങളാണ്. അങ്ങനെയുള്ള കാരുണ്യവാനും കരുണാമൂർത്തിയുമായ ദൈവത്തിന്റെ പ്രതിനിധിയും പ്രതീകവുമാണ് വിശ്വാസിയായ ഓരോ മനുഷ്യനും.

കരുണ ചെയ്യുക എന്നത് ബാധ്യതയായി സ്വയം ഏറ്റെടുത്ത ദൈവത്തിന്റെ പ്രാതിനിധ്യം ഏറ്റെടുത്ത് മാനവരാശിയുടെയും ഈ പ്രപഞ്ചത്തിന്റെയും നിലനിൽപ്പിനും ക്ഷേമത്തിനുമായി കാരുണ്യപ്രവർത്തനങ്ങളിൽ ഏർപ്പെടുക, അതുവഴി ഈ ഭൂമിയിൽ സ്വർഗവും പരലോക മോക്ഷവും കരസ്ഥമാക്കുക എന്ന താണ് ഖുർആൻ എന്ന ദൈവിക ഗ്രന്ഥത്തിന്റെ താൽപ്പര്യം. ഏതൊരു ഗ്രന്ഥമായാലും ലേഖനമായായും കവിതയായാലും അതിലെല്ലാം ഒരു സന്ദേശവും താൽപ്പര്യവും ഉണ്ടാകും. ഗ്രന്ഥകർത്താവ് അതിന്റെ തലക്കെട്ടിലോ തുടക്കത്തിലോ അത് പ്രകടമാക്കുകയും ചെയ്യും. അപ്പോൾ ഖുർആൻ എന്ന വേദഗ്രന്ഥത്തിന്റെ മൊത്തം താൽപ്പര്യം വളരെ മനോഹരമായി ആദ്യവചനത്തിൽ തന്നെ അല്ലാഹു ഒളിപ്പിച്ചുവെച്ചിട്ടുണ്ട് എന്നു സാരം. എല്ലാ അധ്യായങ്ങളുടെ തുടക്കത്തിലും ആ താൽപ്പര്യം (ബിസ്മില്ലാഹി) ആവർത്തിക്കുകയും ചെയ്തു.

അപ്പോൾ ബിസ്മില്ലാഹിർ റഹ്മാനിർറഹീം എന്നതിന്റെ അർഥം 'കാരുണ്യവാനും കരുണാനിധിയുമായ അല്ലാഹുവിന്റെ അടയാളമായിക്കൊണ്ട്' എന്നാണ്. കാരുണ്യവാനും കരുണാനിധിയുമായ അല്ലാഹുവിന്റെ അടയാളമായി, കരുണാമയനായ ദൈവത്തിന്റെ പ്രതീകമായി ഞാൻ വേദപാരായണം ആരംഭിക്കുന്നു എന്നു സാരം. ഒന്നുകൂടി വിശദമായി പറഞ്ഞാൽ എത്ര തന്നെ അക്രമവും അനീതിയും ചെയ്യുന്ന ക്രൂരന്മാരോട് പോലും കാരുണ്യം ചെയ്യുക എന്നത് ഒരു ബാധ്യതയായി സ്വയം ഏറ്റെടുത്ത കരുണാമയനായ ആ ദൈവത്തിന്റെ അംശവും പ്രതിനിധിയുമായ ഞാൻ ആ ബാധ്യത (സഹജീവികൾക്ക് കരുണ ചെയ്യുക എന്ന ബാധ്യത) സ്വയം ഏറ്റെടുത്ത്, ആ പ്രാതിനിധ്യം സ്വയം തിരിച്ചറിഞ്ഞ് ഈ വേദപാരായണവും വേദപഠനവും വേദപ്രചാരണവും തദനുസൃതമായ പ്രവർത്തനങ്ങളും ആരംഭിക്കുന്നു എന്നു സാരം.

(Being the Symbol of God the Beneficient; the Merciful or

Being the Representative of God the Beneficient; the Merciful or

Being the Sign of Allah; Most gracious, most Merciful etc...)

*(കുറിപ്പ്: ഖുർആൻ സുന്നത്ത് പ്രസ്ഥാനത്തിലെ ചിലരുടെ നിരീക്ഷണമാണിത്; അന്തിമ അർഥമോ വ്യാഖ്യാനമോ അല്ല. ഖുർആൻ സുന്നത്ത് സൊസൈറ്റി ഗവേഷണവിഭാഗത്തിലെ പണ്ഡിതന്മാരുടെ അഭിപ്രായവും വ്യാഖ്യാനവും വിശദീകരണവും കേട്ട ശേഷമേ സൊസൈറ്റിയുടെ ഖുർആൻ പരിഭാഷയിൽ ഇത് ഉൾക്കൊള്ളിക്കൂ. അനാരോഗ്യകരമായ വിമർശനങ്ങളും തർക്കങ്ങളും ഇല്ലാതെ ഗൗരവമായി ഈ ചർച്ചയിൽ പ്രതികരിക്കണമെന്ന് എല്ലാ ആദർശബന്ധുക്കളോടും അഭ്യർത്ഥിക്കുന്നു.*

***-എഡിറ്റർ)***



അനാഥസംരക്ഷണവും അനാഥാലയ നടത്തിപ്പും 3

# ദത്തെടുപ്പിന് തടസ്സമാവുന്ന അനാഥാലയങ്ങൾ

**മുഹമ്മദ് കുരിക്കൾ കരടിപ്പാറ**

വള്ളിദർസുകൾക്ക് വംശനാശം സംഭവിച്ചുകഴിഞ്ഞു. സുന്നികൾ നടത്തിയ പള്ളിദർസുകൾ ഒട്ടുമിക്കതും അടച്ചുപൂട്ടിയത് 'പുത്തൻ പ്രസ്ഥാനക്കാരുടെ' എതിർപ്പു കൊണ്ടായിരുന്നില്ല. ബുദ്ധിക്ക് നിരക്കാത്ത വക്രതകളാണ് ദർസുകളുടെ പതനത്തിന് കാരണം. മുജാഹിദുകളും ജമാഅത്തുകാരും കോളജുകൾ സ്ഥാപിച്ചപ്പോൾ അതിനെ പരിഹസിച്ച് ചന്ദ്രഹാസമിളക്കിയ സുന്നികൾക്ക് പള്ളിദർസുകൾ നിലനിർത്താനായില്ല. ദർസുകൾ അപ്രത്യക്ഷമായപ്പോൾ അറബിക് കോളേജുകളിലേക്കും യതീംഖാനകളുടെ നിർമ്മാണങ്ങളിലേക്കും മതനേതൃത്വം ചുവട് മാറ്റുകയായിരുന്നു. അനാഥമന്ദിരങ്ങളുടെ നേതൃനിരയിൽ പ്രവർത്തിക്കുന്നവർ സ്ഥാപനത്തിന്റെ ചെലവിൽ വിദേശയാത്ര നടത്തുന്നവരാണ്. ഗൾഫുനാടുകളിൽ മലയാളികളുടെ താമസസ്ഥലത്ത് പിരിവിന് പോകുന്ന ഉമറാക്കളുണ്ട്. അത്തരത്തിലുള്ള ശൈഖുനമാരുടെ കമ്മീഷൻ 40 ശതമാനമാണത്രെ. ഒരു യാത്രയിൽ 10 ലക്ഷം രൂപ സമാഹരിച്ചാൽ നാല് ലക്ഷം സ്വന്തം പോക്കറ്റിലേക്ക്! ഗൾഫ് മലയാളികൾ നല്കുന്ന സ്വീകരണങ്ങളും സൽക്കാരങ്ങളും പാരിതോഷികങ്ങളും വേറെ. നാട്ടിൻപുറങ്ങളിൽ ഒരു മാസം പിരിവ് നടത്തുന്ന റിസീവർമാർക്ക് യാത്ര-ഭക്ഷണച്ചെലവുകൾ കഴിച്ചാൽ ബാക്കിയാവുന്നത് മൂവായിരത്തിൽ താഴെയാണ്. അനാഥസംരക്ഷണത്തിന്റെ അപ്പോസ്ഥലന്മാർക്ക് ഇങ്ങനെയും ഒരു മുഖം ഉണ്ടെന്നറിയുക.

മതനേതൃത്വത്തെ ചോദ്യം ചെയ്യാൻ ഭയപ്പെട്ട സമൂഹമാണ് മുൻതലമുറക്കാരായ സുന്നത്ത് ജമാഅത്തുകാർ. അവരാണ് ഇസ്‌ലാമിന്റെ സുന്ദരമുഖം വികൃതമാക്കിയത്. ഇസ്‌ലാം വിരുദ്ധ കിരാതഭരണം നടക്കുന്ന സഊദി അറേബ്യയിലെയും അഫ്ഘാനിസ്ഥാനിലെയും മതപണ്ഡിതരെപ്പോലെ ഇവിടത്തെ സുന്നീപണ്ഡിതരെ കയറൂരി വിട്ടാൽ അവർ സമുദായത്തെ കുട്ടിച്ചോറാക്കും എന്നതിൽ സംശയമില്ല. സുന്നത്ത് ജമാഅത്തിലെ സാധാരണക്കാരായ വിശ്വാസികൾ മത സംബന്ധമായ സംഘർഷമോ പ്രശ്നങ്ങളോ ഉണ്ടാക്കിയതായി അറിവില്ല. സർവ്വവിധ പ്രശ്നങ്ങൾക്കും നാന്ദികുറിച്ചത് മതപണ്ഡിതരായിരുന്നു എന്ന തിരിച്ചറിവ് ഇനിയെങ്കിലും സാധാരണ മുജാഹിദ്, ജമാഅത്ത്, സുന്നീ പ്രവർത്തകർക്കുണ്ടായിരിക്കണം. പ്രവാചകന്റെ തിരുശേഷിപ്പ് എന്ന പേരിൽ പുതിയ വിവാദത്തിന് കേരളത്തിൽ തിരിതെളിച്ചതും ഒരു പുരോഹിത വേഷധാരിയാണ്. ഇതിന് മുമ്പ് എത്ര ദുരാചാരങ്ങളാണ് മതപണ്ഡിതർ നടപ്പാക്കിയത്. ഇനി എന്തെല്ലാം വിനാശങ്ങളാണ് ഇവർ നടപ്പാക്കാനിരിക്കുന്നത് എന്ന് കാത്തിരുന്നു കാണണം.

യതീംഖാനകൾ ഇസ്‌ലാം മതത്തിന്റെ അവിഭാജ്യഘടകമാണെന്ന് മതപണ്ഡിതർ സമുദായത്തെ തെറ്റിദ്ധരിപ്പിച്ചു പോരുകയായിരുന്നു. പിതാവ് ജീവിച്ചിരിക്കുമ്പോൾ മകനോ മകളോ മരണപ്പെട്ടാൽ അവരുടെ അനാഥകളായ മക്കൾക്ക് പിതാവിന്റെ അവകാശമായ സ്വത്തിൽ നിന്ന് ഒരു ചില്ലിക്കാശ് പോലും കൊടുക്കാതെ അവരെ തെരുവിലേക്ക് എറിയണമെന്ന് പഠിപ്പിക്കുന്ന അഹ്‌ലുസ്സുന്നത്തുകാർക്ക് യതീം മക്കളോട് എത്രത്തോളം സ്നേഹമുണ്ടാവുമെന്ന് ഊഹിക്കാവുന്നതേയുള്ളൂ. അനാഥകളോട് ഇത്രമാത്രം ക്രൂരത കാട്ടാൻ മതനിയമം നിർമ്മിച്ചവരാണ് സുന്നികൾ. സുന്നീ പുരോഹിതർ നേതൃത്വം നല്കുന്ന മതങ്ങൾ നശിക്കുന്നുമില്ല; നന്നാവുന്നുമില്ല.

സുന്നികളെയും മുജാഹിദുകളെയും പ്രത്യയശാസ്ത്രമല്ല നയിക്കുന്നത്. അവർക്ക് തോന്നിയതുപോലെ മതത്തെ അവർ തന്നെ നയിച്ചുകൊണ്ടിരിക്കുന്നു. ഗൗരവമുള്ള പ്രശ്നങ്ങൾ കൈകാര്യം ചെയ്യുമ്പോൾ തെറ്റുകളും വീഴ്ചകളും സംഭവിക്കുക മനുഷ്യസഹജമാണ്. പറ്റിപ്പോയ തെറ്റുകൾ ബോധ്യമായാൽ തിരുത്തുകയും പശ്ചാത്തപിക്കുകയും ചെയ്യുന്നവരാണ് മനുഷ്യസ്നേഹികൾ. ഭൂമി ഉരുണ്ടതാണെന്ന് അഭിപ്രായപ്പെട്ട ശാസ്ത്രജ്ഞനെ അക്കാലത്തെ ക്രിസ്തീയ പൗരോഹിത്യം വധിച്ചുകളഞ്ഞു. നൂറ്റാണ്ടുകൾക്ക് ശേഷം രണ്ട് വർഷം മുമ്പാണ് മാർപാപ്പയായ ബെനഡിക് പതിനാറാമൻ പണ്ട് സംഭവിച്ചുപോയ തെറ്റിന് ലോകജനതയോട് മാപ്പു പറഞ്ഞത് എന്നോർക്കുക. മനുഷ്യരുടെ ജീവൽ പ്രധാന വിഷയങ്ങൾ കയ്യാളിക്കൊണ്ടിരിക്കുന്ന പല ഭൗതിക സംഘടനകളും കമ്മ്യൂണിസ്റ്റ് പാർട്ടികൾ അടക്കമുള്ള രാഷ്ട്രീയപ്പാർട്ടികളും ഭരണകർത്താക്കളും സംഭവിച്ചുപോയ തെറ്റുകൾ തിരുത്തുന്നവരും ജനത്തോട് മാപ്പു പറയുന്നവരുമാണ്. പരാജയങ്ങളെക്കുറിച്ച് തെറ്റു തിരുത്തൽ രേഖ വരെ പുറത്തിറക്കാറുണ്ട്. എന്നാൽ ഇതൊന്നും തങ്ങൾക്ക് ബാധകമല്ലെന്നാണ് മതനേതൃത്വത്തിന്റെ ധിക്കാരപരമായ നിലപാട്.

വിശുദ്ധ ഖുർആൻ പൂഴ്ത്തിവച്ച് താന്തോന്നിത്തം നടപ്പാക്കിയ സുന്നീ ഉലമാക്കൾ ഈ സമുദായത്തെ ഒ.ബി.സി യാക്കി. ഇവർക്ക് സാധാ വീഴ്ചകളല്ല കഴിഞ്ഞ കാലങ്ങളിൽ സംഭവിച്ചത്; വൻ വീഴ്ചകളാണ്. പടുകൂറ്റൻ പള്ളികളും അനാഥമന്ദിരങ്ങളും നിർമ്മിച്ച് പൊറാട്ടു നാടകം കളിക്കുകയാണവർ. സംഭവിച്ചുപോയ വൻ വീഴ്ചകളിൽ കുറ്റബോധമോ പശ്ചാത്താപമോ ഉള്ള ഒരു സുന്നീ പണ്ഡിതനെയും കാണുന്നില്ല. മാത്രമല്ല, ഹൃദയം നിറയെ അഹങ്കാരവും നെഗളിപ്പും എങ്ങും പ്രകടമാവുന്ന കാഴ്ചയാണ്. പള്ളി ദർസുകൾ കുറ്റിയറ്റതുപോലെ യതീംഖാനകളും അടച്ചു പൂട്ടാൻ വലിയ താമസമില്ല. സംഭവിച്ചുപോയ തെറ്റുകൾ തിരുത്തി പരിപൂർണ്ണ ശാന്തി മാർഗ്ഗത്തിലേക്ക് (ഇസ്‌ലാമിലേക്ക്) പ്രവേശിക്കാൻ ഉമറാക്കൾ ശ്രമിക്കുന്നില്ല എന്നത് ഖേദകരം തന്നെ.

പെട്ടെന്ന് വിഘടിക്കാൻ കഴിവുള്ളവരാണ് ഹദീസ് പൂജാരികൾ. വിഘടിക്കുന്ന കാര്യത്തിൽ സുന്നികളും മുജാഹിദുകളും എല്ലാവർക്കും മാതൃകയാണ്. മതസംബന്ധമായ സകല വിഷയങ്ങളിലും ഭിന്നാഭിപ്രായം ഇവരുടെ മുഖമുദ്രയാണ്. യതീംഖാനാ കമ്മിറ്റികളിലും പള്ളി, മദ്രസ്സാ കമ്മിറ്റികളിലും പടലപ്പിണക്കങ്ങളും പരസ്പരം കൊമ്പ് കോർക്കലും പതിവാണ്. ഉടൻതന്നെ വിഘടിക്കുകയായി. അറബികളെ അന്വേഷിച്ച് ഒരു കൂട്ടർ ഗൾഫിലേക്ക്. പിന്നെ സമാന്തര പള്ളിപ്പുണി; യതീംഖാനകൾ!

കേരളത്തിലെ രജിസ്ട്രേഷൻ ഇല്ലാത്ത അനാഥമന്ദിരങ്ങളെക്കുറിച്ച് വിവരങ്ങൾ ശേഖരിക്കാനും അത്തരം സ്ഥാപനങ്ങൾ അടച്ച് പൂട്ടാനും കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ നിർദ്ദേശപ്രകാരം നടപടികൾ ആരംഭിച്ചതായി അറിയുന്നു. ഇത് സംബന്ധിച്ച് 2011 മെയ് 21 ന് മാതൃഭൂമി ദിനപത്രം എഡിറ്റോറിയൽ എഴുതിയത് ശ്രദ്ധേയമാണ്. മുൻകാലങ്ങളെ അപേക്ഷിച്ച് സാധാരണക്കാരുടെ ജീവിതനിലവാരം മെച്ചപ്പെട്ട കേരളത്തിൽ ഇപ്പോൾ അനാഥമന്ദിരങ്ങളിൽ ചേരാൻ ആവശ്യമായ കുട്ടികളില്ലാത്ത സാഹചര്യത്തിൽപോലും അനാഥാലയങ്ങൾ വർധിച്ചു വരുന്നത് അധികൃതരിൽ ആശങ്കയുളവാക്കിയിട്ടുണ്ടത്രെ. മറ്റു സംസ്ഥാനങ്ങളിൽ നിന്ന് കുട്ടികൾ അപ്രത്യക്ഷമാവുന്നതും കേരളത്തിലെ ചില സ്ഥാപനങ്ങളിലെ കുട്ടികളുടെ കണക്കുകൾ സംബന്ധിച്ച് കൃത്യത ഇല്ലാത്തതും മറ്റുമാണ് ആഭ്യന്തര മന്ത്രാലയത്തിന് ആശങ്കയുണ്ടാക്കിയത്. മനുഷ്യാവയവ കയറ്റുമതി നടത്തുന്ന ഗൂഢ സംഘങ്ങൾ കേരളത്തിൽ പ്രവർത്തിക്കുന്നതായും സൂചന ലഭിച്ചിട്ടുണ്ടത്രെ. കുഞ്ഞുങ്ങളുടെ കിഡ്നിയുൾപ്പെടെയുള്ള അവയവങ്ങൾ വിദേശങ്ങളിലേക്ക് അയക്കുന്ന സംഘങ്ങളെക്കുറിച്ച് വർഷങ്ങൾക്ക് മുമ്പ് തന്നെ റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്നു.

ഭൗതിക ജീവിതത്തിൽ നേട്ടങ്ങളുണ്ടാകാൻ വേണ്ടിയാണ് ചിലരെങ്കിലും യതീംഖാനകളിലേക്ക് സംഭാവന നല്കുന്നത്. യതീംകുട്ടികളുടെ പ്രാർത്ഥനകൾക്ക് പ്രത്യേക പുണ്യമുണ്ട് എന്ന പ്രചാരവേല മതപണ്ഡിതരുടേതാണ്. അല്ലാഹുവും അവന്റെ റസൂലും അത്തരത്തിൽ ഒരു വാഗ്ദാനവും നൽകിയിട്ടില്ല. അല്ലാഹുവിന്റെ തീരുമാനത്തെ ശിപാർശകൊണ്ട് തിരുത്താൻ തക്കവണ്ണമുള്ള ഒരു വിദ്യയും യതീംമക്കളുടെ പക്കൽ ഇല്ല. കുട്ടികളുടെ നമസ്കാരങ്ങൾക്കോ നോമ്പിനോ ഹജ്ജിനോ പ്രാർത്ഥനകൾക്കോ സ്രഷ്ടാവായ അല്ലാഹു ഒരു പ്രതിഫലവും വാഗ്ദാനം ചെയ്തിട്ടില്ല. അനാഥകളെ പോറ്റി വളർത്താനുള്ള ബാധ്യത മറ്റുള്ളവരിൽ നിക്ഷിപ്തമാക്കുകയാണ് ചെയ്തത്. ചെറിയ കുട്ടികൾ പഠിക്കുന്നതും പ്രാർത്ഥിക്കുന്നതും ആരാധനകളിൽ പങ്കാളികളാവുന്നതും മുതിർന്നവരുടെ ശിക്ഷയെ ഭയന്നതുകൊണ്ടാണ് എന്ന് ആർക്കാണ് അറിഞ്ഞു കൂടാത്തത്?

സംസ്ഥാനത്തെ സാമൂഹിക ക്ഷേമവകുപ്പ് ഓഫീസുകളുടെ മേശപ്പുറത്ത് കെട്ടിക്കിടക്കുന്നത് ഒരു കുഞ്ഞിനുവേണ്ടിയുള്ള ആയിരക്കണക്കിന് അപേക്ഷകളാണ്. മക്കളില്ലാത്ത ദമ്പതികൾ നല്കിയ അപേക്ഷകളാണിതെല്ലാം. ഒരു കുഞ്ഞിനെ ദത്തെടുക്കാൻ കാത്തിരിക്കുന്നവർ. സർക്കാർ എന്തുചെയ്യും? അനാഥകളെ ദത്തെടുക്കാൻ

*(ശേഷം പേജ് 23 ൽ)*

ഖുർആൻ തന്നെ മതി 4

# സ്വിറാത്തുൽ മുസ്തക്കീം ഖുർആൻ തന്നെ

**അബൂ അബ്ദുല്ല, മംഗലാപുരം**

പ്രാരംഭത്തിലെ അധ്യായത്തിൽ ചൊവ്വായ മാർഗം നിർദ്ദേശിച്ചു തരുവാൻ നാം അല്ലാഹുവിനോട് ആവശ്യപ്പെടുന്നു. ആ സ്വിറാത്തുൽ മുസ്തക്കീമാണ് പരിശുദ്ധ ഖുർആൻ. അല്ലാഹു പറയുന്നതു നോക്കൂ. وَهَٰذَا صِرَاطُ رَبِّكَ مُسْتَقِيمًا قَدْ فَصَّلْنَا الْآيَاتِ لِقَوْمٍ يَذَّكَّرُونَ (ഇതാണ് ചൊവ്വായി നിൽക്കുന്ന നിലക്കുള്ള നിന്റെ നാഥന്റെ മാർഗം. പാഠം ഉൾക്കൊള്ളുന്ന ജനതക്കു നാം വചനങ്ങൾ വിവരിച്ചു കഴിഞ്ഞു. അൻആം-126) ആ നേരായ മാർഗമായ ഖുർആനെ പിൻപറ്റണമെന്നും മറ്റൊന്നിനേയും പിൻപറ്റരുതെന്നും അല്ലാഹു നമ്മോട് കൽപിക്കുന്നു. وَأَنَّ هَٰذَا صِرَاطِي مُسْتَقِيمًا فَاتَّبِعُوهُ وَلَا تَتَّبِعُوا السُّبُلَ فَتَفَرَّقَ بِكُمْ عَن سَبِيلِهِ ذَٰلِكُمْ وَصَّاكُم بِهِ لَعَلَّكُمْ تَتَّقُونَ (ഇതു തന്നെയാണ് എന്റെ നേരായ മാർഗ്ഗം. അതിനാൽ നിങ്ങൾ മറ്റു മാർഗങ്ങളെ പിൻപറ്റാതെ ഇതിനെ പിമ്പറ്റുവിൻ. കാരണം അപ്പോൾ അവ നിങ്ങളെ അവന്റെ മാർഗത്തിൽ നിന്ന് വിട്ടു പിരിക്കുന്നതാണ്. അവൻ നിങ്ങളോട് ഉപദേശിച്ചിരിക്കുന്നത് നിങ്ങൾ സൂക്ഷിക്കുവാൻ വേണ്ടിയാണ്. അൻആം-153)

മനുഷ്യർ ഭിന്നിക്കാതിരിക്കാനും അല്ലാഹുവിന്റെ മാർഗത്തിൽ നിന്ന് അകലാതിരിക്കാനും അവന്റെ സ്വിറാത്തുൽ മുസ്തക്കീമായ ഖുർആനെ പിമ്പറ്റാനും അല്ലാഹു ഈ വചനത്തിലൂടെ നമ്മെ ഉപദേശിക്കുന്നു. എന്നാൽ അഹ്‌ലുൽ ഹദീസുകാരുടെ ജോലി അല്ലാഹു എന്ത് ചെയ്യരുത് എന്നു പറഞ്ഞുവോ, അത് തന്നെ ചെയ്യുക എന്നതാണ്. ഇവിടെ അല്ലാഹു നിങ്ങൾ വ്യത്യസ്ത വഴികളിലൂടെ (സുബുല്) പോകരുതെന്നും പിമ്പറ്റരുതെന്നും കൽപിച്ചു. എന്നാൽ ഇവർ ഒരുപാട് ഹദീസുകൾ നബിയിലേക്ക് ചേർത്തു പറയുകയും അവക്ക് സനദുകൾ എന്ന പേരിൽ വിവിധ വഴികൾ (തുറുഖ്) ഉണ്ടാക്കുകയും അവയിൽ ഇവർ ഭിന്നിക്കുകയും ചെയ്തപ്പോൾ ആ ഭിന്നത തീർക്കാൻ ഹദീസിന് ഒരു നിദാനശാസ്ത്രവും (ഉസൂലുൽഹദീസ്) ഉണ്ടാക്കി.

ഇവിടെ അല്ലാഹു وَلاتَتَّبِعُواالسُّبُل എന്നു പറഞ്ഞപ്പോൾ ആ സുബുല് എന്ന പദത്തിന്റെ നേരെ പര്യായപദമായ തുറുഖ് (വഴികൾ) ഉണ്ടാക്കുകയും ആ വഴികളിലൂടെ ഇവർ പോവുകയും ചെയ്തു. ഹദീസിനെക്കുറിച്ച് ഇത് ഈ വഴിയിലൂടെ (ത്വരീഖ്) വന്നതാണ്, അത് ആ വഴിയിലൂടെ വന്നതാണ് എന്നാണ് എഴുതാറുള്ളതും പറയാറുള്ളതും. ഇത്തരം ഭിന്നതയുണ്ടാക്കുന്ന ആളുകളിൽ നിന്ന് മാറി നിൽക്കാനാണ് നബിയോട് അല്ലാഹു കൽപിക്കുന്നത്. إِنَّ الَّذِينَ فَرَّقُوا دِينَهُمْ وَكَانُوا شِيَعًا لَّسْتَ مِنْهُمْ فِي شَيْءٍ (തീർച്ചയായും തങ്ങളുടെ മതത്തെ വിഭജിക്കുകയും വിവിധ കക്ഷികളായിത്തീരുകയും ചെയ്തവർ ആരോ, താങ്കൾ അവരിൽ ഒന്നിലുമില്ല. അൻആം-159)

അല്ലാഹു ഒരു തെളിവും അവതരിപ്പിക്കാത്ത വിശ്വാസങ്ങളുടെയും പ്രമാണങ്ങളുടെയും പിറകെ പോവുകയും അവന്റെ ഗ്രന്ഥത്തെ പിറകോട്ട് വലിച്ചെറിയുകയും ചെയ്തവരിൽ നിന്ന് ദൂതൻ തന്റെ നിരപരാധിത്വം പറഞ്ഞ് ഒഴിഞ്ഞു മാറുന്നതാണ്.

وَقَالَ الرَّسُولُ يَا رَبِّ إِنَّ قَوْمِي اتَّخَذُوا هَٰذَا الْقُرْآنَ مَهْجُورًا (ദിവ്യ ദൂതൻ പറയുകയും ചെയ്തു: രക്ഷിതാവേ, എന്റെ ജനത ഈ ഖുർആനെ ഉപേക്ഷിക്കപ്പെട്ടതാക്കുകയും ചെയ്തു. അൽഫുർഖാൻ-30) മാർഗ്ഗദർശകനായും സഹായിയായും അല്ലാഹു മതി എന്നും തുടർന്നു വിവരിക്കുന്നു. സിറാത്തുൽ മുസ്തക്കീം ഏക ഗ്രന്ഥമാകാനേ വഴിയുള്ളൂ. കാരണം രണ്ടു

ബിന്ദുക്കൾക്കിടയിൽ നേർരേഖ വരക്കാനേ സാധിക്കൂ എന്നത് ഗണിതശാസ്ത്ര സത്യമാണ്. അതുകൊണ്ട് തത്ത്വപൂർണ്ണവും സമ്പൂർണ്ണവും യുക്തിഭദ്രവുമായ അല്ലാഹുവിന്റെ കിതാബല്ലാതെ സിറാത്തുൽ മുസ്തക്കീമായി വേറെ ഗ്രന്ഥങ്ങളുണ്ടാവില്ല.

ചൊവ്വായ മാർഗ്ഗം നിർദ്ദേശിച്ചുതരാൻ അല്ലാഹുവിനോട് നാം ആവശ്യപ്പെടുമ്പോൾ തന്നെ നാം അതിനെതൊട്ട് അശ്രദ്ധരാണ്. കാരണം പിശാച് നമ്മെ സിറാത്തുൽ മുസ്തക്കീമിൽ നിന്ന് അകറ്റാനും വിവിധങ്ങളായ പ്രമാണങ്ങളിലേക്കും മാർഗ്ഗങ്ങളിലേക്കും എത്തിക്കാനും പ്രയത്നിച്ചുകൊണ്ടിരിക്കുകയാണല്ലോ. അതാണല്ലോ അവന്റെ ജോലിയും.

قَالَ فَبِمَآ أَغْوَيْتَنِي لأَقْعُدَنَّ لَهُم صِرَاطَكَ الْمُسْتَقِيم

(അവൻ പറഞ്ഞു: അപ്പോൾ നീ എന്നെ വഴിതെറ്റുകാരനാക്കിയതുകൊണ്ട് തീർച്ചയായും നിന്റെ നേർമാർഗ്ഗത്തിൽ ഞാൻ അവരെ കാത്തിരിക്കും. അഅ്റാഫ്-16) നമുക്ക് അല്ലാഹുവിന്റെ സ്വിറാത്തുൽ മുസ്തക്കീമായ ഖുർആനിലൂടെ പോകാം. പിശാചുക്കളുടെ വഴികൾ നമുക്ക് വേണ്ട സഹോദരങ്ങളേ.

## ഖുർആൻ തന്നെ ഹിക്മത്ത്

هُوَ الَّذِي بَعَثَ فِى الأُمِّيِّينَ رَسُولاً مِنْهُم يَتْلُوا عَلَيْهِم آيَاتِه ويُزَكِّيهِم وَيُعَلِّمهُم الْكِتَاب وَالْحِكْمَةَ

അഹ്ലുൽ ഹദീസുകാർ മുസ്ലിംകളെ രണ്ടാം പ്രമാണം സ്വീകരിക്കാൻ പ്രേരിപ്പിക്കുന്ന വചനമാണ് ഇത്. ഇവിടെ കിതാബും ഹിക്മത്തും എന്നു പറഞ്ഞതുകൊണ്ട് അവ രണ്ടും ഒന്നല്ല എന്നും രണ്ടും രണ്ടാണെന്നും അതുകൊണ്ടാണ് 'വ' എന്ന അക്ഷരം ഉപയോഗിച്ചത് എന്നുമാണ് ഇവരുടെ വാദം. എന്നാൽ ഖുർആനിൽ വ എന്ന അക്ഷരം ഉപയോഗിച്ച എല്ലാ സ്ഥലങ്ങളിലും ഇങ്ങനെ 'വ' ഉപയോഗിച്ചതുകൊണ്ട് രണ്ടായി കാണണമെന്നു ഇവർക്ക് വാദിക്കാൻ കഴിയില്ല. വ്യക്തിയിലോ സമൂഹത്തിലോ വസ്തുവിലോ ഉള്ള പ്രധാനപ്പെട്ട ഒരു കാര്യത്തെയോ വ്യക്തിയേയോ ഒന്ന് എടുത്തുപറയാൻ വേണ്ടി ഇങ്ങനെ 'വ' ഉപയോഗിക്കാറുണ്ട്. ഉദാഹരണത്തിന് جَاءَ الْقَوْمُ وَمُحَمَّدٌ എന്നു പറഞ്ഞാൽ ജനവും മുഹമ്മദും വന്നു എന്നാണല്ലോ അർത്ഥം. ആ ജനത്തിൽ തന്നെയല്ലേ മുഹമ്മദും? ഇത് ഭാഷാപരമായ ഉദാഹരണമാണെങ്കിൽ ഇനി ഖുർആനിൽ നിന്ന് നമുക്ക് പരിശോധിക്കാം. അല്ലാഹു പറയുന്നു.

وَلَقَدْ آتَيْنَا مُوسَى وَهَارُونَ الْفُرْقَانَ وَضِيَاءً وَذِكْرًا لِّلْمُتَّقِين

(മൂസ്സാക്കും ഹാറൂണിനും നാം സത്യാസത്യവിവേചനവും പ്രഭയും സൂക്ഷ്മാലുക്കൾക്കുള്ള അനുസ്മരണവും (ദിക്ർ) നൽകുകയും ചെയ്തിരുന്നല്ലോ? അമ്പിയാഅ-48) ഇവിടെ ദിക്ർ, ളിയാഅ, ഫുർഖാൻ എന്നീ മൂന്ന് പദങ്ങളുടെയും ഇടയിൽ വ എന്ന അക്ഷരം ഉപയോഗിച്ചു എന്നതുകൊണ്ട് അത് മൂന്നും മൂന്ന് ഗ്രന്ഥമാണെന്ന് വാദിക്കാൻ പറ്റുമോ? മറിച്ച് സത്യാസത്യ വിവേചനമായും മനുഷ്യർക്ക് വെളിച്ചമായും സൂക്ഷ്മാലുക്കൾക്ക് ഉപദേശമായും നൽകപ്പെട്ട തൗറാത്തു തന്നെയല്ലേ ഉദ്ദേശ്യം? അല്ലാഹു പറയുന്നു:



وَآتَيْنَاهُمَا الْكِتَابَ الْمُسْتَبِين ( الصافات 117

ഈ പറഞ്ഞ കിതാബുൽ മുസ്തബീൻ തന്നെയല്ലേ തൗറാത്തും? ഈസാ നബിയോട് അല്ലാഹു പറയുന്നതു കാണുക:

وَإِذْ عَلَّمْتُكَ الْكِتَابَ وَالْحِكْمَةَ وَالتَّوْرَاةَ وَالإِنْجِيل (ഞാൻ നിനക്കു വേദവും ന്യായവും തൗറാത്തും ഇഞ്ചീലും പഠിപ്പിച്ചു തന്നപ്പോഴും... മാഇദ-110)

وَيُعَلِّمُهُ الْكِتَابَ وَالْحِكْمَةَ وَالتَّوْرَاةَ وَالإِنْجِيل (അവൻ അദ്ദേഹത്തിന് വേദവും ന്യായവും തൗറാത്തും ഇഞ്ചീലും പഠിപ്പിച്ചും... ആലുഇംറാൻ-48) മേൽപറഞ്ഞ ആയത്തുകളിൽ ഓരോ പദത്തിനിടയിലും 'വ' ഉപയോഗിച്ചു എന്നതുകൊണ്ട് ഈസാ നബിക്ക് നാല് ഗ്രന്ഥങ്ങൾ നൽകപ്പെട്ടിരുന്നു എന്ന് ഇവർക്ക് വാദിക്കാൻ കഴിയുമോ? ഇവിടെ ചെറിയ ഒരു വിശദീകരണം പിന്നീട് ഈയുള്ളവൻ നൽകുന്നതാണ്. 'വ' എന്ന അക്ഷരം വേറെ ഒന്ന് ഉദ്ദേശിക്കാൻ മാത്രമല്ല, മറിച്ചു വിശദീകരണത്തിനും ഉപയോഗിക്കും. ഒരു വസ്തുവിലെ മുഖ്യമായ കാര്യം എന്താണോ, അത് വ്യക്തമാക്കിത്തരാനാണ് ഇങ്ങനെ അല്ലാഹു ഉപയോഗിക്കുന്നത്. ഖുർആനിലെ ഒരു മുഖ്യ ഭാഗമാണ് അതിലെ ന്യായവും യുക്തിയും അഥവാ ഹിക്മത്ത് എന്നുള്ളത്. അതുപോലെ മറ്റൊന്നാണ് കൂടുതലോ കുറവോ ഇലായ്ക അഥവാ മീസാൻ എന്നത്. അതുകൊണ്ടാണ് الْكِتَابَ وَالْمِيزَان എന്ന് ഖുർആനിൽ അല്ലാഹു പറഞ്ഞത്. അല്ലാതെ ഗ്രന്ഥവും പിന്നെ കയ്യിൽ ഒരു ത്രാസ്സും കൊടുത്തു

മനുഷ്യർ ഭിന്നിക്കാതിരിക്കാനും അല്ലാഹുവിന്റെ മാർഗത്തിൽ നിന്ന് അകലാതിരിക്കാനും അവന്റെ സ്വിറാത്തുൽ മുസ്തക്കീമായ ഖുർആനെ പിമ്പറ്റാനും അല്ലാഹു നമ്മെ ഉപദേശിക്കുന്നു. എന്നാൽ അഹ്ലുൽ ഹദീസുകാരുടെ ജോലി അല്ലാഹു എന്ത് ചെയ്യരുത് എന്നു പറഞ്ഞുവോ, അത് തന്നെ ചെയ്യുക എന്നതാണ്.

എന്നല്ല. മുമ്പിൽ ഇരുട്ടുമൂടി വഴിയറിയാതെ നിൽക്കുന്ന മനുഷ്യന് വെളിച്ചവും (നൂർ) പഠിച്ചു മനസ്സിലാക്കി അല്ലാഹുവിനെ അനുസ്മരിക്കാനുള്ള ഗ്രന്ഥമായതുകൊണ്ട് അദ്ദിക്ർ എന്നും വായിക്കപ്പെടുന്ന ഗ്രന്ഥമായതുകൊണ്ട് ഖുർആൻ എന്നും യുക്തിയും ജ്ഞാനവും ഉൾക്കൊള്ളുന്ന ഗ്രന്ഥമായതുകൊണ്ട് ഹിക്മത്ത് എന്നും മറ്റുമുള്ള പല വിശേഷണങ്ങളും വിശദീകരണങ്ങളും അല്ലാഹു ഖുർആനിനു നൽകിയിട്ടുണ്ട്. ഇതെല്ലാം വെവ്വേറെ ഗ്രന്ഥങ്ങളല്ല: മറിച്ച് ഒറ്റ ഗ്രന്ഥമാണ്.

അന്ത്യപ്രവാചകനായ മുഹമ്മദുമായി ബന്ധപ്പെട്ട് സൂറത്തു ഇസ്റാഈലിൽ ഒരുപാട് കൽപനകൾ തുടർച്ചയായി വന്നതുകാണാം.

وَلاتَقْتُلُوا أَوْلادَكُمْ خَشْيَةَ إِمْلاقٍ نَحْنُ نَرْزُقُهُمْ وَإِيَّاكُمْ إِنَّ قَتْلَهُمْ كَانَ خِطْئًاكَبِيرًا وَلاتَقْرَبُوا الزِّنَاإِنَّهُ كَانَ فَاحِشَةً وَسَاءَسَبِيلاً ولاتَقْتُلُوا النَّفْسَ الَّتِي حَرَّمَ اللَّهُ إِلاَّ بَالْحَقِّ وَمَنْ قُتِلَ مَظْلُومًا فَقَدْ جَعَلْنَا لِوَلِيِّهِ سُلْطَانًا فَلايُسْرِفْ فِي القتل إِنَّه كَانَ مَنْصُورًا

ഇത്തരം കൽപനകൾക്കു ശേഷം അല്ലാഹു പറയുന്നു: ذَلِكَ مِمَّا أَوْحَى إِلَيْكَ رَبُّكَ مِنَ الحِكمَةِ (അത് നിന്റെ നാഥൻ ഹിക്മത്തിൽ നിന്നു നിന്നിലേക്കയച്ച രഹസ്യ സന്ദേശത്തിൽ വഹ്യ്-നിന്നുള്ളതാകുന്നു. ഇസ്റാഅ-39) ഇവിടെ ذَلِكَ എന്നു ചൂണ്ടിപ്പറഞ്ഞത് മുകളിൽ പറഞ്ഞ ഖുർആനിക വചനങ്ങളിലേക്കല്ലാതെ പുറത്തുള്ള ഒരു ഗ്രന്ഥത്തിലേക്കാകാൻ ഒരിക്കലും സാധ്യമല്ല. ഖുർആനിക വചനങ്ങളിലേക്കാണ് ചൂണ്ടുന്നത് എന്നതുകൊണ്ട് ഹിക്മത്ത് ഖുർആൻ തന്നെയാണ്. ഇവിടെ ഹിക്മത്ത് എന്ന് പറയാൻ മറ്റൊരു കാരണം കൂടിയുണ്ട്. അത് ഓരോ കൽപന പറഞ്ഞ ശേഷവും അതെന്തുകൊണ്ട് എന്ന ന്യായവും (ഹിക്മത്ത്) അവിടെ അല്ലാഹു വ്യക്തമാക്കുന്നു. ഉദാഹരണത്തിന് വ്യഭിചാരത്തോട് അടുക്കരുത് എന്ന് പറഞ്ഞ ശേഷം എന്തുകൊണ്ട് എന്ന ന്യായവും അല്ലാഹു പറയുന്നു. إِنَّهُ كَانَ فَاحِشَةً وَسَاء سَبِيلاً (കാരണം അത് ഒരു ദുഷ്ക്രിയയും നീചമാർഗവും തന്നെയാണ്) ഇങ്ങനെ ഓരോ കൽപനക്കും ശേഷമുള്ള കാരണങ്ങൾ പറയുന്നത് ഒന്നു പരിശോധിക്കുക.

അപ്പോൾ ഹക്കീമും خَبِيرٌ عَزِيزٌ ആയ അല്ലാഹു അവന്റെ കലാമിനെ കിതാബുൽ മുഹ്കമാക്കിയിരിക്കുന്നു എന്നു സാരം. അല്ലാഹു പറയുന്നു:

كِتَابٌ أُحْكِمَتْ آيَاتُهُ ثُمَّ فُصِّلَتْ مِن لدُنْ حَكِيمٍ خَبِيرٍ

(ന്യായാധിപനും സൂക്ഷ്മജ്ഞാനുമായവന്റെ പക്കൽ നിന്നുള്ള വാക്യങ്ങൾ സുദൃഢമാക്കപ്പെട്ടതും പിന്നെ വിശദീകരിക്കപ്പെട്ടതുമായ ഗ്രന്ഥമാണ്).

ചുരുക്കത്തിൽ ഖുർആൻ തന്നെയാണ് ഹിക്മത്തും നൂറും ഫുർഖാനുമെല്ലാം. ഖുർആൻ നിഷേധികളായ ആളുകളുടെ 'വ' എന്ന അക്ഷരത്തിന്റെ പ്രശ്നം പരിഹരിച്ചിട്ടുണ്ടാവുമെന്നു വിചാരിക്കുന്നു. ഇനി അല്ലാഹു പറയുന്നത് നോക്കൂ:

وَلَقَدْ ءَاتَيْنَاكَ سَبْعًا مِن المَثَانِي وَالْقُرْآن الْعَظِيم

എന്ന ആയത്തിലെ سَبْعًا مِن المَثَانِي എന്നത് الْقُرْآن الْعَظِيمൽ പെട്ടതല്ല എന്ന് ഇവർ വാദിക്കുമോ എന്നറിയില്ല. കാരണം ഇവരുടെ 'വ' എന്ന അക്ഷരം മധ്യത്തിൽ ഉണ്ടല്ലോ? ഇവർ ഹദീസിനെ സ്ഥാപിക്കാൻ ചിലപ്പോൾ അതും വാദിക്കും.

ഖുർആനും ഹിക്മത്തും ഒന്നു തന്നെയാണെന്നു വ്യക്തമാക്കുന്ന ഒരായത്തു കൂടി പരിശോധിക്കാം.

وَاذْكُرُوا نِعْمَتَ اللّٰهِ عَلَيْكُم ومَاأنْزل عَلَيْكُم منَ الْكِتَابِ وَالْحكْمَةِ يَعِظُكُم بِهِ

(...അവൻ നിങ്ങളെ ഗുണദോഷിച്ച് കിതാബും ഹിക്മത്തും നിങ്ങളുടെ പേരിൽ ഇറക്കിയതും... അൽബഖറ-231) ഈ ആയത്തിലെ കിതാബ് ഒരു സംഗതിയും ഹിക്മത്ത് മറ്റൊരു ഗ്രന്ഥവുമാണെങ്കിൽ يَعِظُكُم بِهِ എന്നല്ല, മറിച്ച് يَعِظُكُم بِهِمَا എന്നാണ് പറയുക എന്ന് അറബി അറിയുന്ന ആർക്കും അറിയുമല്ലോ.

മറ്റൊരു തെളിവുകൂടി നോക്കൂ. സാധാരണ ഖുർആൻ പാരായണം (തിലാവത്തുൽ ഖുർആൻ) എന്നല്ലാതെ ഹദീസ് പാരായണം (തിലാവത്തുൽ ഹദീസ്) എന്ന് ഇന്നുവരെ നമ്മൾ കേട്ടിട്ടില്ല. നബിയുടെ ഭാര്യമാർക്ക് ഇരുന്ന് ഓതാൻ പാകത്തിൽ നബിയുടെ കാലത്ത് ഹദീസിന്റെ കിതാബുണ്ടായിരുന്നോ? അവ എഴുതപ്പെടുകയും ക്രോഡീകരിക്കപ്പെടുകയും ചെയ്തിരുന്നോ? ഖുർആന്റെ ഏടുകൾ അവർക്ക് തിലാവത്ത് (പാരായണം) ചെയ്തുകൊടുത്തിരുന്നു എന്നല്ലാതെ ഹദീസിന്റെ ഏടുകൾ പാരായണം ചെയ്തു കൊടുത്തിരുന്നു എന്നു ഖുർആനിലില്ല.

وَاذْكُرْنَ مَايُتْلَى فِي بُيُوتِكُنَّ مِن آيَاتِ اللَّهِ وَالْحِكْمَةِ إِنَّ اللَّهَ كَانَ لطِيفًاخبِيرًا

(അല്ലാഹുവിന്റെ വചനങ്ങളും ഹിക്മത്തുമായി നിങ്ങളുടെ വീടുകളിൽ പാരായണം ചെയ്യുന്നതു നിങ്ങൾ ഓർമ്മിക്കുകയും ചെയ്യുവിൻ..... അഹ്സാബ്-34) അപ്പോൾ സഹോദരങ്ങളേ, ഈ ആയത്തിലും ഹിക്മത്തുകൊണ്ട് ഹദീസല്ല, ഖുർആനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തം.

*(അവസാനിക്കുന്നില്ല)*



ഇസ്‌ലാമിന്റെ പ്രമാണം ഖുർആൻ മാത്രം 4

# മരിച്ചവരെ കേൾപ്പിക്കാമോ?

**മജീദ് സുല്ലമി ഉഗ്രപുരം**

"നിനക്ക് മരിച്ചവരെ കേൾപ്പിക്കാൻ സാധ്യമല്ല. നീ ഒരു താക്കീതുകാരൻ മാത്രമാണ്.'' (35:22, 27:81)

ഇബ്നു ഉമർ റിപ്പോർട്ട് ചെയ്യുന്ന ഹദീസ്: ബദറിൽ വധിക്കപ്പെട്ട ബഹുദൈവവിശ്വാസികളെ അടക്കം ചെയ്ത പൊട്ടക്കിണറ്റിൽ ഏന്തിനോക്കി നബി ചോദിച്ചു: നിങ്ങളുടെ താക്കീത് എങ്ങനെയുണ്ട്? അനുഭവപ്പെട്ടോ? മരിച്ചവരെയാണോ താങ്കൾ വിളിക്കുന്നത് എന്ന് അനുചരൻമാർ ചോദിച്ചു. മറുപടി: നിങ്ങളെക്കാൾ നന്നായി അവർക്ക് കേൾക്കാൻ സാധിക്കും. അവർ മറുപടി പറയില്ലെന്ന് മാത്രം. 24 ശവങ്ങൾ ഉണ്ടായിരുന്നു ആ പൊട്ടക്കിണറ്റിൽ. (ബുഖാരി: സലാം സുല്ലമിയുടെ പരിഭാഷ-3976, സി.എൻ. അഹമ്മദ് മൗലവിയുടെ പരിഭാഷ-665)

അനുചരന്മാരുടെ ചോദ്യത്തിന് "അവർ നിങ്ങളെക്കാൾ കേൾക്കും" എന്ന് നബി മറുപടി കൊടുത്തെങ്കിൽ ഏത് ആയത്തിന്റെ വ്യാഖ്യാനമാണത്? മാത്രമല്ല, ഒരു ദയയും ഇല്ലാതെ 24 ശവം ഒരേ കുഴിയിൽ വലിച്ചെറിയുമോ?

## ലോകാവസാന ലക്ഷണങ്ങൾ

''അതെപ്പോഴാണ് വന്നെത്തുക എന്ന് അന്ത്യസമയത്തെപ്പറ്റി അവർ നിന്നോട് ചോദിക്കുന്നു. പറയുക: അതിനെക്കുറിച്ചുള്ള അറിവ് എന്റെ രക്ഷിതാവിങ്കൽ മാത്രമാണ്. അതിന്റെ യഥാർത്ഥ സമയത്ത് അവൻ അത് വെളിപ്പെടുത്തും. പെട്ടെന്നല്ലാതെ അത് സംഭവിക്കില്ല.'' (7:187, 16:71) "നീ അത് ചികഞ്ഞന്വേഷിക്കേണ്ട. കണ്ണ് ചിമ്മിത്തുറക്കുന്നതിനിടക്ക് സംഭവിച്ചേക്കാം." (22:55)

എന്നാൽ മുസ്ല്യാക്കന്മാർ സ്ത്രീകൾ ചിറ്റ് ഊരിക്കൊടുക്കാൻ എന്തെല്ലാം ലക്ഷണങ്ങളാണ് ഹദീസ് ഉദ്ധരിച്ച് അവതരിപ്പിക്കാറ്. ദജ്ജാൽ വരും. ഒറ്റക്കണ്ണനാണവൻ. ജനത്തിന്റെ മുന്നിൽ വെച്ച് ഒരാളെ കൊന്ന് അവൻ തന്നെ ജീവൻ കൊടുക്കും. മക്ക, മദീന ഒഴികെ എല്ലായിടത്തും അവൻ എത്തും. (ബു: സി.എൻ-1268, സുല്ലമി-1882)

ഖുർആനിൽ ദജ്ജാൽ എന്ന ഒരു പദം തന്നെ കാണാൻ സാധ്യമല്ല. ഖുർആനിൽ 10 സ്ഥലത്ത് 'മസീഹ്' എന്ന് കാണാം. അതിനോട് ചേർന്ന് ഈസബ്നുമർയം എന്നാണ് പ്രയോഗിച്ചത്. അല്ലാതെ മസീഹ് ദജ്ജാൽ എന്ന പദം കാണാൻ സാധ്യമല്ല. തത്വത്തിൽ അഞ്ച് നേര നമസ്കാരത്തിലും ഇവർ ജനത്തെ പഠിപ്പിക്കുന്നത് പെരുങ്കള്ളനായ ഈസാ നബി എന്ന അർഥത്തിലാണ്. അതുപോലെ ഖുർആൻ വിരുദ്ധമായ ഖബർ ശിക്ഷയെക്കുറിച്ചും നമസ്കാരത്തിൽ ചൊല്ലിപ്പിക്കുന്നു.

## പരലോകത്ത് ശിപാർശയുണ്ടോ?

"ഒരാൾക്കും മറ്റൊരാൾക്ക് വേണ്ടി ഒരുപകാരവും ചെയ്യാൻ പറ്റാത്ത ദിവസത്തെ നിങ്ങൾ സൂക്ഷിക്കുക. മറ്റൊരാളുടെ ശിപാർശയോ പ്രായശ്ചിത്വമോ സ്വീകരിക്കാത്ത ദിവസമത്രെ അത്." (2:48, 123, 29:44)

ഹദീസിൽ പറയുന്നതിങ്ങനെ: മഹ്ശറയിൽ വിചാരണക്ക് എടുക്കുന്നതിന് മുമ്പ് വെപ്രാളം കൊണ്ടിരിക്കുന്ന ഘട്ടത്തിൽ ജനം ശിപാർശക്ക് വേണ്ടി ആദം മുതലുള്ള നബിമാരുടെ അടുക്കൽ ചെല്ലും. അവരെല്ലാം കൈ മലർത്തും. അവസാനം മുഹമ്മദ് നബിയെ സമീപിക്കും. നബി സുജൂദിൽ വീഴും. "തല ഉയർത്തൂ; ചോദിക്കൂ" എന്ന് ദൈവം പറയും. നബി പറയും: "എന്റെ സമുദായത്തെ ഒന്ന് വിചാരണക്ക് എടുക്കൂ." വിചാരണക്ക് മുമ്പ് 50,000 വർഷം അവിടെ കഴിച്ചുകൂട്ടും. (ബു: സി.എൻ-1872, സുല്ലമി-4476) അങ്ങനെ മുഹമ്മദ് നബിയുടെ ശിപാർശ ഫലിച്ച് ധാരാളം പേർ സ്വർഗത്തിലെത്തിയ കഥകൾ ഹദീസുകളിൽ കാണാം.

ഖുർആനിൽ 31 സ്ഥലത്ത് 'ശഫാഅത്ത്' (ശിപാർശ) എന്നും നാല് സ്ഥലത്ത് മുഹമ്മദ് എന്നും കാണാം. എന്നാൽ എവിടെയെങ്കിലും ശിപാർശക്കുള്ള അധികാരം മുഹമ്മദിനുണ്ട് എന്ന് പറഞ്ഞോ? കൂടാതെ 'എന്റെ സമുദായം, എന്ന സ്വാർത്ഥത മുഹമ്മദ് നബിക്കുണ്ടാവാൻ പാടില്ല. മാത്രമല്ല, വിചാരണയില്ലാതെ 50000 വർഷം കഷ്ടത്തിലാക്കുമോ? മറ്റു നബിമാരെല്ലാം പാപികളാണെന്ന് വരുത്തിത്തീർക്കുകയും ചെയ്തു.

## ജൂതൻ മുഖേന നരകമോചനം!

അബൂമൂസയിൽ നിന്ന് നിവേദനം: അന്ത്യദിനമായാൽ അല്ലാഹു ഓരോ മുസ്ലിമിനും ഒരു ജൂതനെയോ ക്രിസ്ത്യാനിയെയോ കൊടുത്ത് പറയും: ഇവനാണ് നരകത്തിൽ നിന്ന് നിന്നെ മോചിപ്പിച്ചത്.

മുഹദ്ദിസുകൾ ജൂതായിസം സ്ഥാപിക്കുന്ന സ്വഭാവം മനസ്സിലായില്ലേ!

## ശുഹദാക്കൾ ആരെല്ലാം?

അബൂ ഹുറയ്റയിൽ നിന്ന് നിവേദനം. നബി പറഞ്ഞു: ശുഹദാക്കൾ അഞ്ച് വിധമാണ്. 1. പ്ലേഗ് നിമിത്തം മരിച്ചവർ. 2. ഉദരരോഗത്താൽ മരിച്ചവർ. 3. മുങ്ങി മരിച്ചവർ. 4. വല്ല വസ്തുവും ശരീരത്തിൽ വീണു മരിച്ചവർ. 5. അല്ലാഹുവിന്റെ മാർഗത്തിൽ രക്തസാക്ഷിയായവർ. (മുത്തഫഖ്-1358)

> ഖുർആനിൽ ദജ്ജാൽ എന്ന പദം കാണാൻ സാധ്യമല്ല. 10 സ്ഥലത്ത് 'മസീഹ്' എന്ന് കാണാം. അതിനോട് ചേർന്ന് ഈസബ്നുമർയം എന്നാണ് പ്രയോഗിച്ചത്. അല്ലാതെ മസീഹ് ദജ്ജാൽ എന്ന് കാണില്ല. അഞ്ച് നേരനമസ്കാരത്തിലും ഇവർ ജനത്തെ പഠിപ്പിക്കുന്നത് പെരുങ്കള്ളനായ ഈസാ നബി എന്ന അർഥത്തിലാണ്.

മുങ്ങിമരിച്ചവരിൽ ഫറോവയും ഉണ്ടല്ലോ. അദ്ദേഹവും രക്തസാക്ഷിയാണോ? ഹദീസ് വാറോലക്കാർ വ്യക്തമാക്കട്ടെ. തന്റെ ധനം കൊണ്ടും ശരീരം കൊണ്ടും അല്ലാഹുവിന്റെ മാർഗത്തിൽ ധർമ്മ സമരം ചെയ്യുന്നവർക്ക് ദൈവസന്നിധിയിൽ പാപമോചനമുണ്ടെന്നും സ്വർഗമുണ്ടെന്നും ഭയപ്പെടേണ്ടതില്ലെന്നും ഖുർആനിൽ ധാരാളം സ്ഥലങ്ങളിൽ കാണാം. എന്നാൽ അബൂ ഹുറയ്റ ഇവിടെ സ്ഥാപിക്കുന്നത് ജിഹാദിനെ അഞ്ചാം സ്ഥാനത്താക്കി മറ്റു മരണങ്ങൾക്കും പുണ്യം കല്പിക്കലാണ്. എങ്കിലല്ലേ ഖുർആന്റെ മുഖ്യ ആശയം പൊളിയൂ.

## മുള്ള് തറച്ചാൽ പാപമോചനം!

അബൂസഈദ്, അബൂഹുറയ്റ: നബി പറഞ്ഞു: ഒരു മുസ്ലിമിന് ക്ഷീണം, രോഗം, ദുഃഖം, ക്ലേശം, വ്യസനം മുതലായത് ബാധിക്കുകയോ മുള്ള് തറക്കുകയോ ചെയ്താൽ അത് കാരണമായി അല്ലാഹു അവന്റെ പാപങ്ങൾ പൊറുത്ത് കൊടുക്കും. (മുത്തഫഖ്-39) അബൂ ഹുറയ്റ: നബി പറഞ്ഞു: മുള്ള് തറച്ച മുസ്ലിമിന് വൃക്ഷത്തിന്റെ ഇലകളടർന്നു വീഴും പ്രകാരം അല്ലാഹു പാപങ്ങൾ പൊറുത്തു കൊടുക്കും. (ബുഖാരി, മുസ്ലിം) ഇത്ര വലിയ ഓഫർ രഹസ്യമായി ഹുറയ്റയോട് പറഞ്ഞാൽ മതിയോ? ഖുർആനിൽ പറഞ്ഞ പാപമോചന സന്ദർഭം ഒന്ന് പരിശോധിക്കുക.

## ശവം ദഹിപ്പിച്ചാൽ പാപമോചനം!

ഹുദൈഫ റിപ്പോർട്ട് ചെയ്യുന്നു: നബി പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. ഒരു മനുഷ്യന് മരണം ആസന്നമായി. തന്റെ ജീവിതത്തെക്കുറിച്ച് നിരാശനായ ആ മനുഷ്യൻ കുടുംബത്തോട് വസ്വിയ്യത്ത് ചെയ്തു: ഞാൻ മരിച്ചു കഴിഞ്ഞാൽ എന്നെ കത്തിച്ചു വെണ്ണീറാക്കണം. എന്നിട്ട് സമുദ്രത്തിലൊഴുക്കണം. അവർ അപ്രകാരം ചെയ്തു. എന്നിട്ട് പരലോകത്ത് വെച്ച് അല്ലാഹു ചോദിക്കുന്നു: നീ എന്തിനാണങ്ങനെ ചെയ്തത്? അവൻ പറഞ്ഞു: നിന്നെ ഭയന്നിട്ട്. അന്നേരം അല്ലാഹു അവന് പാപങ്ങൾ പൊറുത്ത് കൊടുത്തു. (റിയാളു സ്വാലിഹ്-

മുത്തഫക്ക് -1663, 1541, സി.എൻ-1402, സുല്ലമി-3452).

മണ്ണിൽ കുഴിച്ചിട്ടവരുടെ ഭാവി എന്താണ് എന്ന് അറിയിക്കപ്പെട്ടിട്ടില്ല. എന്നാൽ ശവം കരിച്ചു വെണ്ണീറാക്കിയാൽ പാപമോചനമുണ്ടെന്ന് ഉറപ്പ് കിട്ടുന്നുവെങ്കിൽ എന്തിന് ആറടി സ്ഥലം വെറുതെ നഷ്ടപ്പെടുത്തുന്നു? മറ്റു വല്ല കൃഷിക്കും ഉപയോഗിച്ചുകൂടെ? ബ്രാഹ്മണരുടെ പ്രവൃത്തിയെ എന്തിനാക്ഷേപിക്കണം?



## പാപഭാരം മറ്റുള്ളവർ ഏൽക്കില്ല

ഒരാളുടെ പാപ ഭാരവും മറ്റൊരാളിൽ കെട്ടിവെക്കാവതല്ല. അവർ സമ്പാദിച്ചത് അവർക്കുണ്ട്; നിങ്ങൾ സമ്പാദിച്ചത് നിങ്ങൾക്കും. ഓരോരുത്തരും ഓരോരുത്തരുടെ സമ്പാദ്യത്തിന് പണയമാണ് എന്നിങ്ങനെ ഖുർആനിൽ ധാരാളം സ്ഥലത്ത് കാണാം. (35:18, 52:21, 2:141, 134).

എന്നാൽ ഹദീസ് ഭാണ്ഡത്തിലേക്ക് കടന്നാൽ ഇതിനെല്ലാം വിരുദ്ധ ആശയം അനവധി കാണാം. ഏതാനും ഉദാഹരണങ്ങൾ. മയ്യിത്തിന് വേണ്ടി വല്ലവനും പൊട്ടിക്കരഞ്ഞാൽ മയ്യിത്ത് ശിക്ഷിക്കപ്പെടും. പ്രായപൂർത്തി എത്താത്ത മൂന്ന് കുട്ടികൾ മരിച്ചാൽ ഉമ്മ സ്വർഗത്തിൽ. ഒരു മുസ്‌ലിമിനെ നല്ലവനെന്ന് നാല് പേർ പറഞ്ഞാൽ അവൻ സ്വർഗത്തിൽ (സി.എൻ-663).

ഇബ്നു അബ്ബാസ് റിപ്പോർട്ട് ചെയ്യുന്നു. ഒരു സ്ത്രീയോ പുരുഷനോ നബിയുടെ അടുക്കൽ വന്ന് പറഞ്ഞു: എന്റെ മാതാവിന് ഒരു മാസത്തെ നോമ്പ് കടമുണ്ട്. ഞാൻ അത് വീട്ടണോ? അതേ, അല്ലാഹുവിനുള്ള കടമല്ലേ, നീ അത് നോറ്റ് വീട്ടണം. (റിയാളുസ്വാലിഹ്-1864, മുത്തഫഖ്)

ഖുർആന്റെ വിശദീകരണമാണ് ഹദീസ് എന്നാണല്ലോ ജൽപനം. ഏത് ആയത്താണിതിന് പിൻബലമുള്ളത്? റിപ്പോർട്ടർക്ക് സ്ത്രീയോ പുരുഷനോ എന്ന് വകതിരിവില്ല. എങ്ങനെ ഉണ്ടാവും? നബി മരിക്കുമ്പോൾ ഇബ്നു അബ്ബാസിന് 10 ൽ താഴെ പ്രായമേ ഉള്ളൂ എന്ന് ബുഖാരിയിൽ തന്നെ കാണാം.

ഒരു സ്ത്രീ നബിയുടെ പക്കൽ വന്ന് ചോദിച്ചു: "എന്റെ ഉമ്മ ഹജ്ജ് നേർച്ചയാക്കിയിരുന്നു. അത് നിർവഹിക്കുന്നതിന് മുമ്പ് മരിച്ചുപോയി. ഞാൻ അത് ചെയ്യണോ?" "അതേ, നിനക്കത് നിർവ്വഹിക്കാം." (സുല്ലമി-1513).

## പാപം ചെയ്യാനുള്ള ആഹ്വാനം

നിങ്ങൾ പാപം ചെയ്യുന്നില്ലെങ്കിൽ ഈ ഭൂലോകത്ത് നിന്ന് നിങ്ങളെമാറ്റി പകരം പാപം ചെയ്യുകയും പാപമോചനം തേടുകയും ചെയ്യുന്ന ഒരു ജനവിഭാഗത്തെ അല്ലാഹു കൊണ്ടുവരും. (മുസ്‌ലിം, അബൂഹുറയ്റ-1877, റിയാളുസ്വാലിഹ്)

ജനത്തെ നരകാഗ്നിയിൽ ചാടിക്കാൻ മാർഗം കണ്ടെത്തുകയാണ് ഹുറയ്റ ഇവിടെ ചെയ്തത്. സൂറത്ത് തൗബയിലെ തൗബ ബുഖാരിക്കും ഹുറയ്റക്കും എന്താണെന്ന് മനസ്സിലായില്ലെന്നാണോ!

## വസ്വിയത്ത്

"നിങ്ങൾ മരണം ആസന്നമാവുമ്പോൾ ധനം വിട്ടേച്ചു പോവുന്നുവെങ്കിൽ മാതാപിതാക്കൾക്കും അടുത്ത ബന്ധുക്കൾക്കും വേണ്ടി ന്യായപ്രകാരം വസ്വിയ്യത്ത് ചെയ്യാൻ നിർബന്ധമായി കൽപിക്കപ്പെട്ടിരിക്കുന്നു. സൂക്ഷ്മത പുലർത്തുന്നവർക്ക് ഒരു കടമയത്രെ അത്." (ഖുർആൻ 2:180)

ഈ നിർബന്ധ കടമക്കു മേൽ ഹദീസ് കത്തിവെച്ചത് നോക്കുക. ''ലാവസ്വിയ്യത്തലിവാരിസിൻ'' (അനന്തരാവകാ

ശികൾക്ക് വസ്വിയ്യത്ത് ഇല്ല) എന്ന ഹദീസ് ഉണ്ടാക്കി അനവധി സാധുക്കളുടെ അന്നം മുട്ടിച്ചു പണ്ഡിത സമൂഹം.

മരണം മുൻകൂട്ടി കണ്ടിരിക്കുന്ന ഒരു വ്യക്തിക്ക് നാല് മക്കളുണ്ടെന്ന് കരുതുക. അതിൽ ഒരുവൻ വളരെ ബലഹീനൻ. ജീവിതം പിതാവിന്റെ ആശ്രയത്തിൽ. എങ്കിൽ മരണശേഷം വന്നേക്കാവുന്ന അവസ്ഥ ഭയന്ന് വരുമാനമുള്ള ഒരു സ്വത്ത് അവന് വേണ്ടി നീക്കി വെക്കാം എന്ന് ഖുർആൻ.

എന്നാൽ അനന്തരാവകാശിക്ക് വസ്വിയത്ത് പാടില്ല എന്ന ഹദീസ് കൊണ്ട് ഈ ആശയത്തിനെപോലും 'നസ്ഖ്' ചെയ്തു (ദുർബലപ്പെടുത്തി) എന്നാണ് പണ്ഡിതസമൂഹത്തിൽ ഭൂരിപക്ഷവും എഴുതിവെച്ചത്. ഇതിന് അവരുടെ ന്യായം ഖുർആനും ഹദീസും അല്ലാഹുവിന്റെ വാക്ക് തന്നെയാണല്ലോ; ഖുർആനിൽ അനന്തരാവകാശിക്ക് വസ്വിയത്ത് നിർബന്ധം എന്ന ആയത്ത് ഇറങ്ങിയശേഷം നബി പറഞ്ഞ വാക്കും അംഗീകരിക്കണമല്ലോ എന്നാണ്. അതിനാൽ ഖുർആനിലെ വസ്വിയ്യത്തിന്റെ ആയത്ത് ദുർബലപ്പെട്ടുവത്രെ.

ഏതോ ഒരു വിരുതൻ സ്വത്ത് കൈക്കലാക്കാൻ സ്വയം പടച്ചുണ്ടാക്കിയ ഹദീസ് പ്രചാരത്തിലായതിനാൽ വന്നു ഭവിച്ച ഭവിഷ്യത്ത് എത്രയാണെന്ന് നോക്കൂ.

## ഖുർആനിലെ സ്വർഗം

മറ്റുള്ളവർക്ക് ഉപകാരം ലഭിക്കാവുന്ന കാര്യങ്ങൾ പ്രതിപാദിക്കുന്നിടത്താണ് മുഖ്യമായും ഖുർആനിൽ സ്വർഗത്തിന്റെ പ്രാധാന്യം വിവരിച്ചത്. ദാനധർമ്മം, പരോപകാരം, അല്ലാഹുവിന്റെ മാർഗത്തിലെ പ്രവർത്തനം എന്നിങ്ങനെ നന്മകണ്ടെത്തുന്നവർക്ക് സ്വർഗം, പാപമോചനം, താഴ്ഭാഗത്ത് കൂടി ഒഴുകുന്ന നദി, ആഗ്രഹിക്കുന്നതെല്ലാം നൽകാം എന്നിങ്ങനെ വലിയ വാഗ്ദാന

അബൂ ഹുറയ്റയിൽ നിന്ന് നിവേദനം. നബി പറഞ്ഞു: ശുഹദാക്കൾ അഞ്ച് വിധമാണ്. 1. പ്ലേഗ് നിമിത്തം മരിച്ചവർ. 2. ഉദരരോഗത്താൽ മരിച്ചവർ. 3. മുങ്ങി മരിച്ചവർ. 4. വല്ല വസ്തുവും ശരീരത്തിൽ വീണു മരിച്ചവർ. 5. അല്ലാഹുവിന്റെ മാർഗത്തിൽ രക്തസാക്ഷിയായവർ. (മുത്തഫഖ്-1358). മുങ്ങിമരിച്ചവരിൽ ഫറോവയും ഉണ്ടല്ലോ അദ്ദേഹവും രക്തസാക്ഷിയാണോ? ഹദീസ് വാറോലക്കാർ വ്യക്തമാക്കട്ടെ.

ങ്ങളാണ് ഖുർആൻ നൽകുന്നത്. 350 ഓളം സ്ഥലത്ത് ഇവ കാണാം. ഒരാവർത്തി വായിച്ച് മനസ്സിലാക്കാൻ ശ്രമിക്കുക.

## ഹദീസിലെ സ്വർഗം

നിസ്സാര കാര്യങ്ങൾക്കാണ് ഹദീസുകൾ സ്വർഗം വാഗ്ദാനം ചെയ്യുന്നത്. ഉദാ: സുബഹിക്ക് ശേഷം 100 തവണ സുബ്ഹാനല്ല എന്ന് തുടങ്ങുന്ന പ്രാർഥന ചൊല്ലിയാൽ കടലിലെ തിരമാലകളോളം പാപം ഉണ്ടെങ്കിലും പൊറുത്ത് കൊടുക്കും. ഒരു ജുമുഅ മുതൽ അടുത്ത ജുമുഅ വരെ ഉള്ള പാപം പൊറുക്കും. ഒരു ഉംറ മുതൽ അടുത്ത ഉംറ വരെ ചെയ്ത തെറ്റ് പൊറുക്കും. ഹജ്ജ് ചെയ്താൽ ഇപ്പോൾ പ്രസവിച്ച കുട്ടിയെപ്പോലെ ആയിത്തീരും. അറഫാനോമ്പിന് ഒരു കൊല്ലത്തെ പാപമോചനം. ആറുനോമ്പ് നോറ്റാൽ ഒരു കൊല്ലം നോമ്പ് നോറ്റതിന് തുല്യം. ഇപ്രകാരമുള്ള കേവലാരാധനകൾക്ക് ഖുർആൻ പ്രാധാന്യം കൊടുത്തിട്ടുണ്ടോ എന്ന് പരിശോധിക്കുക.

ദാനധർമ്മത്തെക്കാൾ വലുത് തസ്ബീഹ് ചൊല്ലലും മറ്റുമാണെന്ന് കണക്കാക്കി, എത്ര തെറ്റ് ചെയ്താലും ഇവ കൊണ്ടെല്ലാം മായ്ച്ചുകളയും എന്ന മിഥ്യാധാരണ ഉണ്ടാക്കുകയാണ് ഹദീസുകൾ ചെയ്തത്.

## ജമാഅത്ത് നമസ്കാരം

ഖുർആൻ പ്രകാരം ഒറ്റക്കുള്ള നമസ്കാരത്തിനും ജമാഅത്തിനും (അത് മക്കത്തായാലും മദീനത്തായാലും) ഒരേ പ്രതിഫലം. എന്നാൽ ജമാഅത്തായുള്ള നമസ്കാരത്തിന് ബുഖാരിയിൽ അടുത്തടുത്ത രണ്ട് ഹദീസിൽ അബൂ ഹുറയ്റ 25 ഇരട്ടി എന്നും ഇബ്നു ഉമർ 27 ഇരട്ടി എന്നും എഴുതിപ്പിടിപ്പിച്ചിരിക്കുന്നു. (സി.എൻ-373, 374) ഒരാളോട് 25 എന്നും മറ്റൊരാളോട് 27 എന്നും പറയുമോ? അപ്പോൾ ആര് പറഞ്ഞതാണ് ശരി? മക്കത്തെ പള്ളിയിൽ നിന്നാണെങ്കിൽ ഒരു ലക്ഷം വക്തിന്റെ കൂലി. മദീനാ പള്ളിയിൽ നിന്നെങ്കിൽ 2000. റമസാനിൽ 70 ഇരട്ടി. ഇത്രയും ഭീമമായ പ്രതിഫലം ലഭിക്കുന്ന കാര്യം എന്തുകൊണ്ട് ഖുർആനിൽ പറഞ്ഞില്ല? ഹുറയ്റയോട് പറഞ്ഞ് തന്റെ ഉത്തരവാദിത്തത്തിൽ നിന്ന് മാറിനിൽക്കുകയാണോ മുഹമ്മദ് നബി ചെയ്തത്?

ഒരു പണക്കാരൻ റമസാനിൽ 30 ദിവസം മക്കത്തെ പള്ളിയിൽ ജമാഅത്തായി നമസ്കരിച്ചാൽ കിട്ടുന്ന കൂലി ഒന്ന് പരിശോധിക്കുക. ഏതൊരു നന്മക്കും അല്ലാഹു വാഗ്ദാനം നൽകിയ 10 ഇരട്ടികൂടി കൂട്ടിയാലുള്ള കണക്ക്:

27 X 70 X 10 X 100000 = 189 കോടി ഒരു വക്തിന്.

അഞ്ച് വക്തിന് 189 X 5 = 945 കോടി ഒരു ദിവസം.

30 ദിവസത്തേക്ക് 945 X 30 = 28350 കോടി നമസ്കാരത്തിന് തുല്യം.

ഒരാൾ തന്റെ വീട്ടിൽ നിന്ന് ഒരു മാസം നമസ്കരിച്ചാൽ കിട്ടുന്നത് 10 X 5 X 30 = 1500 വക്ത് മാത്രം. ഇയാൾക്ക് 60 വയസ്സ് ആയുസ്സ് കണക്കാക്കിയാൽ ഒമ്പത് ലക്ഷം നമസ്കാരമേ ആവുന്നുള്ളൂ.

*(അവസാനിക്കുന്നില്ല)*



# പലിശയും കച്ചവടവും

**സുലൈമാൻ അയനിക്കോട്**

ഖുർആൻ നിരോധിച്ച പലിശ ഏതാണെന്ന് നമുക്കൊന്ന് പരിശോധിക്കാം. ബാങ്ക്, ഇൻഷുറൻസ് കമ്പനി പോലുള്ള സ്ഥാപനങ്ങളുമായുള്ള ഇടപാടുകളിലൂടെ ലഭിക്കുന്ന ലാഭം വാങ്ങുന്നതും കൊടുക്കുന്നതും അല്ലാഹു നിരോധിച്ച പലിശയാണെന്നാണ് നിലവിലുള്ള വിശ്വാസം. എന്നാൽ ഇവ അല്ലാഹു നിരോധിച്ച പലിശയിൽ ഉൾപ്പെടില്ല. ഖുർആനിക നിർവചന പ്രകാരം ഇരട്ടിലാഭം എടുക്കുന്നതും സന്ദർഭങ്ങൾക്കനുസരിച്ച് ചൂഷണം ചെയ്യുന്നതുമാണ് പലിശയിൽ ഉൾപ്പെടുന്നത്. രൂപ കടം കൊടുക്കുകയും അതിലേക്ക് മുതലിന് പുറമെ വസൂലാക്കുകയും ചെയ്യുന്ന വിഹിതത്തിനാണ് പലിശ എന്ന് പറയുന്നതെന്ന് സമൂഹം വിശ്വസിച്ച് പോരുന്നു. എന്നാൽ ഇത് മുടക്ക് മുതലിന് പിന്നീട് സംഭവിക്കുന്ന മൂല്യക്കുറവിലേക്കും മറ്റു ചെലവുകളിലേക്കും വകവെക്കുന്ന തുക എന്ന നിലയിലേ പരിഗണിക്കാവൂ. ഖുർആൻ പറയുന്നു: "സത്യവിശ്വാസികളേ, ഇരട്ടിയിരട്ടിയായി പലിശ തിന്നാതിരിക്കുകയും അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്യുക. നിങ്ങൾ വിജയികളായേക്കാം." (3:130). ഇരട്ടിലാഭം എടുക്കുന്നതിനെയാണ് ഇവിടെ അല്ലാഹു പലിശ എന്ന പേരിൽ പരിചയപ്പെടുത്തുന്നത്. കടമിടപാട് നടത്തുവാനുള്ള അനുവാദം ഖുർആൻ 2:283 ലൂടെ നൽകുന്നുണ്ട്. കടമിടപാട് നടത്തുമ്പോൾ അതിനുവേണ്ട എഴുത്തുകാരെയും മറ്റുള്ള സൗകര്യങ്ങളെയും കുറിച്ച് ഈ സൂക്തം സൂചിപ്പിക്കുന്നു. ലക്ഷങ്ങൾ മുതൽ മുടക്കി ഗവർമെന്റുകളോ സഹകരണസ്ഥാപനങ്ങളോ വ്യക്തികളോ വായ്പ ഇടപാട് നടത്തുമ്പോൾ അതിന് വേണ്ട സ്ഥലസൗകര്യങ്ങളും എഴുത്തുകാരും മറ്റും ഉണ്ടാവേണ്ടത് നിർബന്ധമാണ്. അതിലേക്ക് വേണ്ട ചെലവ് സംഖ്യ ഉപഭോക്താക്കളിൽ നിന്ന് വസൂലാക്കാം. വായ്പവാങ്ങുന്ന ആളിൽ നിന്ന് ചെലവ് സംഖ്യയിലേക്ക് ശതമാനം നിശ്ചയിച്ച് ലാഭം വസൂലാക്കുന്നതിന് ഖുർആനിക നിയമപ്രകാരം പലിശ എന്ന് പറയാൻ പാടില്ല. ശതമാനം നിശ്ചയിക്കുന്നത് ചെലവനുസരിച്ചായിരിക്കണമെന്ന് മാത്രം.

ഖുർആൻ പറയുന്നത് നോക്കുക: ''പലിശ (ഇരട്ടി) അവർക്ക് നിരോധിക്കപ്പെട്ടതായിട്ടും അവരത് വാങ്ങുന്നത് കൊണ്ടും ജനത്തിന്റെ സ്വത്തുക്കൾ അന്യായമായി തിന്നതുകൊണ്ടും കൂടിയാണത്. അവരിൽ നിന്നുള്ള സത്യനിഷേധികൾക്ക് നാം വേദനയേറിയ ശിക്ഷ ഒരുക്കിവെച്ചിട്ടുണ്ട്." (4:161) രൂപ വായ്പവാങ്ങിയതിന് ശേഷം സന്ദർഭോചിതമല്ലാതെ ശതമാനം നിശ്ചയിച്ച് ലാഭം വാങ്ങുന്നതിന് പുറമെ നിശ്ചയിച്ച ശതമാനത്തിലധികം വാങ്ങുന്നതിനാണ് അന്യായമായി ജനത്തിന്റെ സ്വത്ത് തിന്നുക എന്ന് ഖുർആൻ

പറയാൻ കാരണം. വീണ്ടും ഖുർആൻ പറയുന്നത് നോക്കുക: "ജനത്തിന്റെ സ്വത്തുക്കളിലൂടെ വളർച്ച നേടുവാനായി നിങ്ങൾ വല്ലതും (ഇരട്ടി) പലിശക്ക് കൊടുക്കുന്ന പക്ഷം അല്ലാഹുവിങ്കൽ നിന്ന് അത് വളരില്ല." (30:39) കടംകൊടുക്കുന്ന രൂപയുടെ മൂല്യം മാസങ്ങൾക്കനുസരിച്ച് നിലനിർത്തിയും അവയിലൂടെ വരുന്ന നഷ്ടങ്ങൾ വസൂലാക്കുകയും ചെയ്യുന്നതിന് പുറമെ ഇരട്ടിലാഭം നേടി മറ്റുള്ളവരുടെ സ്വത്ത് സമ്പാദിക്കുന്നവർക്കാണ് 4:161 ലൂടെ വേദനയേറിയ ശിക്ഷയുണ്ടെന്ന് മുന്നറിയിപ്പ് തരുന്നത്. ഫിക്സഡ് ഡെപ്പോസിറ്റായി പണം നിക്ഷേപിക്കുമ്പോൾ അഞ്ച് വർഷം തികയുമ്പോൾ നിക്ഷേപിച്ച സംഖ്യയുടെ ഇരട്ടിയാകുന്നതിനെയാണ് ഖുർആൻ നിരോധിച്ച പലിശയായി മുസ്‌ലിം സമൂഹം കണക്കാക്കുന്നത്. ഇതൊരിക്കലും ഖുർആൻ പറഞ്ഞ ഇരട്ടിപ്പലിശയിൽ ഉൾപ്പെടില്ല. ഇരട്ടിപ്പലിശ എന്നാൽ മൂലധനത്തിൽ വരുന്ന നഷ്ടസംഖ്യയുടെ ഇരട്ടിവാങ്ങുമ്പോൾ മാത്രമാണ്. ലോകത്ത് പല സ്ഥലങ്ങളിലും വ്യത്യസ്ത വരുമാനങ്ങളായിരിക്കും ഉണ്ടാവുക. ചില രാജ്യങ്ങൾക്ക് കാർഷിക വരുമാനം ധാരാളമായിരിക്കും. ലോഹങ്ങൾ ഉൽപാദിപ്പിക്കുന്ന സ്ഥലവും ധാരാളം എണ്ണ കുഴിച്ചെടുക്കുന്ന സ്ഥലവുമുള്ള രാജ്യങ്ങളുടെ വരുമാനം വിഭിന്നമായിരിക്കും. ഇവയൊന്നും ഇല്ലാത്ത സ്ഥലങ്ങളിൽ അവ എത്തിക്കണമെങ്കിലും ഉൽപാദിപ്പിച്ചെടുക്കണമെങ്കിലും കറൻസി അനിവാര്യമാണ്. ഇത്തരം ആവശ്യങ്ങൾക്ക് വേണ്ട രൂപ ഉള്ളവരിൽ നിന്ന് കടം വാങ്ങാനുള്ള സംവിധാനമാണ് ബാങ്കിങ് സമ്പ്രദായം.

ചില മുസ്‌ലിം രാജ്യങ്ങളും സംഘടനകളും പലിശ രഹിത വായ്പാ സംവിധാനം ആരംഭിക്കുകയും പരാജയപ്പെടുകയും ചെയ്തിട്ടുണ്ട്. ഏതെങ്കിലും ഒരു വ്യക്തിയിലോ സമൂഹത്തിലോ ഒതുങ്ങി നിൽക്കേണ്ടതല്ല സാമ്പത്തിക വായ്പാ സഹായ സംവിധാനം. അത് സാർവലൗകികമായിരിക്കണം. പലിശ രഹിത ബാങ്ക് പ്രവർത്തനം ആരംഭിക്കുമ്പോൾ അതിന് വേണ്ട സ്ഥലവും ജോലിക്കാരും മറ്റനവധി ചെലവുകളും വേണ്ടിവരും. സുമാർ ഒരു ലക്ഷം രൂപയുടെ ചെലവ് മാസംതോറും വരും. മുടക്ക് സംഖ്യയിൽ നിന്ന് ഒരു ലക്ഷം മാസം തോറും കുറവ് വരും. 10 വർഷത്തിൽ ഒരു കോടി ഇരുപതിനായിരം രൂപ ചെലവ് കണക്കാക്കണം. ഇതനുസരിച്ച് മുലധനം നഷ്ടപ്പെട്ടതിന് പുറമെ 20,000 രൂപ ബാങ്കിന് കടമായി നിലനിൽക്കും. ഇത്തരം ഒരു സാമ്പത്തികസഹായ സംവിധാനം ആരംഭിക്കാൻ, വരാൻ പോകുന്ന കാര്യങ്ങൾ അറിയുന്ന അല്ലാഹു തന്റെ ദാസന്മാരോട് കൽപിക്കുമോ? സമ്പന്നരിൽ നിന്ന് സമ്പന്നത കുറഞ്ഞവരിലേക്ക് എത്താനും ലോകപുരോഗതിക്കും വേണ്ടിയാണ് കടമിടപാട് സംവിധാനം ഖുർആൻ പ്രോത്സാഹിപ്പിച്ചതും ലോകത്ത് അത് നിലനിന്ന് വരുന്നതും. കച്ചവടത്തിലൂടെ ഇരട്ടിയിരട്ടിയായി മനപ്പൂർവ്വം ലാഭമെടുത്താൽ ഹലാലാണെന്നാണ് നിലവിലുള്ള വിശ്വാസം. ഇന്ന് ലോകത്ത് നടക്കുന്ന കച്ചവടങ്ങൾ ചൂഷണം നിറഞ്ഞതാണ്. (പലിശ ഇനത്തിൽപ്പെട്ടതാണ്) സന്ദർഭങ്ങൾക്കനുസരിച്ച് അമിതലാഭം വസൂലാക്കുന്നു. വലിയ ഓഹരി മാർക്കറ്റുകളും മറ്റും ഖുർആൻ സ്വീകരിച്ച നിലപാടിന് വിരുദ്ധമായാണ് പ്രവർത്തിക്കുന്നതെന്ന് മനസ്സിലാക്കാൻ സാധിക്കും. ഏതെങ്കിലും ഉപയോഗ വസ്തുവിന് കുറവ് വരികയോ കുറവ് വരുത്തുകയോ ചെയ്താൽ ആ സന്ദർഭം ഉപയോഗപ്പെടുത്തി ഇരട്ടിലാഭം വസൂലാക്കുന്നു. ചെറുകിട വ്യവസായികൾ 100 രൂപയുടെ സാധനത്തിന് 150 രൂപയുടെ സീൽ ചെയ്ത് ചൂഷണ വിധേയമാക്കുന്നു.

ഖുർആനിക നിയമപ്രകാരം അനുവദനീയമായ കച്ചവടം എങ്ങനെയാണെന്ന് നമുക്ക് പരിശോധിക്കാം. "സത്യവിശ്വാസികളേ, നിങ്ങൾ പരസ്പരം സംതൃപ്തിയോടെ നടത്തുന്ന കച്ചവട ഇടപാടു മുഖേനയല്ലാതെ നിങ്ങളുടെ സ്വത്തുക്കൾ അന്യോന്യം എടുത്തു തിന്നരുത്." (4:29). പല കച്ചവടങ്ങളും പരസ്പരം തൃപ്തിപ്പെട്ടവയല്ലെന്ന കാര്യത്തിൽ സംശയമില്ല.

കച്ചവടം നടത്തുന്നയാൾ മാസത്തിൽ ഒന്നിലധികം പ്രാവശ്യം സാധനങ്ങൾ ഇറക്കുമതി നടത്താൻ സാധ്യതയുണ്ട്. ഇറക്കുമതിച്ചെലവ്, വാടക, കച്ചവടം നടത്തുന്ന ആളിന്റെ കമ്മീഷൻ, മറ്റു ചെലവുകൾ എന്നിവയെല്ലാം കണക്കാക്കുമ്പോൾ കച്ചവടക്കാരൻ എത്ര രൂപക്കാണോ സാധനം പർച്ചേസ് ചെയ്തത്; അതിന്റെ 50% ഉപഭോക്താവിൽ നിന്ന് വസൂലാക്കൽ അനുവദനീയമാണ്. അമിത ലാഭമെടുത്താൽ ഖുർആൻ നിരോധിച്ച കച്ചവടമായിത്തീരും. ജാഹിലിയ്യാ കാലത്ത് അറബികൾ പണമിടമാടുകൾ നടത്തുമ്പോൾ ഇരട്ടി പലിശ വസൂലാക്കിയിരുന്നു. അവരോട് ഇരട്ടിലാഭത്തിന് ഇടപാടുകൾ നടത്തരുതെന്ന് ഖുർആനിലൂടെ ആജ്ഞാപിക്കപ്പെട്ടു. കച്ചവടം അല്ലാഹു അനുവദിക്കുകയും പലിശ (ഇരട്ടിലാഭം) നിഷേധിക്കുകയുമാണ് ചെയ്തത്. അന്യായമായി ഇരട്ടിലാഭം എടുക്കുന്ന സമ്പ്രദായത്തിനെയാണ് ഖുർആൻ പലിശ എന്ന് പരിചയപ്പെടുത്തിയത്. മനുഷ്യൻ പരസ്പരം നടത്തുന്ന കച്ചവടത്തെക്കുറിച്ച് 2:275, 4:29, 9:24, 62:9-11 എന്നീ ആയത്തുകളിലാണ് പരാമർശിക്കുന്നത്. കച്ചവടം നടത്തുന്നവർ പ്രധാനമായും പാലിക്കേണ്ട മര്യാദ 4:29 ലൂടെയാണ് കല്പിക്കപ്പെട്ടത്. ചിലർക്ക് നാം നൽകും എന്ന് ഖുർആനിൽ കാണാം. സമ്പത്ത് ധാരാളം പ്രദാനം ചെയ്യൽ കൃഷിയിലൂടെയാണെന്നാണ് ഖുർആനിൽ നിന്ന് വ്യക്തമായി മനസ്സിലാക്കാൻ സാധിക്കുക. ഭൂമിയിൽ പലവിധത്തിലുള്ള

ചില മുസ്‌ലിം രാജ്യങ്ങളും സംഘടനകളും പലിശ രഹിത വായ്പാ സംവിധാനം ആരംഭിക്കുകയും പരാജയപ്പെടുകയും ചെയ്തിട്ടുണ്ട്. ഏതെങ്കിലും ഒരു വ്യക്തിയിലോ സമൂഹത്തിലോ ഒതുങ്ങി നിൽക്കേണ്ടതല്ല സാമ്പത്തിക വായ്പാ സഹായ സംവിധാനം. അത് സാർവലൗകികമായിരിക്കണം.



ഉൽപാദനങ്ങളിലൂടെ സമ്പന്നരാകാൻ സാധ്യമാണ്. ഭൂമിയിൽ നിന്ന് കുഴിച്ചെടുക്കുന്ന എണ്ണ, സ്വർണ്ണം, വെള്ളി, പലതരം കൃഷികൾ എന്നിവയിൽ നിന്നെല്ലാം ധാരാളം വരുമാനം ലഭിക്കും. ഖുർആനിൽ പല സ്ഥലങ്ങളിലായി ഇരട്ടിയായി കൃഷിയിലൂടെ സമ്പത്ത് പ്രദാനം ചെയ്ത് എടുത്തുദ്ധരിക്കുന്നുണ്ട്. കൃഷിയിലൂടെയുള്ള വരുമാനത്തിന് തൃപ്തിപ്പെട്ട വിളവെടുപ്പ് എന്ന് ഒറ്റസ്ഥലത്തും പറഞ്ഞിട്ടുമില്ല. ഉൽപാദനത്തിന് ശേഷം അതിൽ നിന്ന് ചെലവഴിക്കണമെന്നും ക്രയവിക്രയങ്ങൾ അന്യായമാകരുതെന്നുമാണ് ഖുർആൻ പറയുന്നത്. കച്ചവടത്തിലൂടെ ധാരാളം സമ്പത്ത് പ്രദാനം ചെയ്യാമെന്ന് അല്ലാഹു ഒറ്റസ്ഥലത്തും ഖുർആനിൽ സൂചിപ്പിക്കുക പോലും ചെയ്തില്ല. അല്ലാഹുവുമായുള്ള കച്ചവടത്തിൽ മാത്രമാണ് ഇരട്ടി പ്രതിഫലം തരുമെന്ന് ഖുർആൻ പറഞ്ഞത്. കച്ചവടലോകത്ത് നിലനിൽക്കൽ അനിവാര്യമാണ്. ലോകത്തിന്റെ പല ഭാഗങ്ങളിലും വ്യത്യസ്തമായ ഉപയോഗവസ്തുക്കളായിരിക്കും ഉൽപാദിക്കപ്പെടുക. ഇവ ലഭ്യമല്ലാത്ത പല സ്ഥലങ്ങളും ഉണ്ടായിരിക്കും. അങ്ങനെയുള്ള സ്ഥലങ്ങളിലേക്ക് ഉപയോഗ വസ്തുക്കൾ എത്തിക്കാനുള്ള സംവിധാനമാണ് കച്ചവടം. ഇതേപ്രകാരം രൂപ ധാരാളം കൈവശമുള്ള വ്യക്തികളും സംഘങ്ങളും സർക്കാറുകളും ഓരോ രാജ്യത്തും ഉണ്ടായിരിക്കും. പണം കൈവശമില്ലാത്തവർക്ക് അതെത്തിക്കാനുള്ള സംവിധാനമാണ് ബാങ്കിങ് സമ്പ്രദായം. ഇത്തരം നിയമങ്ങൾ ഖുർആനിക സാമ്പത്തിക സോഷ്യലിസമാണ്. ഉൽപ്പന്നങ്ങളും രൂപയും എവിടേയും കുന്നുകൂടി നിൽക്കാൻ പാടില്ലെന്നർത്ഥം. ഖുർആൻ താൽക്കാലികമായ സഹായങ്ങൾക്ക് വരെ പ്രോത്സാഹനം നൽകുന്നുണ്ട്. അതിൽപ്പെട്ട നിയമമാണ് കാഴ്ചയായി രൂപയോ മറ്റെന്തെങ്കിലും ഉപയോഗ വസ്തുക്കളോ കൊടുത്താൽ അതിലുപരി തിരിച്ചു കൊടുക്കണമെന്ന് 4:86 ലൂടെ പഠിപ്പിക്കുന്നത്. എന്നാൽ നമ്മുടെ രണ്ടാം പ്രമാണക്കാർ അവരുടെ സലാമിന്റെ നിലനിൽപിന് വേണ്ടി ഈ സൂക്തത്തെ തെറ്റായി വ്യാഖ്യാനിച്ചിരിക്കുകയാണ്. ഈ സൂക്തത്തിലെ തഹിയ്യത്തിനെ സലാം പറയാനുള്ള നിയമമായി അട്ടിമറിച്ചിരിക്കയാണ്. സാധാരണ ഈ പ്രയോഗത്തിന് കാഴ്ച എന്ന് തന്നെയാണ് ഉപയോഗിക്കാറ്. ഈ സൂക്തത്തിൽ സന്ദർഭോചിതം ഈ അർഥം തന്നെയാണ് ഉപയോഗിക്കേണ്ടത്. കൊടുക്കുന്നതിലധികം വാങ്ങിയാൽ പലിശയായിത്തീരും എന്നാണ് ഇവരുടെ കണ്ടെത്തൽ. ഇത്തരം ദുർവ്യാഖ്യാനം കാരണം സാമ്പത്തികമായ സഹായ സഹകരണങ്ങൾ നൽകുന്നതിൽ നിന്ന് സമൂഹം പിന്നോട്ട് മാറി നിൽക്കുകയാണ്. രാജ്യത്ത് വിവിധ വസ്തുക്കൾ ഉൽപാദിപ്പിച്ചെടുക്കുന്നതിന് ഒരു വിധ പരിധിയും ഖുർആനിലില്ല. കച്ചവടത്തിലൂടെ അമിതലാഭം എടുക്കുന്നത് ഖുർആൻ അനുവദിക്കുന്നില്ല.

ഖുർആനിക നിയമം മാത്രം ഉൾക്കൊള്ളുക. ഖുർആനിക സംസ്കാരം നിലനിർത്തുക. ⊖

## ദത്തെടുപ്പിന്...

(പേജ് 13 ൽ നിന്ന് തുടർച്ച)

തയ്യാറുള്ളവർക്ക് സർക്കാർ ചില നിയമവ്യവസ്ഥകൾ ഉണ്ടാക്കിയിട്ടുണ്ട്. പക്ഷേ മക്കളില്ലാത്ത പല ദമ്പതിമാർക്കും കുട്ടികളെ കിട്ടുന്നില്ല. അനാഥാലയങ്ങളുടെ ഭാരവാഹികൾ അഗതികളായ കുട്ടികളെ തേടിപ്പിടിക്കാൻ പരക്കം പായുന്നതു കാരണം ഒരു കുഞ്ഞിനെ സ്വന്തം കുട്ടിയായി വളർത്താൻ തയ്യാറായി കാത്തിരിക്കുന്ന ദമ്പതിമാർ നിരാശരായിക്കഴിയുകയാണ്.

എവിടെയാണ് തടസ്സം? തൻപോരിമക്കാരായ മതപുരോഹിതരും കപടന്മാരും പൊങ്ങച്ചക്കാരും ചില സാമൂഹിക പ്രവർത്തകരും കൈ കോർക്കുന്നു. ഇവരാണ് മനുഷ്യരാശിയുടെ സർവ്വ പുരോഗതിക്കും പാരപണിയുന്നത്.

അനാഥമന്ദിരങ്ങൾ മതവ്യവസായമായി കേരളത്തിൽ വളർന്നപ്പോൾ മറ്റു മേഖലകളെപ്പോലെ കിടമത്സരം വന്നു. സ്ഥാപനങ്ങളിൽ ആവശ്യത്തിനുള്ള കുട്ടികളെ കിട്ടാതെ വന്നു. പല അനാഥമന്ദിരങ്ങളും അഗതിമന്ദിരങ്ങളായി പരിണമിച്ചു.

*(അവസാനിക്കുന്നില്ല)*



# ഹജ്ജും ഉംറയും: സത്യവും മിഥ്യയും

കുരിക്കൾ വയനാട്

നമസ്കാരം കഴിഞ്ഞാൽ മുസ്‌ലിം സമുദായത്തിൽ ഏറ്റവും അധികം ദുരാചാരങ്ങൾ കടന്നു കൂടിയ ആരാധനയാണ് ഹജ്ജ്. നമസ്കാരം, നോമ്പ്, ഹജ്ജ് എന്നാണ് മുസ്‌ലിംകൾ പൊതുവെ പറയാറ്. നമസ്കരിക്കുകയും സകാത്ത് നൽകുകയും ചെയ്യുക എന്നാണ് ഖുർആന്റെ ശൈലി. ഈ ശൈലി നൂറ്റാണ്ടു കൾക്കു മുമ്പ് തന്നെ ഇല്ലാതാ യിട്ടുണ്ട്. നമസ്കാരം, നോമ്പ്, ഹജ്ജ് എന്നിവ നിർവഹിച്ചാൽ അയാൾ പൂർണ്ണമായ മുഅ്മിൻ (വിശ്വാസി) ആയി എന്ന് പുരോഹിത വർഗ്ഗം സാധാരണ ജനത്തെ പഠിപ്പിച്ചു കൊണ്ടിരിക്കുന്നു. പരലോക മോക്ഷത്തിന് ഇവ മൂന്നും നിർവഹിച്ചാൽ മതിയത്രെ.

നമസ്കാരം നിർവഹിച്ചാൽ പാപമോചനവും പരലോക മോക്ഷവുമില്ലെന്നും നമസ്കരിക്കുന്നത് പാപം ചെയ്യാതിരിക്കാനുള്ള പ്രേരണയുണ്ടാകാനാണെന്നും നോമ്പ് അനുഷ്ഠിച്ചാൽ ജീവിതത്തിൽ സൂക്ഷ്മത വരുമെന്നും ഖുർആൻ പ്രഖ്യാപിക്കുന്നു. (അദ്ധ്യായം രണ്ടിൽ 183 മുതൽ 190 വരെ വചനങ്ങൾ നോക്കുക) മക്കയിലും പരിസരങ്ങളിലും താമസിക്കുന്നവരുടെ ഒത്തുകൂടലും അതോടനുബന്ധിച്ചുള്ള വ്യാപാരമേളയും കൂടിയാണ് ഹജ്ജെന്ന് ഖുർആൻ പറയുന്നു.

പ്രസ്തുത മന്ദിരം പണി കഴിപ്പിച്ച ശേഷം ഇബ്രാഹിം ഇങ്ങനെ പ്രാർത്ഥിച്ചു: “ഞങ്ങളുടെ നാഥാ, കൃഷിയോഗ്യമല്ലാത്ത ഈ സമതലത്തിൽ എന്റെ സന്താന പരമ്പരയിൽ പെട്ടവരെ നിന്റെ ആദരണീയ മന്ദിരത്തിനടുത്ത് ഞാനിതാ കുടി പാർപ്പിച്ചിരിക്കുന്നു. നാഥാ! അവർ പ്രാർത്ഥനാ നിരതരായിരിക്കും. ജനഹൃദയങ്ങളിൽ അവരുടെ നേരെ സ്നേഹം ജനിപ്പിക്കേണമേ. അവർക്ക് ഭക്ഷണമായി പഴങ്ങൾ നൽകുകയും ചെയ്യേണമേ.” (4:37). ഹജ്ജിന്റെ ലക്ഷ്യങ്ങളെക്കുറിച്ച് 5:97, 22:28, 9:28, 22:36, 2:198 തുടങ്ങിയ ആയത്തുകളിൽ പറയുന്നു. ഇബ്രാഹിം നബിയുടെ കാലം മുതൽ തന്നെ ഹജ്ജും ഉംറയും നിലവിലുണ്ടായിരുന്നുവെന്ന് നമുക്ക് മനസ്സിലായി. അതതു കാലത്തുള്ള പ്രവാചകന്മാരുടെ മരണാനന്തരം ഭൂരിഭാഗം ആളുകളും സത്യവും അസത്യവും കൂട്ടിക്കലർത്തുകയും പാരമ്പര്യ ആരാധനാ സമ്പ്രദായങ്ങളിലേക്കും ദുരാചാരങ്ങളിലേക്കും മടങ്ങുകയുമായിരുന്നു.

കഅബാ മന്ദിരത്തിനകത്ത് ദേവതകളുടെ വിഗ്രഹങ്ങൾ സ്ഥാപിക്കുകയും നഗ്നമായി ആ മന്ദിരത്തെ പ്രദക്ഷിണം വെക്കുകയും ചെയ്യുന്നത് ആ ജനതയുടെ ആരാധനാ സമ്പ്രദായമായി. പ്രബോധനത്തിന്റെ ആദ്യകാലങ്ങളിൽ നബിക്ക് ദാരിദ്ര്യവും കഷ്ടപ്പാടും ത്യാഗവും സഹിക്കേണ്ടി വന്നു. ഹിജ്റ ഒൻപതാം വർഷം അവിടുത്തെ അറുപത്തിരണ്ടാമത്തെ വയസ്സിൽ ഒരു ഹജ്ജാണ് നബി നിർവ്വഹിച്ചത്.

നബി തിരുമേനി നിർവ്വഹിച്ച ഹജ്ജിന്റെ രൂപം ഏതു വിധമായിരുന്നു? ഖുർആനിലെ കല്പന അനുസരിച്ച് മാത്രമാണ് നബി ഹജ്ജ്

**ഖുർആനിൽ ഇല്ലാത്തതും എണ്ണമറ്റ ദുരാചാരങ്ങൾ നിറഞ്ഞതുമായ കാര്യങ്ങൾ നബിയുടെ ചര്യയായി സ്ഥാപിച്ച് വാമൊഴിയായി കള്ളക്കഥകൾ പുരോഹിതർ പ്രചരിപ്പിച്ചു. ഇത് സത്യാന്വേഷികൾ മനസ്സിലാക്കേണ്ടിയിരിക്കുന്നു. തിരുദൂതരുടെ മരണശേഷം അബൂബക്കർ, ഉമർ, ഉസ്മാൻ, അലി എന്നിവർ ഖലീഫമാരായി. ചതിപ്രയോഗത്തിലൂടെ ഇസ്ലാമിക ഭരണം കൈക്കലാക്കിയ മുആവിയയുടെ കാലത്താണ് ഖുർആനിക ഹജ്ജ് നിയമം അട്ടിമറിച്ച് പഴയ ജാഹിലിയ്യാ ഹജ്ജ് നടപ്പാക്കിയത്.**

നിർവ്വഹിച്ചത്. ഖുർആനിക നിയമങ്ങളല്ലാതെ മതവിഷയത്തിൽ നബി ഒന്നും കൂട്ടിചേർത്തിട്ടില്ല. അങ്ങനെ വല്ലതും സംഭവിച്ചിരുന്നുവെങ്കിൽ നബിയെ താക്കീത് ചെയ്ത് അല്ലാഹു പറയുന്നത് നോക്കുക: "നമ്മുടെ പേരിൽ (പ്രവാചകൻ) വല്ല വാക്കുകളും കെട്ടിച്ചമച്ച് പറഞ്ഞിരുന്നുവെങ്കിൽ അദ്ദേഹത്തെ വലതുകൈ കൊണ്ട് പിടികൂടുകയും എന്നിട്ട് അദ്ദേഹത്തിന്റെ ജീവനാഡി നാം മുറിച്ചുകളയുകയും ചെയ്യുമായിരുന്നു." (69:44, 45, 46).

ഖുർആനിൽ ഇല്ലാത്തതും എണ്ണമറ്റ ദുരാചാരങ്ങൾ നിറഞ്ഞതുമായ കാര്യങ്ങൾ നബിയുടെ ചര്യയായി സ്ഥാപിച്ച് വാമൊഴിയായി കള്ളക്കഥകൾ പുരോഹിതർ പ്രചരിപ്പിച്ചു. ഇത് സത്യാന്വേഷികൾ മനസ്സിലാക്കേണ്ടിയിരിക്കുന്നു. തിരുദൂതരുടെ മരണശേഷം അബൂബക്കർ, ഉമർ, ഉസ്മാൻ, അലി എന്നിവർ ഖലീഫമാരായി. ചതിപ്രയോഗത്തിലൂടെ ഇസ്ലാമിക ഭരണം കൈക്കലാക്കിയ മുആവിയയുടെ കാലത്താണ് ഖുർആനിക ഹജ്ജ് നിയമം അട്ടിമറിച്ച് പഴയ ജാഹിലിയ്യാ ഹജ്ജ് നടപ്പാക്കിയത്. അർധ നഗ്ന പ്രദക്ഷിണവും ശൈത്വാന്റെ പ്രതീകം നിർമ്മിച്ച് മിനായിലെ കല്ലേറും കല്ല് ചുംബിക്കലും സംസം ജലത്തെ മഹത്വവൽക്കരിച്ചതും തുടർന്നാണ്.

നബിയുടെ കൂടെ ആയിരക്കണക്കിന് സഹാബികൾ ഹജ്ജ് നിർവ്വഹിച്ചിട്ടുണ്ട്. ഏതു രൂപത്തിലാണ് നബി തിരുമേനി ഹജ്ജ് ചെയ്തതെന്ന് രേഖപ്പെടുത്തിയിട്ടില്ല. പ്രവാചകന്റെ മദീനാ ജീവിതത്തിൽ അഞ്ഞൂറിൽപരം ഖുതുബ നിർവ്വഹിച്ചിട്ടുണ്ട്. പ്രസ്തുത ഖുതുബകളിൽ ഒരെണ്ണം പോലും എഴുതിവച്ചിട്ടില്ല. ഖുർആൻ അല്ലാത്ത ചര്യകൾ രേഖയാക്കുന്നത് നബി പ്രത്യേകം വിലക്കിയിരുന്നു. ബുഖാരിയിലും അക്കാര്യം പറഞ്ഞിട്ടുണ്ട്. സത്യനിഷേധികളായ പുരോഹിതരുടെ പരലോക ജീവിതത്തിലെ ദുരവസ്ഥയെക്കുറിച്ചറിയാൻ ഖുർആനിലെ 9:34 സൂക്തം നോക്കുക.

നബി തിരുമേനി കുതിര സവാരി ചെയ്തിരുന്നു. ഗോതമ്പ് ഭക്ഷണം ഉപയോഗിച്ചിരുന്നു. കമ്പിളി വസ്ത്രം ധരിച്ചിരുന്നു. ദാമ്പത്യ ജീവിതം നയിച്ചിരുന്നു. ഇവയെല്ലാം നബിയുടെ ചര്യയിൽ പെട്ടവയായിരുന്നു. കുതിരയില്ലാത്ത ഒരു വിശ്വാസി കുതിര സവാരി ചെയ്തില്ലെങ്കിൽ നബി ചര്യയുടെ ലംഘനമാവുമോ? ഉഷ്ണ മേഖലയിൽ ജീവിതം നയിക്കുന്ന ഒരു മുസ്ലിം കമ്പിളി ഉപേക്ഷിച്ചാൽ നബിചര്യയുടെ ലംഘനമാവുമോ? മാംസാഹാരം കഴിച്ച പ്രവാചകന്റെ അനുയായി വെജിറ്റേറിയനായാൽ അയാൾ മതനിഷേധിയാവുമോ? അതുകൊണ്ട് പ്രവാചകരുടെ ആഹാരരീതികൾ, വസ്ത്രധാരണം, യാത്ര തുടങ്ങിയവ നമ്മുടെ ജീവിതത്തിൽ പകർത്തൽ നിർബന്ധമല്ലെന്ന് അറിയുക.

ഖുർആനിക വിധിവിലക്കുകളാണ് നബിയുടെ ചര്യ എന്നു വിശ്വസിക്കൽ ഓരോ മുസ്ലിമിനും നിർബന്ധമാണ്. അതുകൊണ്ടാണ് നബി ചെയ്ത ഹജ്ജിന്റെ രൂപങ്ങൾ എഴുതി വെക്കാതിരുന്നത്. സുന്നി മുജാഹിദ്, ജമാഅത്തെ ഇസ്ലാമി എന്നിവരാണല്ലോ കേരളത്തിലെ വിശ്വാസികളുടെ മൊത്ത കുത്തക ഏറ്റെടുത്തിരിക്കുന്നത്. ഈ വിഭാഗക്കാർ നിർവ്വഹിച്ചു കൊണ്ടിരിക്കുന്ന ഹജ്ജിന്റെ രൂപങ്ങൾ എവിടുന്നു കിട്ടി എന്നും നമുക്ക് അറിയേണ്ടതുണ്ട്. മേൽപറഞ്ഞ വിഭാഗങ്ങളുടെ ഹജ്ജ് എങ്ങനെയാണെന്ന് നമുക്കൊന്നു പരിശോധിക്കാം.

ഹജ്ജ് ചെയ്താൽ അളവറ്റ പ്രതിഫലവും പാപമോചനവും അല്ലാഹു നൽകുമെന്നും ഹജ്ജ് നിർവ്വഹിച്ച് കഴിയുന്നതോടെ പ്രസവിക്കപ്പെട്ട പൈതലിന്റെ അവസ്ഥയിലാകുമെന്നുമാണ് വിശ്വസിച്ചു വരുന്നത്. ഹജ്ജിന് ഒരുങ്ങിയാൽ ഖളാവായ (ജീവിതത്തിൽ വിട്ടുപോയ) എല്ലാ നമസ്കാരങ്ങളും നോമ്പുകളും മെനക്കെട്ട് ചെയ്തു തീർക്കണം. നോമ്പിന്റെ എണ്ണം അനുസരിച്ച് ഫിദ്‌യ കൊടുക്കുകയും വേണം. (പിഴയടക്കം ധാന്യങ്ങളോ മറ്റോ വിതരണം ചെയ്യണം) യാത്ര പുറപ്പെടും മുമ്പ് സുന്നത്ത് നമസ്കരിക്കുകയും പ്രഭാത സമയത്ത് പുറപ്പെടുകയും വേണം. ഹജ്ജിന്റെ അറിവുകൾ കരസ്ഥമാക്കുകയും സുന്നത്ത് കുളിയും സുന്നത്ത് നമസ്കാരവും നിർവ്വഹിക്കുകയും പുരുഷൻമാർ അടിവസ്ത്രങ്ങൾ ഊരിക്കളഞ്ഞ് തുന്നിച്ചേർക്കപ്പെടാത്ത വെളുത്ത ഒറ്റമുണ്ട് ചുമലിൽ കെട്ടുകയും ചെയ്യുന്നു. ശേഷം ഇഹ്റാമിൽ പ്രവേശിച്ച

തായി നിയ്യത്ത് ചെയ്യുന്നു.

മസ്ജിദുൽ ഹറാമിൽ പ്രവേശിച്ചു കഴിഞ്ഞാൽ ഹജറുൽ അസ്വദ് എന്ന ശിർക്കൻ കല്ല് ചുംബിക്കുന്നു. ശേഷം കഅബാ മന്ദിരം പ്രദിക്ഷണം ആരംഭിക്കുന്നു. ഓരോ ചുറ്റ് പൂർത്തിയാവുമ്പോഴും ഹജറുൽ അസ്വദ് എന്ന 'മഹത്വ'മുള്ള കല്ലിനെ തൊട്ട് വന്ദിക്കുകയോ തിരക്ക് അനുഭവപ്പെടുകയാണെങ്കിൽ അവിടെ എത്തുമ്പോൾ കൈ കൊണ്ട് ആംഗ്യരൂപത്തിൽ വണങ്ങുകയോ ചെയ്ത് ദിക്റ്, തസ്ബീഹ് എന്നിവ ഉരുവിട്ട് ഏഴ് വട്ടം ത്വവാഫ് (പ്രദക്ഷിണം) ചെയ്യുന്നു. പിന്നീട് മഖാമു ഇബ്രാഹിം എന്ന് അടയാളപ്പെടുത്തിയ സ്ഥലത്ത് സുന്നത്ത് നമസ്കരിക്കുന്നു. അതിന് ശേഷം സഫാ, മർവ സഅ്യ് നിർവ്വഹിക്കുന്നു. ചുമലിൽ കെട്ടിയ ഒറ്റമുണ്ടിന്റെ അറ്റം ഇടത്തേ ചുമലിലും മദ്ധ്യഭാഗം ചുരുട്ടി കക്ഷത്തും വച്ച് സഫായിൽ നിന്ന് തുടങ്ങി മർവ്വയിലേക്ക് ഓടുന്നു. ഓടുകയല്ല; നടക്കുകയുമല്ല എന്ന രൂപത്തിലാവാൻ പ്രത്യേകം ശ്രദ്ധിക്കുന്നു.

നടന്നു നീങ്ങാൻ കഴിയാത്തവരെ മറ്റുള്ളവർ ചുമന്ന് കൊണ്ടുപോവുകയാണെങ്കിൽ ചുമക്കുന്നവർ നിയ്യത്ത് ചെയ്യുന്നു. തസ്ബീഹ് ചൊല്ലുന്നു.

ഹജ്ജിന് ഇഹ്റാം ചെയ്യുന്നവന് ഉംറക്ക് ഇഹ്റാം ചെയ്യാൻ പാടില്ല. ഇഹ്റാമിൽ പ്രവേശിച്ചു കഴിഞ്ഞാൽ സ്ത്രീകൾ മുഖം മറക്കരുത്. പുരുഷൻമാർ തുന്നിച്ചേർത്ത വസ്ത്രം ധരിക്കുകയോ രുചിയും സുഗന്ധവും മണവും ഉള്ള ഭക്ഷണപാനീയങ്ങൾ കഴിക്കുകയോ ചെയ്യരുത്. ഷൂ ധരിക്കരുത്. കാട്ടുമൃഗങ്ങളെ വേട്ടയാടിപ്പിടിക്കരുത്. അവയെ ഇണക്കിയെടുക്കാൻ ശ്രമിക്കരുത്. അവയെ ഭക്ഷിക്കരുത്. അബദ്ധവശാൽ വല്ല വേട്ടമൃഗത്തെയും കൊലചെയ്താൽ തത്തുല്യമായ വളർത്തുമൃഗത്തെ/പക്ഷിയെ പ്രായശ്ചിത്തമായി ദരിദ്രർക്ക് നൽകണം. എന്നാൽ തന്റെ സഹായമില്ലാതെ ലഭ്യമായ വേട്ട മാംസം ഉപയോഗിക്കാം. ത്വലാഖ് (വിവാഹ മോചനം) അനുവദിച്ചിരിക്കുന്നു.

എണ്ണ തേക്കൽ, സുഗന്ധ ദ്രവ്യ പദാർത്ഥങ്ങൾ ഉപയോഗിക്കൽ, നഖം മുറിക്കൽ, മുടിവെട്ടൽ, വിവാഹം നടത്തൽ, ഭോഗം, ചുംബനം എന്നിവയൊന്നും പാടില്ല.

പുണ്യ തീർത്ഥമെന്ന് വിശ്വസിക്കപ്പെടുന്ന സംസം വെള്ളം കഴിയുന്നത്ര കുടിക്കുക. വുളുവിന് (അംഗശുദ്ധിക്ക്) ഉപയോഗിക്കുക.

*(അവസാനിക്കുന്നില്ല)*

**വാർത്തയിൽ നിന്ന്**

# ആരാധനാലയങ്ങളിലെ ഉച്ചഭാഷിണി ഉപയോഗം: മനുഷ്യാവകാശ കമ്മീഷൻ റിപ്പോർട്ട് തേടി

തിരുവനന്തപുരം: ആരാധനാലയങ്ങളിലെ ഉച്ചഭാഷിണി ഉപയോഗംമൂലമുണ്ടാവുന്ന ശബ്ദമലിനീകരണം തടയാൻ നടപടി സ്വീകരിക്കണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ. ഉച്ചഭാഷിണി ഉപയോഗവുമായി ബന്ധപ്പെട്ട് സുപ്രീംകോടതി ഉത്തരവ് പാലിക്കാത്ത ആരാധനാലയങ്ങൾക്കും സ്ഥാപനങ്ങൾക്കുമെതിരേ സ്വീകരിച്ചുവരുന്ന നടപടി സംബന്ധിച്ച് മൂന്നുമാസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കണമെന്നും കമ്മീഷൻ അധ്യക്ഷൻ ജസ്റ്റിസ് ജെ.ബി. കോശി ജില്ലാ കലക്ടർമാർക്കു നിർദേശം നൽകി.

ഡി.ജി.പി., ജില്ലാ പോലീസ് മേധാവികൾ, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവരോടും ഇതുസംബന്ധിച്ച റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. കമ്മീഷൻ നൽകിയ സമയപരിധിക്കുള്ളിൽ റിപ്പോർട്ട് സമർപ്പിച്ചില്ലെങ്കിൽ കോടതിയലക്ഷ്യത്തിനു കമ്മീഷൻ നേരിട്ടു സുപ്രീംകോടതിയെ സമീപിക്കുമെന്നും ഉത്തരവിൽ വ്യക്തമാക്കുന്നു.

ചിറയിൻകീഴ് സ്വദേശി കെ. സോമസുന്ദരൻ നൽകിയ പരാതിയെ തുടർന്നാണ് കമ്മീഷന്റെ നടപടി. അമ്പലങ്ങളിലും പള്ളികളിലും സ്ഥാപിച്ചിരിക്കുന്ന ഉച്ചഭാഷിണികൾ ശബ്ദ മലിനീകരണത്തിന് പ്രധാന കാരണമാവുന്നു. ആചാരങ്ങളിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർ ആരാധനാകേന്ദ്രങ്ങളിലേക്ക് എത്തുന്നതിനാൽ അവിടങ്ങളിൽ ഉച്ചഭാഷിണികളുടെ ആവശ്യമില്ലെന്നും കമ്മീഷൻ വിലയിരുത്തി.

**(ചന്ദ്രിക-2012 ജനുവരി 16)**



# മുസ്‌ലിം സമുദായത്തെ വികലമാക്കുന്നതിൽ ജൂതർ വഹിച്ച പങ്ക്

**അബൂബക്കർ ടി.പി. മേനപ്രം**

സമുദായം ഇന്ന് പല ഗ്രൂപ്പുകളായി വിഘടിച്ചിരിക്കയാണല്ലോ. ഏതാണ് സത്യം, ഏതാണ് അസത്യം എന്നറിയാൻ വളരെ വിഷമിക്കുന്ന കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോയിക്കൊണ്ടിരിക്കുന്നത്. എന്താണ് ഇതിനു കാരണം, എങ്ങനെയൊക്കെ ഇതുണ്ടായി എന്ന് കൂലങ്കുഷമായി ചിന്തിക്കേണ്ട കാലം അതിക്രമിച്ചിരിക്കുകയാണ്. പക്ഷേ അതിനുവേണ്ടി തുനിഞ്ഞിറങ്ങാനോ അതേപ്പറ്റി ഗവേഷണം നടത്താനോ നമ്മുടെ സമുദായമോ നമ്മെ നയിക്കുന്ന പുരോഹിത വർഗമോ ഒരു പരിശ്രമവും നടത്തിയിട്ടില്ലെന്നതിന്റെ തെളിവാണ് ഇന്ന് കാണുന്ന മുസ്‌ലിം സമുദായത്തിലെ മിക്കയാളുകളും. തലേക്കെട്ടും നീണ്ട താടിയുമുള്ളവർ പറയുന്നതെന്തും ഇസ്‌ലാമിന്റെ നിയമങ്ങളാണെന്ന് വിശ്വസിക്കപ്പെടുന്നു. പക്ഷേ അവരിൽ അധിക പേരും ഇസ്‌ലാമിന്റെ ബാലപാഠം പോലും പഠിക്കാത്തവരാണെന്ന് നാം മനസ്സിലാക്കുന്നില്ല; പ്രത്യേകിച്ച് സ്ത്രീകൾ. വാസ്തവത്തിൽ ഇതിൽ എന്തെല്ലാം അട്ടിമറിയും ചതിയും നടന്നിട്ടുണ്ട് എന്നതിന് ചരിത്രത്തിലേക്ക് ഒരെത്തിനോട്ടം നടത്താം.

അജ്ഞതയുടെ അന്ധകാരത്തിൽ മുങ്ങിത്തപ്പിയിരുന്ന, നീതിയും അനീതിയും എന്താണെന്നറിയാത്ത, മനുഷ്യനെ മനുഷ്യൻ ജീവനോടെ കുഴിച്ചുമൂടിയിരുന്ന, കൊള്ളയും കൊള്ളിവയ്പും നടമാടിയിരുന്ന, മുൻകാല പ്രവാച കരുടെ ഗ്രന്ഥങ്ങൾ അട്ടിമറിച്ച് അതിന് ഒരു വിലയും കൽപിക്കാതെ നൂറുകണക്കിന് ദൈവങ്ങളെ ആരാധിച്ചിരുന്ന അറേബ്യയിലെ ജ്ഞാനികളല്ലാത്ത ജനതയുടെ ഇടയിൽ നിന്ന് തന്നെ ജ്ഞാനത്തിന്റെ നിറകുടമായ ഒരു പ്രവാചകനെ ദൈവം നിയോഗിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ അശ്രാന്ത പരിശ്രമത്തിന്റെ ഫലമായി മേൽപറഞ്ഞതിനെല്ലാം അറുതി വരുത്തി ശാന്തിയും സമാധാനവും സത്യവും നീതിയും നിറഞ്ഞ മതം കെട്ടിപ്പടുക്കുകയുണ്ടായി. ഇസ്‌ലാമിന്റെ വളർച്ച കണ്ട് അസൂയ പൂണ്ട ജൂതർ ഈ മതത്തെ ഏതെങ്കിലും രൂപത്തിൽ നശിപ്പിച്ചില്ലെങ്കിൽ തങ്ങളുടെ ജൂതമതം തകർന്ന് തരിപ്പണമാകുമെന്നും അതിനാൽ ഇതിനുള്ള പോംവഴികൾ കണ്ടെത്തണമെന്നും തീരുമാനിച്ചു. തന്ത്രങ്ങളിൽ അതികുശാഗ്ര ബുദ്ധിമാൻമാരായ ജൂതർ നബിയുടെ കാലം തൊട്ടേ ഇസ്‌ലാമിനെ എതിർത്തിരുന്നു. പക്ഷേ നബിക്ക് അവതരിക്കപ്പെട്ട ഖുർആനിൽ ഒരു അട്ടിമറിയും നടത്താൻ കഴിയില്ലെന്ന് മനസ്സി

ലാക്കിയതിന്റെ പേരിൽ നബി യുടെയും നാല് ഖലീഫമാ രുടെയും കാലശേഷം നബിയുടെ സന്തത സഹചാരിയാണെന്നവ കാശപ്പെടുന്ന (കേവലം രണ്ടര വർഷം നബിയെ കണ്ട) അബൂഹുറയ്റയും അഞ്ചാം ഖലീഫമായി സ്ഥാനാരോഹണം ചെയ്ത മുആവിയയും കൂടി എന്തെല്ലാം അട്ടിമറികളാണ് ഇസ്‌ലാമിൽ കടത്തിക്കൂട്ടിയത്.

## മയ്യിത്ത് നമസ്കാരം

നമസ്കാരത്തിന്റെ തന തായ രൂപം പോലും മാറ്റിമറി ക്കുകയും അല്ലാഹു കല്പി ക്കാത്ത അഞ്ച് നേര നമസ്കാ രവും ബിദ്അത്തായ കുറെ സുന്നത്ത് നമസ്കാരങ്ങളും മയ്യിത്ത് നമസ്കാരങ്ങളും നബിക്ക് മാത്രം കൽപിച്ച തഹജ്ജുദും തറാവീഹും മറ്റും ഇസ്‌ലാമിൽ കുത്തിക്കയറ്റിയത് മുആവിയയും അബൂ ഹുറയ്റ യും കൂടിയാണ്. നാല് ഖലീഫമാരുടെ ശേഷം ഇസ്‌ലാമി ന്റെ ഏറ്റവും വലിയ ശത്രുവായ അബൂ സുഫ്യാന്റെ മകൻ മുആവിയ അഞ്ചാം ഖലീഫ യായും അഹ്‌ലുസ്സുന്നത്ത് വൽ ജമാഅത്തിന്റെ സ്ഥാപക നേതാവായും അവരോധിതനാ വുകയാണല്ലോ ഉണ്ടായത്. അദ്ദേഹം ഇസ്‌ലാമിൽ ഇല്ലാത്ത പല നിയമങ്ങളും മതത്തിൽ അടിച്ചേൽപ്പിക്കുകയുണ്ടായി. മയ്യിത്തിന് വേണ്ടി ഒരു നമസ്കാരം കൂടി നടപ്പിൽ വരു ത്തിയതദ്ദേഹമാണ്. നമസ്കാരം എനിക്ക് മാത്രമാണെന്നും എന്നോട് ആരെയും പങ്ക് ചേർക്കാൻ പാടില്ലെന്നും അല്ലാഹു പറയുമ്പോൾ ഈ മയ്യിത്ത് നമസ്കാരം എന്തിനുണ്ടാക്കിയ താണെന്നാണ് മനസ്സിലാകാ ത്തത്. അതും മയ്യിത്തിനെ മുമ്പിൽ വച്ച് കൊണ്ട്. വലാതു സല്ലി എന്ന് ഖുർആനിൽ കാണു മ്പോൾ അത് നമസ്കാരമാക്കി മാറ്റി മറിച്ചവരാണ് പുരോഹിതർ. നബിയെ പരിഹസിച്ചിരുന്ന വഞ്ചകരായ ഖുറൈശികൾക്ക് വേണ്ടി നീ പ്രാർഥിക്കുകയോ ശവസംസ്കാരത്തിൽ പങ്കെടുക്കു കയോ അവരുടെ ഖബറിന്റ ടുത്തേക്ക് നീ പോവുകയോ ചെയ്യരുതെന്നാണ് ഖുർആൻ പറഞ്ഞത്. (തൗബ-84). സല്ലി എന്ന പദത്തിന് പ്രാർഥനയെന്നും നമസ്കാരമെന്നും അർഥമുണ്ട് വഞ്ചകരായ ആ ഖുറൈശികൾക്ക് വേണ്ടി നീ പ്രാർഥിക്കരുത് എന്നാണ് അല്ലാഹു നബിയോടു പറഞ്ഞത്. അല്ലാതെ മയ്യിത്തിനെ മുമ്പിൽ കിടത്തി നമസ്കരി ക്കാനല്ല. നമസ്കാരം അല്ലാഹു വിനു മാത്രമാണ്. മയ്യിത്തിനെ അല്ലാഹു വിന് പങ്കായി ചേർക്കാൻ പാടില്ല. അല്ലാഹു ഏറ്റവും കൂടുതൽ വെറുക്കുന്ന സംഗതി യാണത്. ''ഞാൻ ഉദ്ദേശിക്കുന്ന വ്യക്തിക്ക് എല്ലാ കുറ്റവും പൊറുത്ത് കൊടുക്കും; എന്നോട് പങ്ക് ചേർക്കുന്നതൊഴിച്ച്'' എന്ന് അല്ലാഹു ഖുർആനിൽ പറയുന്നു. വേണമെങ്കിൽ മയ്യിത്തിനു വേണ്ടി പ്രാർഥിക്കാം. നിയ്യത്ത് ചെയ്തു കൊണ്ടുള്ള നമസ്കാരം അരുത്. ഇനി പ്രാർത്ഥിച്ചത് കൊണ്ടും വലിയ കാര്യമില്ലെന്ന് ഖുർആനിലെ മറ്റൊരു ആയത്തു കൊണ്ട് നമുക്ക് മനസ്സിലാക്കാം. ''വലാതുദിറു വാദിറത്തുൻ വിദുറ ഉഹറാ വഅൻലൈസലിൽ ഇൻസാനിഇല്ലാമാസആ.'' അർഥം: ''ഭാരം ചുമക്കുന്ന ഒരാളും മറ്റൊരുവന്റെ ഭാരം ചുമക്കില്ല. ഏതൊരുവൻ എന്ത് പ്രവർത്തി ച്ചുവോ അതിന്റെ പ്രതിഫല മല്ലാതെ മറ്റൊന്നും അവന് ലഭിക്കില്ല.'' അല്ലാഹുവിന്റെ പരസ്യമായ ഈ വചനത്തെ ധിക്കരിച്ചു മയ്യത്തിനു വേണ്ടി ഒരു നമസ്കാരം ഉണ്ടാക്കിത്തീർത്തത് ജൂതരായ അബൂ ഹുറയ്റയും മുആവിയയും കൂടിയാണ്. മയ്യി ത്ത് നമസ്കാരംമൂലം ഒരു വ്യക്തി യുടെ പാപങ്ങളും കുറ്റങ്ങളും പൊറുത്ത്, അവനെ സ്വർഗ ത്തിലാക്കുമെങ്കിൽ ഏതൊരു പാപിയെയും സ്വർഗത്തിലാക്കാൻ ഈയൊരു നമസ്കാരം മാത്രം മതിയാകുമല്ലോ!

നബി നടത്തിയ യുദ്ധ ങ്ങളിൽ ധാരാളം സഹാബികൾ വീരചരമം പ്രാപിച്ചിട്ടുണ്ട്. പക്ഷേ അവരിൽ ഒരാൾക്ക് വേണ്ടി പോലും നബി മയ്യിത്ത് നമസ്കാരം നിർവഹിച്ചതായി ഒരു ചരിത്രവുമില്ല. അവരെ കുളിപ്പിക്കുകപോലും ചെയ്യാതെ സംസ്കരിക്കുകയാണുണ്ടായതെന്ന് ചരിത്രം. രേഖപ്പെടുത്തുന്നു. മയ്യിത്ത് നമസ്കാരം ഉണ്ടായിരു ന്നുവെങ്കിൽ ദീനിന് വേണ്ടി രക്തസാക്ഷിത്വം വരിച്ച ധീര യോദ്ധാക്കൾക്കാണ് ആദ്യം ചെയ്യേണ്ടിയിരുന്നത്. പക്ഷേ നബിയത് ചെയ്തില്ല. നബി അവർക്ക് വേണ്ടി പ്രാർഥിച്ചി ട്ടുണ്ടായിരിക്കാം. അതുകൊണ്ട് തന്നെയാണ് ഖുർആൻ പറഞ്ഞത്; നബിയേ, ആ വഞ്ചകരായ ഖുറൈശികൾ മരിച്ചാൽ അവരുടെ ശവസംസ് കാരത്തിൽ നീ പങ്കെടുക്കുകയോ അവർക്ക് വേണ്ടി പ്രാർഥിക്കു കയോ ചെയ്യരുതെന്ന്. അല്ലാതെ അവർക്ക് വേണ്ടി നമസ്കരി ക്കാനല്ല. ഇത്ര കാലമായിട്ടും നമ്മുടെ പുരോഹിതരുടെ തലയിൽ ഈ ബുദ്ധിയൊന്നും കടന്നിട്ടില്ലെന്നത് അത്ഭുതം തന്നെ.

## ഹക്കീക്കത്ത്

ഹക്കീക്കത്ത് എന്ന പാപകർമത്തെപ്പറ്റിയും പറ യാതെ വയ്യ. ഒരു കുട്ടി ജനിക്കു മ്പോൾ മറ്റൊരു ജീവിയെ കൊല്ലണമെന്ന നിയമം ആരുണ്ടാക്കിയതാണ്? ഇത് വമ്പിച്ച പാപം ചെയ്യലല്ലേ? ഒരു ഉറുമ്പിനെപ്പോലും നോവി ക്കാനോ കൊല്ലാനോ പാടില്ലെന്ന് ഉദ്ഘോഷിച്ച മതമാണ് ഇസ്‌ലാം. ഒരു കുഞ്ഞ് ജനിക്കുമ്പോൾ മറ്റൊരു ജീവിയെ കൊന്ന് വിതരണം ചെയ്താൽ പുണ്യം കിട്ടുമെന്ന് ഏത് കിതാബിലാണ് പറഞ്ഞത്? ഒരു കുട്ടിക്ക് വേണ്ടി അർപ്പിക്കുന്നതാണ് അതിന്റെ മാംസമെങ്കിൽ ആ മാംസം നാം ഭക്ഷിക്കൽ തികച്ചും ഹറാമാണ്. അല്ലാഹു അല്ലാത്തവരുടെ പേരിൽ അർപ്പിക്കപ്പെട്ട ഒരു സാധനവും ഭക്ഷിക്കാൻ പാടില്ലെന്ന് ഖുർആൻ ആണയിട്ടു പറയുന്നില്ലേ? ''വമാഉഹില്ല

ബിഹി ലീ ഗൈരില്ലാഹി'' എന്നതിന് അല്ലാഹു അല്ലാത്തവരുടെ പേരിൽ അർപ്പിക്കപ്പെട്ടത് എന്നത്രെ അർഥം. അപ്പോൾ മൊയ്തീൻ ശൈഖിന്റെ പേരിലായാലും ബദ്‌രീങ്ങളുടെ പേരിലായാലും സാക്ഷാൽ മുഹമ്മദ് നബിയുടെ പേരിലായാൽ പോലും അത് ഭക്ഷിക്കാൻ പാടില്ല എന്നല്ലേ ഇതിന്റെ അർഥം? ഹക്കീക്കത്ത് അറുക്കു ന്നതിന്റെ പേരിൽ ആ കുട്ടിയുടെ മേൽ പാപം വലിച്ചുകയറ്റലല്ലാതെ ഒരു പുണ്യവും കുട്ടിക്ക് വന്നുചേരുന്നില്ല. ഏത് കുശാഗ്ര ബുദ്ധിക്കാരനാണ് ഈ നിയമം നമ്മുടെ മേൽ അടിച്ചേൽപ്പിച്ചതെന്ന് മനസ്സിലാകുന്നില്ല. ഖുർആനിൽ ഹക്കീക്കത്ത് അറുക്കുന്നതിനെപ്പറ്റി ഒരു സൂചനയുമില്ല. അന്ന് ദാരിദ്ര്യ കാലഘട്ടമായതിനാൽ ഹജ്ജ് വേളയിൽ ഭക്ഷ്യപദാർത്ഥം ഒന്നും കിട്ടാത്ത അവസ്ഥയുണ്ടായിരുന്നു. അതിന്റെ പേരിൽ അവിടെ വച്ച് മൃഗങ്ങളെ അറുത്ത് തിന്നാനും ബാക്കിവരുന്ന മാംസം മറ്റു വിശക്കുന്നവർക്ക് ദാനം ചെയ്യാനും കല്പനയുണ്ടായി. അങ്ങനെ ഹജ്ജ് സമയത്തെ ഭക്ഷ്യ ദൗർലഭ്യത്തെ ദൂരീകരിക്കാൻ വേണ്ടിയാണ് അന്ന് നിങ്ങൾ ഒട്ടകത്തേയോ ആടിനേയോ ബലി നേരണമെന്ന് ഖുർആൻ നിയമമാക്കിയത്. ഇന്ന് ഭക്ഷ്യ ദൗർലഭ്യമില്ലാത്തതിനാൽ ബലിനേരുന്ന മൃഗങ്ങളെ ദാരിദ്ര്യമനുഭവിക്കുന്ന രാഷ്ട്രങ്ങളിലേക്ക് കയറ്റിയയക്കുകയാണ് ചെയ്യേണ്ടത്. അല്ലാതെ പാവം മൃഗങ്ങളെ അറുത്ത് കത്തിച്ചുകളയാനോ ഉണക്കിക്കളയാനോ അല്ല ഖുർആൻ പറഞ്ഞത്. ക്രൂരകൃത്യങ്ങളിൽ ആത്മസുഖം കാണുന്നവനാണോ അല്ലാഹു? ഈ അടുത്തകാലംവരെ എത്ര ലക്ഷക്കണക്കിന് മൃഗങ്ങളെയാണ് ഇത്തരത്തിൽ കൊന്ന് നശിപ്പിച്ചത്. ഖുർആൻ ഗഹനമായി ചിന്തിക്കാൻ കഴിവില്ലാത്തതിന്റെ പേരിൽ പുരോഹിതന്മാർ ഉണ്ടാക്കിയതായിരുന്നില്ലേ ഈ കാട്ടാള നിയമം? ബുദ്ധിയുണ്ടായിട്ടു വേണ്ടേ ചിന്തിക്കാൻ! കാള പ്രസവിച്ചു എന്ന് കേൾക്കുമ്പോൾ കയറെടുക്കാൻ ഓടുന്നവരല്ലേ സുന്നികളിലധികവും. ചിന്തിച്ചു പഠിക്കുന്നവർക്ക് ധാരാളം ദൃഷ്ടാന്തങ്ങൾ ഈ ഖുർആനിൽ ഉണ്ട് എന്ന് ഖുർആൻ തന്നെ എത്രപ്രാവശ്യം നമ്മോടു പറയുന്നു. "വലക്ക്ത് യസ്സർനൽ ഖുർആന ലിദ്കിറി ഫഹൽ മിൻ മുദക്കിർ." തീർച്ചയായും ഖുർആൻ പഠിക്കാനും മനസ്സിലാക്കാനും നാം എളുപ്പമാക്കിയിരിക്കുന്നു; എന്നാൽ ചിന്തിക്കുന്നവരായി വല്ലവരുമുണ്ടോ എന്നാണ് അല്ലാഹു ചോദിക്കുന്നത്. എത്ര അർഥവത്തായ വചനമാണിത്. ഖുർആനിൽ നിരീക്ഷണം നടത്താനോ ഗവേഷണം നടത്താനോ ഏതെങ്കിലും പുരോഹിതർ ശ്രമിക്കുന്നുണ്ടോ? ആരെങ്കിലും ചിന്തിച്ചിട്ട് വേണ്ടേ സത്യവും അസത്യവും മനസിലാക്കാൻ. ഖുർആൻ ഓതിപ്പാടിയാൽ മാത്രം മതിയെന്നും അർഥം പഠിക്കേണ്ടതില്ലെന്നും ഓതിയാൽ ധാരാളം കൂലി കിട്ടുമെന്നുമാണല്ലോ ഈ പുരോഹിതർ നമ്മെ പഠിപ്പിച്ചത്.






മതത്തെയും അതിന്റെ ആചാരങ്ങളെയും മൂല്യങ്ങളെയും വിലയിരുത്താൻ യുക്തിസഹമല്ലാത്ത വാദങ്ങൾ മുന്നോട്ടുവെക്കുന്നത് യുക്തിവാദികളുടെ ബൗദ്ധിക ദാരിദ്ര്യമാണ്.

**- ഹമീദ് ചേന്നമംഗലൂർ**

## ഇദ്ദ

ഭാര്യ ജീവിച്ചിരിക്കെ ഭർത്താവ് മരിച്ചു പോയാൽ (ഇരുവർക്കും 80 വയസ്സിൽ കൂടുതലായാലും) നാല് മാസവും 10 ദിവസവും ആരെയും കാണാതെ മറയെന്ന കൂരിരുട്ടിൽ ഇരിക്കണമെന്ന ആചാരം സർവസാധാരണയായി ഇവിടെ നടന്നു വരുന്നു. ഇതിൽ മതപരമായി വല്ല യാഥാർത്ഥ്യവുമുണ്ടോ? ഒന്നുമില്ല. ബഖറ സൂറത്തിലെ 234-ാം ആയത്ത് നോക്കൂ. ഭാര്യ ജീവിച്ചിരിക്കെ ഭർത്താവ് മരിച്ചാൽ ആ ഭാര്യയ്ക്ക് വീണ്ടും ഒരു വിവാഹമാകാമെന്ന് കണ്ടാൽ നിങ്ങൾ അവരെ തടയരുത്. പക്ഷേ താൻ ഗർഭിണിയാണോ എന്നറിയാൻ നാലുമാസവും 10 ദിവസവും അവൾ കാത്തിരിക്കണം. അതിനുശേഷം അവൾക്ക് വിവാഹം ആകാമെന്നും അതിന് നിങ്ങൾ തടസ്സം നിൽക്കരുതെന്നുമാണ് ഖുർആൻ പറഞ്ഞത്. അല്ലാതെ ഭാര്യയെ 130 ദിവസം കൂരിരുട്ടിൽ ഇരുത്തി പീഡനമേൽപ്പിക്കുവാനല്ല. അത് വിരഹദുഃഖത്തിനൊപ്പം കൂടുതൽ കഷ്ടപ്പാടുണ്ടാക്കാനേ പ്രേരിതമാവൂ. സ്വന്തം ജ്യേഷ്ഠത്തിയുടെ മകനെയോ അനുജത്തിയുടെ മകനെയോ ഇതര മതത്തിലെ സ്ത്രീകളെ പോലുമോ കാണാൻ പറ്റില്ല പോലും. ഇവർ ഒരേ വീട്ടിൽ താമസിക്കുന്നവരാണെങ്കിൽ ആ വിധവ മറ്റൊരു വാടകവീട്ടിൽ ഏകാന്തവാസമനുഷ്ഠിക്കുകയാണോ ചെയ്യേണ്ടത്? അധ്വാനിച്ചു മക്കളെ പോറ്റുന്ന സ്ത്രീയാണെങ്കിൽ മക്കളും അവളും പട്ടിണികിടന്നു മരിക്കാനാണോ മതനിയമം അനുശാസിക്കുന്നത്?

എന്തൊരു കാടൻ നിയമങ്ങളാണ് ഇസ്‌ലാമിന്റെ പേരിൽ ഇവർ കെട്ടിയുണ്ടാക്കുന്നത്? അല്ലാഹുവിന്റെയും നബിയുടെയും പേരിൽ ഇല്ലാത്തത് കെട്ടിയുണ്ടാക്കുന്നവരേക്കാൾ അക്രമി ആരുണ്ട് എന്നാണ്

ഖുർആൻ ചോദിക്കുന്നത്. ഈ വചനങ്ങളൊന്നും ഇവർ ഖുർആനിൽ കാണുന്നില്ലേ? ചിന്തിക്കാത്തതിന്റെ ദൂഷ്യഫലങ്ങളല്ലേ ഇതൊക്കെ? പാവം, ഇന്നുള്ള വിധവകൾ എത്ര കഷ്ടപ്പാടാണ് സഹിക്കേണ്ടി വരുന്നത്? ഇത് എന്തിനു വേണ്ടിയാണ്? ആർക്ക് വേണ്ടിയാണ്? ഇത്തരം ബിദ്അത്തായ കർമങ്ങൾ ചെയ്യാൻ ദൈവം നമ്മോട് കല്പിച്ചിട്ടുണ്ടോ? സുന്നികൾക്ക് നിർബന്ധമായ കാര്യങ്ങൾ മുജാഹിദുകൾക്ക് നിർബന്ധമല്ല. അപ്പോൾ ഇസ്‌ലാമിൽ രണ്ട് തരം നിയമങ്ങളുണ്ടോ? ഈ രണ്ട് വർഗവും ഇസ്‌ലാമിൽ, അഥവാ ശാന്തിയിൽ വിശ്വസിക്കുന്നവരല്ലേ? ഖുർആനിൽ ഇല്ലാത്ത ഇത്തരം നിയമങ്ങളൊന്നും മുസ്‌ലിംകൾ അനുഷ്ഠിക്കേണ്ടതില്ല. പുരോഹിതർക്ക് അവരുടെ ഉദരപൂരണത്തിന് വേണ്ടിയുള്ള ലക്ഷ്യങ്ങളുള്ളത് കൊണ്ടായിരിക്കാം ഇസ്‌ലാമിൽ ഇല്ലാത്ത ഇത്തരം നിയമങ്ങൾ നമ്മെ അടിച്ചേൽപ്പിക്കുന്നത്. അതുകൊണ്ട് തന്നെയാണ് പുരോഹിതരിൽ ഭൂരിപക്ഷവും നരകവാസികളാണെന്നും അവർ സമുദായത്തെ മത കർമങ്ങളിൽ നിന്ന് തെറ്റിക്കുകയും സമുദായത്തിന്റെ മുതലുകളും ധനവും അന്യായമായി ശേഖരിച്ചു തിന്നുകയും ചെയ്യുന്നവരാണെന്നും ഖുർആൻ പറഞ്ഞത്. (സൂറ: തൗബ-34). മറ്റൊരു ഖുർആൻ വാക്യം നോക്കൂ. "വിശ്വസിച്ചവരേ, അല്ലാഹുവിനേയും റസൂലിനേയും നിങ്ങൾ വഞ്ചിക്കരുത്. നിങ്ങൾ അറിഞ്ഞുകൊണ്ട് അമാനത്തുകളിലും വഞ്ചന കാട്ടരുത്." (അൻഫാൽ-27). അല്ലാഹുവിന്റെയും നബിയുടെയും പേരിൽ പലതും ഇല്ലാത്തത് ഉണ്ടാക്കിപ്പറയുന്നവരെയാണ് ഖുർആൻ ഇവിടെ സൂചിപ്പിക്കുന്നത്. അതിനാൽ ഖുർആനിൽ ഇല്ലാത്ത ഒരു നിയമവും നാം ഉണ്ടാക്കരുതെന്നും ഖുർആൻ മാത്രമാണ് നമ്മുടെ പ്രമാണ ഗ്രന്ഥമെന്നും ഈ വചനത്തിലൂടെ നമുക്ക് മനസ്സിലാ



**ഇസ്‌ലാമിന്റെ വളർച്ച കണ്ട് അസൂയ പൂണ്ട ജൂതർ ഈ മതത്തെ ഏതെങ്കിലും രൂപത്തിൽ നശിപ്പിച്ചില്ലെങ്കിൽ തങ്ങളുടെ ജൂതമതം തകർന്ന് തരിപ്പണമാകുമെന്നും അതിനാൽ ഇതിനുള്ള പോം വഴികൾ കണ്ടെത്തണമെന്നും തീരുമാനിച്ചു. തന്ത്രങ്ങളിൽ അതി കുശാഗ്രബുദ്ധിമാന്മാരായ ജൂതർ നബിയുടെ കാലം തൊട്ടേ ഇസ്‌ലാമിനെ എതിർത്തിരുന്നു.**

കുന്നില്ലേ. അതിനാൽ നബി പറയാത്ത ഒരു കാര്യവും നാം ചെയ്യരുത്. നബിയുടെ പേരിൽ വഞ്ചകരായ ജൂതർ കെട്ടിയുണ്ടാക്കിയ ഒരു ഹദീസും നാം വിശ്വസിക്കരുത്. നബി പ്രവർത്തിച്ചതും പറഞ്ഞതു മെല്ലാം ഖുർആന്റെ അടിസ്ഥാന ത്തിൽ മാത്രമായിരിക്കുമെന്ന് വിശ്വസിക്കൽ ഓരോ മുസ്‌ലി മിന്റെയും കടമയാണ്. അതിനാൽ ഖുർആനിൽ ഇല്ലാത്ത കാര്യങ്ങൾ കെട്ടിയുണ്ടാക്കൽ തനി ഹറാമാണെന്ന് ബുദ്ധിയുള്ളവർ ചിന്തിക്കട്ടെ. അടിസ്ഥാനപരമായി അഞ്ച് കാര്യങ്ങളേ അല്ലാഹു നമുക്ക് ഹറാമാക്കിയിട്ടുള്ളൂ. ബാക്കിയുള്ള കാര്യങ്ങൾ നാം ചെയ്യുകയോ ചെയ്യാതിരിക്കുകയോ ചെയ്യുന്നത് നമ്മുടെ ബുദ്ധിക്കും ചിന്തകൾക്കും വിട്ടിരിക്കുകയാണ്. വിലക്കിയ കാര്യങ്ങൾ:

1. രഹസ്യവും പരസ്യവുമായി (പ്രത്യക്ഷമായോ പരോക്ഷമായോ) ചെയ്യുന്ന നീച കർമങ്ങൾ. (വ്യഭിചാരം, ബലാൽക്കാരം, സ്വവർഗസംഭോഗം മുതലായവ).

2. കുറ്റകരമായ കർമങ്ങൾ ചെയ്യൽ. (തട്ടിപ്പറി, വഞ്ചന, ഏഷണി, കളവ് പറയൽ മുതലായവ)

3. ഒരധികാരവും അവകാശവും ഇല്ലാതെ അന്യരുടെ അധികാരത്തിൽ അന്യായമായി കൈകടത്തൽ.

4. അല്ലാഹുവിനോടു പങ്ക് ചേർത്ത് പലരേയും വിളിച്ചു പ്രാർത്ഥിക്കൽ.

5. ഒരറിവും വിവരവുമില്ലാത്ത കാര്യങ്ങളെപ്പറ്റി അല്ലാഹുവിന്റെ പേരിൽ ഇല്ലാത്തത് ഉണ്ടാക്കിപ്പറയൽ. (6-33)

ജൂതർ ഉണ്ടാക്കിയ ഹദീസിന്റെ പിന്നാലെ നാം ഓടരുത്. ഖുർആനിലൂടെ നമ്മോട് ചെയ്യാൻ പറഞ്ഞ കാര്യങ്ങൾ അതിന്റെ അർഥം പഠിച്ചും അതിൽ ഗഹനമായി ചിന്തിച്ചും മുന്നോട്ടു നീങ്ങുക. ഖുർആനിൽ പറയാത്ത ഒരു കാര്യവും മുസ്‌ലിംകൾ നിയമമാക്കരുത്. ഖുർആന്റെ അടിസ്ഥാനത്തിലേ നാം എന്തുകാര്യവും ചെയ്യാവൂ. ഖുർആനിൽ ഇല്ലാത്ത ഒരു മത കാര്യവും മുസ്‌ലിംകൾക്ക് ബാധകമല്ല. അത് മാത്രമാണ് മുസ്‌ലിംകളുടെ ഒരേയൊരു പ്രമാണഗ്രന്ഥം. അബൂ ഹുറയ്റയും മുആവിയയും ബുഖാരിയും മുസ്‌ലിമുമെല്ലാം സമുദായ വഞ്ചകരാണെന്നും സമുദായത്തെ ശിഥിലമാക്കാൻ ഇറങ്ങിപ്പുറപ്പെട്ടവരാണെന്നും ഓർമ്മിപ്പിക്കട്ടെ.



# മുഹമ്മദ് നബി വന്നത് മുടിക്കച്ചവടത്തിനോ?

ഇസ്‌ലാം എന്നാൽ സമർപ്പണമാണ്; സമാധാനമാണ്. മനുഷ്യർ അവരുടെ ജീവിതവുമായി മുന്നോട്ട് പോകുമ്പോൾ ദൈവിക ചിന്തയിൽ അധിഷ്ഠിതമാവണം ഓരോ പ്രവൃത്തിയും. സത്യവും ക്ഷമയും കൈക്കൊള്ളുകയും നല്ല പ്രവർത്തനങ്ങൾ നടത്തുകയും ചെയ്താൽ അവർ നാശത്തി ലേക്ക് പോകില്ല എന്ന് ഖുർആൻ പറയുന്നു. (103:1, 2, 3)

മുഹമ്മദ് പ്രവാചകനാണ്. അദ്ദേഹത്തിന്റെ ഡ്യൂട്ടി പരിശുദ്ധ ഖുർആൻ വഴി ജനത്തെ ബോധവാന്മാരാക്കിത്തീർക്കലായിരുന്നു. അതിനാണ് അല്ലാഹു മുഹമ്മദിനെ തെരഞ്ഞെടുത്തത്. അത് അദ്ദേഹത്തിന് പൂർണ്ണ പക്വത ലഭിച്ചതിന് ശേഷമായിരുന്നു എന്ന് സൂറത്തുൽ നജ്മിലൂടെ വെളിപ്പെടുത്തുന്നു. (53:6, 7, 8, 9) നബിയോട് അല്ലാഹു പറഞ്ഞത്, നീ ഒരു സാധാരണ മനുഷ്യനാണെന്നും എന്റെ വഹ്‌യ് ജനത്തിന് എത്തിച്ചു കൊടുക്കൽ മാത്രമാണ് നിന്റെ ജോലിയെന്നുമാണ്. (41:6, 7).

ഈ ഖുർആൻ മാത്രമേ നബി പറഞ്ഞു കൊടുക്കാവൂ വെന്നും അതിൽ വള്ളിപുള്ളി വ്യത്യാസപ്പെടുത്തരുതെന്നും സ്വന്തം ഇഷ്ടത്തിനായി ഭേദഗതി വരുത്തരുതെന്നും അല്ലാഹു പറയുന്നു. 69:44, 45, 10:15 എന്നിവ നോക്കുക. അങ്ങനെയുള്ള നബി എങ്ങനെയാണ് ആത്മപ്രശംസയെന്നോണം തന്റെ മുടി സംരക്ഷിക്കണമെന്നും അതിന് പോരിഷയുണ്ടെന്നും പറയുന്നത്?

ഇത്തരം കള്ള ഹദീസുകൾ പ്രചരിപ്പിച്ച് ഇസ്‌ലാമിനെയും സമുദായത്തെയും കരിവാരിത്തേക്കുകയും അവഹേളിക്കുകയും ചെയ്യാതിരിക്കുക. ഖുർആൻ പറയുന്നു: ‘‘മതപുരോഹിതന്മാരിലും പണ്ഡിതരിലുംപെട്ട ചിലർ മതത്തെ വിറ്റു കാശാക്കുന്നവരാണ്. അവരെ നിങ്ങൾ ഒരിക്കലും പിന്തുടരരുത്.” (9:34) ഇതുകൊണ്ടുതന്നെയാണ് ഖുർആൻ സുന്നത്തുകാർ ഖുർആനെ മാത്രം പിന്തുടരണമെന്നും ഹദീസ് വിശ്വാസയോഗ്യമല്ലെന്നും ഖുർആനികമായ ഹദീസുകൾ വളരെ കുറച്ചേയുള്ളൂവെന്നുമൊക്കെ പറയുന്നത്. അല്ലാഹു നമ്മോട് കൽപിക്കുന്നത് അല്ലാഹു ഇറക്കിയതിനെ മാത്രം പിന്തുടരുക; മറ്റൊന്നും പിന്തുടരരുത് എന്നാണ്. (7:3) ഖുർആനാണ് അല്ലാഹു ഇറക്കിയത്. അതിൽ വൈരുദ്ധ്യങ്ങൾ കാണില്ല. ഹദീസിൽ വൈരുദ്ധ്യങ്ങളേയുള്ളൂ.

ഒരു കള്ള ഹദീസാണ് ഈ മുടിക്കച്ചവടത്തിന് കാരണക്കാരൻ. ആ ഹദീസ് വിശ്വസിച്ചാൽ മുടി അംഗീകരിക്കേണ്ടി വരും. അത് അംഗീകരിക്കാതെ വന്നാൽ

ഹദീസ് മൊത്തത്തിൽ തള്ളേണ്ടിയും വരും. 63 കൊല്ലം ജീവിച്ച് 23 കൊല്ലക്കാലം പ്രബോധനം നടത്തിയ നബി തിരുമേനി ഒരുപാട് തവണ മുടി മുറിച്ചു കളഞ്ഞിട്ടുണ്ടാകുമല്ലോ. അത്രയും കാലത്തെ മുടി ആരെങ്കിലും സൂക്ഷിച്ചുവെച്ചിരു ന്നെങ്കിൽ അയാൾ ബ്രൂണെയിലെ രാജാവിനേക്കാളും ധനികനായിട്ടുണ്ടാവും. നബി അതിനെ സംരക്ഷിക്കാൻ പറഞ്ഞിട്ടുണ്ടെങ്കിൽ എത്രയോ ആളുകൾ അതിനായി തമ്മിൽ തല്ലി മരിച്ചിട്ടുമുണ്ടാവും. അതിനാൽ തന്നെ നബി ഒരിക്കലും അത്തരം കാര്യങ്ങൾ പറയില്ല എന്ന് ബുദ്ധിയുള്ളവർ ചിന്തിക്കട്ടെ.

ഇതൊക്കെ ഓരോരുത്തരുടെയും സ്വാർത്ഥ താത്പര്യങ്ങൾ മാത്രമാണ്. അവർ മതത്തെ വിറ്റ് കാശാക്കുന്നവരാണെന്ന് അല്ലാഹു ഖുർആനിൽ പറഞ്ഞത് ഇവരെപ്പറ്റിയാണ്. മാത്രമല്ല ഇത്തരം ദുരാചാരങ്ങൾ നബിയുടെ മേൽ അടിച്ചേൽപ്പിച്ചതു കൊണ്ടാണ് സൽമാൻ റുഷ്ദിയെപ്പോലുള്ള എഴുത്തുകാരും വിമർശകരും നബിയെയും ഇസ്‌ലാമിനെയും തള്ളിപ്പറയാൻ കാരണം. ആയതിനാൽ ഇത്തരം അസംബന്ധങ്ങൾ ഒഴിവാക്കി ഖുർആൻ മുറുകെ പിടിച്ച് ജീവിതം സഫലമാക്കുക.

പൂച്ചക്കാര് മണികെട്ടുമെന്നത് എലികളുടെ ഇടയിൽ ബാക്കി നിൽക്കുന്ന ചോദ്യമാണ്. അതുപോലെ തന്നെ എല്ലാ മതക്കാരുടെ ഇടയിലും അവശേഷിക്കുന്ന ഒരു ചോദ്യമുണ്ട്. ചില പള്ളികളിലും അമ്പലങ്ങളിലും, മറ്റു സഹോദരങ്ങളുടെ സ്വസ്ഥതയും ഉറക്കവും കെടുത്തുന്ന അട്ടഹാസങ്ങളും കാട്ടിക്കൂട്ടലുകളും അരങ്ങേറുന്നു. ഇതു നിർത്താൻ പറയാൻ ആരും മുന്നോട്ടു വരുന്നില്ല. പറഞ്ഞാൽ ഒറ്റപ്പെടുമോയെന്ന ഭയം.

ഇതെല്ലാം മതഭക്തിയാണെന്നാണ് ഓരോരുത്തരുടെയും വിചാരം. ഇതിന് മതമേലാളന്മാർ പ്രോത്സാഹനം കൊടുക്കുകയും ചെയ്യുന്നു. ഇതിന്റെ ഗുണദോഷങ്ങളെക്കുറിച്ച് ആരും ചിന്തിക്കാറില്ല. ഒരു മതവും ഇത്തരം ഭജനയെ പ്രോത്സാഹിപ്പിക്കുന്നില്ല. മനുഷ്യജീവിതം വിജയകരമാവാൻ ഇതിന്റെയൊന്നും ആവശ്യവും ഇല്ല. തങ്ങളുടെ കീശവീർപ്പിക്കുന്നതിനു മതപുരോഹിതർ അന്ധമായി വിശ്വസിപ്പിച്ച് പാവപ്പെട്ട ഭക്തജനത്തെ ചൂഷണം ചെയ്യുകയാണ്. അതാണ് സൂറത്തുൽ തൗബയിൽ 34-ാമത്തെ വചനത്തിൽ ഇത്തരം പുരോഹിതരിൽ ധാരാളം പേർ അന്യന്റെ മുതൽ അന്യായമായി ഭക്ഷിക്കുന്നവരാണെന്ന് പറയാൻ കാരണം. ഇതിന്റെ സൂചനകളാണ് ഈ കണ്ടുവരുന്നതൊക്കെ. മനുഷ്യൻ സൽകർമ്മങ്ങൾ ചെയ്യേണ്ടത് പരോപകാരമായ പ്രവൃത്തികൾ ചെയ്തു കൊണ്ടാ ണ്. ഉള്ളവൻ ഇല്ലാത്തവന് കൊടുക്കുകയും ഇല്ലാത്തവൻ ശരീരം കൊണ്ടും വാക്കുകൾ കൊണ്ടും സഹായിക്കുകയും ഒക്കെ ചെയ്താൽ സൽകർമ്മമായി.

എല്ലാ മതവിഭാഗത്തെപ്പറ്റിയും ഖുർആൻ സൂറത്തുൽ ബഖറയിൽ 62-ാമത്തെ വചനത്തിലും സൂറത്തുൽ മാഇദയിൽ 69-ാമത്തെ വചനത്തിലും പറഞ്ഞത് ശ്രദ്ധിക്കുക. "നിങ്ങൾ മുസ്‌ലിമോ ജൂതനോ ക്രിസ്ത്യാനിയോ മറ്റു ഏതു മതക്കാരുമാകട്ടെ, ദൈവത്തിലും അന്ത്യദിനത്തിലും വിശ്വസിക്കുകയും സൽകർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്താൽ അവരുടെ നാഥനിൽ അവർക്ക് അർഹിക്കുന്ന പ്രതി ഫലമുണ്ട്. അവർ ഭയപ്പെടേണ്ടതില്ല. അവർ ദുഃഖിക്കേണ്ടി വരികയുമില്ല."

ഖുർആൻ 72-ാം അദ്ധ്യായത്തിൽ 18-ാമത്തെ വചനത്തിൽ "പള്ളികൾ അല്ലാഹുവിന്റേതാണ്; അവിടെ അല്ലാഹുവിനൊപ്പം മറ്റാരെയും വിളിച്ച് പ്രാർത്ഥിക്കാൻ പാടില്ല'' എന്നും 20-ാമത്തെ വചനത്തിൽ ''രക്ഷിതാവിനെ വിളിച്ചു മാത്രമേ പ്രാർഥിക്കാവൂ; അവനിൽ മറ്റൊന്നിനെയും പങ്കുചേർക്കാൻ പാടില്ല'' എന്നും ആവർത്തിച്ചു പറയുന്നു. ഇതൊന്നും ഇക്കൂട്ടർക്ക് ബാധകമല്ലേ?

**ഒരു കള്ള ഹദീസാണ് ഈ മുടിക്കച്ചവടത്തിന് കാരണം. ആ ഹദീസ് വിശ്വസിച്ചാൽ മുടി അംഗീകരിക്കേണ്ടി വരും. അത് അംഗീകരിക്കാതെ വന്നാൽ ഹദീസുകൾ മൊത്തത്തിൽ തള്ളേണ്ടിയും വരും.**

ഇത്രയും വ്യക്തമായി ഖുർആൻ നമുക്ക് പറഞ്ഞു തന്ന സ്ഥിതിക്ക് മനുഷ്യന് ബുദ്ധിമുട്ടുണ്ടാക്കുന്ന തരത്തിൽ മൈക്കും ഉച്ചഭാഷിണിയും മറ്റും വെച്ച് ഈ ഓരിയിടൽ നടത്തുന്നത് നിർത്തിക്കൂടെ? ഇനി അത്തരം കാര്യങ്ങൾ ചെയ്തേ പറ്റൂവെങ്കിൽ പള്ളികളുടെയും അമ്പലങ്ങളുടെയും ഉള്ളിൽ ഒതുക്കി മറ്റുള്ളവർക്ക് ബുദ്ധിമുട്ടുകൾ ഇല്ലാത്ത തരത്തിൽ ചെയ്താൽ പോരെ? ദൈവം സൂറത്തുൽ ഇസ്റാഇൽ 110-ാമത്തെ വചനത്തിൽ പറയുന്നു: "ശബ്ദം നിയന്ത്രിക്കുക. മിതമായ ശബ്ദത്തിലാക്കുക.'' ഇതൊന്നും പോരെ ഇതു നിർത്താൻ? ഇനിയെങ്കിലും മനസ്സിലാക്കി പ്രവർത്തിക്കുമെന്ന് പ്രത്യാശിക്കുന്നു.

''ഖുർആൻ പഠിക്കാൻ പാടില്ല" എന്നു പറഞ്ഞ കാലഘട്ടത്തിലെ തരികിടകളൊന്നും ഇന്ന് വിലപ്പോവില്ല. ഇന്ന് ഖുർആൻ പഠിക്കാനും അർഥം മനസ്സിലാക്കാനുമുള്ള സൗകര്യങ്ങൾ നിങ്ങൾ തന്നെ സൃഷ്ടിച്ചുവച്ചിട്ടുണ്ട്. അതിനാൽ അതിൽ പറഞ്ഞതു മനസ്സിലാക്കാൻ ജനം തയ്യാറായിരിക്കുന്നു. അതിലുള്ളതാണ് മതവിധി.

*(അവലംബം: കെ.എസ്. എസ് മാറഞ്ചേരി യൂനിറ്റ്)*



# ഖുർആനിലേക്ക്; വെളിച്ചത്തിലേക്ക്

**മൂസ ഹെമെക്സ്, മാറഞ്ചേരി**

പരിശുദ്ധ ഖുർആൻ നമുക്ക് വന്നുകിട്ടിയിട്ട് 1450 വർഷം പിന്നിട്ടു. ഇരുളടഞ്ഞു കിടക്കുന്ന ജനതയെ വെളിച്ചത്തിലേക്ക് കൊണ്ടു വരാൻ അറേബ്യയിൽ ഇതിനു മുമ്പ് ഒരു ഗ്രന്ഥവും താക്കീതുകാരനും വന്നിട്ടില്ലെന്ന് ഖുർആൻ 36:6 ലും 32:3ലും 34:44 ലും മറ്റും പറയുന്നു.

ഇങ്ങനെ വന്ന താക്കീതുകാരന് അല്ലാഹു ഇറക്കിക്കൊടുത്ത മഹാഗ്രന്ഥമാണ് ഖുർആൻ. ആ ഖുർആൻ കൊണ്ടാണ് പ്രവാചകൻ പ്രബോധനം നടത്തിയത്. മനുഷ്യന് വേണ്ട എല്ലാ സംഗതികളും വളരെ ലളിതമായി, വ്യക്തതയോടെ അതിൽ പ്രതിപാദിച്ചിട്ടുണ്ട്. നമുക്ക് നേരത്തെ അറിയാത്ത ചരിത്രസംഭവങ്ങളും കഥകളും വിവരിക്കുന്ന ഖുർആനിൽ നാം നിർബന്ധമായി ചെയ്യേണ്ട എല്ലാ നല്ല കാര്യങ്ങളും കാണാൻ കഴിയും.

ഖുർആൻ സംസാരിക്കുന്നത് എല്ലാ ജനവിഭാഗങ്ങളോടും പിന്നെ വിശ്വസിച്ചവരോടുമാണ്. ആയതിനാൽ എല്ലാ സമുദായക്കാർക്കും ഖുർആൻ പഠിക്കാൻ കഴിയണം. മാനവ സമൂഹം നന്നായിത്തീരലാണ് ഇതിന്റെ ഉദ്ദേശ്യം. ഇത്രയും കാലം മൂടിവെച്ച് ജനത്തിനിടയിലേക്ക് ഇത് എത്തിക്കാതിരുന്നതിന്റെ പിന്നിൽ പൗരോഹിത്യ മാണ്. ഖുർആനിലെ സത്യങ്ങൾ തനതായ രീതിയിൽ മനസ്സിലാക്കിയാൽ അതവരുടെ സ്വാർത്ഥ താല്പര്യങ്ങൾക്ക് ഭംഗം വരുത്തും എന്ന് കരുതി ഖുർആൻ ഒരു വിഭാഗത്തിന്റെ പാരായണത്തിൽ മാത്രം ഒതുങ്ങി. അർഥം അറിയാൻ പാടില്ലെന്നും പ്രചരിപ്പിച്ചു.

എന്നാൽ ഇന്ന് ആ അവസ്ഥ മാറി. എല്ലാവർക്കും കുറച്ചെങ്കിലും പഠിക്കാനുള്ള സാഹചര്യം പരിഭാഷകൾ കൊണ്ടുണ്ടായി. അതിലും പുരോഹിതർ ഹദീസ് തിരുകിക്കയറ്റി വികലമാക്കിയിട്ടുണ്ട്. എന്നാലും നല്ല പോലെ മനസ്സിരുത്തി വായിച്ച് ചിന്തിച്ചാൽ കാര്യങ്ങൾ കുറെയൊക്കെ മനസ്സിലാവും. എല്ലാ മതവിധികളും അതിലുണ്ട്. ഖുർആനിൽ പറഞ്ഞതേ നാം ചെയ്യേണ്ടതുള്ളൂ. അതാണ് നബി നമുക്ക് പറഞ്ഞു തന്നത്. അല്ലാഹു നബിയോട് കല്പിച്ചതും അതുമാത്രമാണ്. അതിൽ വ്യത്യാസപ്പെടുത്തുവാൻ നബിക്ക് അനുവാദമില്ല. മാത്രമല്ല, അങ്ങനെ ചെയ്താലുള്ള ശിക്ഷയും ഖുർആൻ 69:44, 45, 10:15 വചനങ്ങളിൽ ആണയിട്ട് പറയുന്നു.

നമ്മുടെ ഹദീസ് സമാഹാരങ്ങൾ തരം താഴ്ന്നതും ചളിപുരണ്ടതുമാണ്. നമുക്ക് ഖുർആനിലേക്ക് മടങ്ങാം; അല്ലാഹുവിന്റെ ഗ്രന്ഥത്തിലേക്ക്. ഹദീസുകൾ ഒന്നും നബിയുടേതല്ല. അങ്ങനെയാണെങ്കിൽ അത് ഖുർആൻ വിരുദ്ധമാകില്ല. അവ നബിക്ക് ശേഷം നബിയുടെ പേരിൽ പടച്ചുവിട്ടവയാണ്. ഇസ്‌ലാമിനെയും ഖുർആനിനെയും നശിപ്പിക്കലാണ് അതിന്റെ ഉദ്ദേശ്യം. ജൂതരാണ് ഇതിൽ കളിച്ചത്. ഹദീസിൽ നബിയെ അപമാനിക്കുന്ന ഒരുപാട് കാര്യങ്ങൾ കാണാം. നബി, നബിയെ തന്നെ അപമാനിക്കുമോ? ബുദ്ധികൊണ്ട് ചിന്തിക്കുക. ഖുർആൻ അല്ലാഹുവിന്റെ ഗ്രന്ഥമാണ്. അതിൽ വൈരുദ്ധ്യങ്ങൾ കാണില്ല. അതാണ് നബി പ്രബോധനം ചെയ്തത്. അപ്പോൾ നബിയുടെ ഹദീസ് ഖുർആനാണ്. അതിൽ ലവലേശം സംശയം ഇല്ല. ഖുർആനെ അല്ലാഹു സംരക്ഷിക്കും എന്ന് പറഞ്ഞിട്ടുണ്ട്. നമുക്ക് അതിൽ സമാധാനിക്കാം.

മൂക്കടഞ്ഞവന് ചാണകവും കസ്തൂരിയും ഒരുപോലെയാണ്. ആരും കസ്തൂരിയെ ചാണകത്തിൽ നിന്ന് തിരിച്ചറിയുന്നില്ല. ലോകം മുഴുവനും ഹദീസെന്ന ചാണകപൂജക്കാരാണ്. അതിനാൽ കസ്തൂരിയെന്ന ഖുർആനിലെ സത്ത നാം തിരിച്ചറിയണം.

ഇന്ദ്രിയങ്ങളെ നിയന്ത്രിക്കാൻ കഴിവുള്ള ബുദ്ധിശക്തി മനുഷ്യന് മാത്രമേയുള്ളൂ. അതുകൊണ്ട് ബുദ്ധിയെ ബലപ്പെടുത്തുക. അതിനെ ദൃഢമാക്കുക. കാമം, അസൂയ, ആർത്തി, അഹംഭാവം, ആത്മവഞ്ചന എന്നിവ നമ്മുടെ ശത്രുക്കളാണ്. അതുകൊണ്ട് മനസ്സിലെ കാർമേഘങ്ങൾക്ക് ശുദ്ധവായു നല്കി അവയെ പെയ്തൊഴിയാൻ അനുവദിക്കുക. വിവേകവും ചിന്താശക്തിയും ഊട്ടിയുറപ്പിക്കുക. അന്യന്റെ ഉയർച്ച കാണുമ്പോൾ ആനന്ദിക്കാൻ ശ്രമിക്കുക. സുഖനിദ്രയിൽ ആറാടാൻ മറ്റൊന്നും വേണ്ട!

മനുഷ്യന്റെ തൊഴിലും മതവും തമ്മിൽ ബന്ധമുണ്ട്. ഓരോ മതവിഭാഗവും അവരുടെ മതസംബന്ധമായ തൊഴിലുകൾ ചെയ്തു വേതനം കൈപ്പറ്റുമ്പോൾ അവർ ഉൾക്കൊള്ളുന്ന മതത്തെപ്പറ്റി യാതൊന്നും ചിന്തിക്കാറില്ല. എന്ത് കാര്യങ്ങൾ ചെയ്യുമ്പോഴും ദൈവികമായി തെറ്റാണോ ശരിയാണോ എന്നൊന്നും നോക്കാറുമില്ല. അതിൽ നിന്ന് കിട്ടുന്ന വേതനം; അല്ലെങ്കിൽ ജീവിക്കാനുള്ള വക-ഇത്രയേ അയാൾക്ക് ചിന്തയുള്ളൂ. "ദീപസ്തംഭം മഹാശ്ചര്യം; എനിക്കും കിട്ടണം പണം."

തെറ്റായി പഠിച്ചുവെച്ച പലതും ശരിയാണെന്ന് സമർത്ഥിച്ചും പഠിപ്പിച്ചും ചിലർ വേതനം പറ്റുന്നു. എല്ലാ മതസ്ഥരിലും ധാരാളം കണ്ടുവരുന്ന പ്രവണതയാണിത്. തൊഴിലാണ് എല്ലാവർക്കും പ്രധാനം. മതം മറ്റൊരു ഭാഗത്താണ്. എന്നാൽ ചെയ്യുന്ന ജോലിയിലുമുണ്ട് മതനിർദ്ദേശങ്ങൾ. അത് ആരും ചിന്തിക്കുന്നില്ല എന്നതാണ് സത്യം. ആത്മാർത്ഥതയും ക്ഷമയും അച്ചടക്കവും സത്യവുമെല്ലാം ഇതിന്റെ കാതലാണ്. എല്ലാ മതങ്ങളിലും ഈ ഉപദേശങ്ങൾ കാണാം.

നമ്മുടെ സാഹചര്യങ്ങൾ നമുക്ക് ചിന്തിക്കാനും ചിന്തിക്കാതിരിക്കാനും ചിന്തിപ്പിക്കാതിരിക്കാനും ഉതകുന്നു. ഏതൊരു വിഷയം കിട്ടിയാലും ചിലർ അതിനെപ്പറ്റി ചിന്തിച്ചു മനസ്സിലാക്കുന്നു.

തൊണ്ടതൊടാതെ വിഴുങ്ങൽ; വരുന്നത് വരട്ടെ എന്ന തോന്നൽ ചിന്തിക്കാതിരിക്കുന്നവരുടേതാണ്. മറ്റുള്ളവരെ അടിച്ചമർത്തൽ, നിർബന്ധിക്കൽ, പിടിവാശി, പറഞ്ഞു ഫലിപ്പിക്കൽ എന്നിവയൊക്കെ ചിന്തിപ്പിക്കാതിരിക്കാൻ സാഹചര്യമൊരുക്കുന്നു.

**മൂക്കടഞ്ഞവന് ചാണകവും കസ്തൂരിയും ഒരുപോലെയാണ്. ആരും കസ്തൂരിയെ ചാണകത്തിൽ നിന്ന് തിരിച്ചറിയുന്നില്ല. ലോകം മുഴുവനും ഹദീസെന്ന ചാണക പൂജക്കാരാണ്. അതിനാൽ കസ്തൂരിയെന്ന ഖുർആനിലെ സത്ത നാം തിരിച്ചറിയണം.**

നമ്മുടെ ചിന്ത നമ്മെ എവിടേക്ക് നയിക്കുന്നുവോ, അവിടെയാണ് നാമെത്തുക. നല്ലതിനായാലും ചീത്തയിലായാലും നാം തന്നെയാണ് നമ്മുടെ ഭാവിയുടെ ശില്പി. നമ്മൾ ചെയ്തുവെച്ചത് നാം തന്നെ അനുഭവിക്കുന്നു. വിതച്ചത് കൊയ്യുന്നതു പോലെ. ഇതു തന്നെയാണ് ഖുർആനും പറഞ്ഞു തരുന്നത്. "ഫമൻയ്യഅ്മൽമിഥ്കാലദർറത്തിൻ ഖയ്റൻയ്യറ, വമൻ യഅ്മൽമിഥ് കാലദർറതിൻ ശർറൻയ്യറ." (ഒരണുമണിത്തൂക്കം നന്മ ആരെങ്കിലും ചെയ്തിട്ടുണ്ടെങ്കിൽ അവൻ കാണും. ഒരണുമണിത്തൂക്കം തിന്മ ആരെങ്കിലും ചെയ്തിട്ടുണ്ടെങ്കിൽ അതും അവൻ കാണും). ⊖

## അറിയിപ്പ്

വർധിച്ച അച്ചടിച്ചെലവും അനുബന്ധ ചെലവുകളും കാരണം ഇക്കാലത്ത് ഒരു പ്രസിദ്ധീകരണം നടത്തിക്കൊണ്ടുപോകുന്നത് വൻ സാമ്പത്തിക ബാധ്യത വരുത്തിവെക്കുന്ന കാര്യമാണ്. ചില ഉദാരമതികളിൽ നിന്ന് ലഭിക്കുന്ന സംഭാവനകളും വായനക്കാരിൽ നിന്ന് ലഭിക്കുന്ന വരിസംഖ്യകളും മാത്രമാണ് വേദദർശനത്തിന്റെ കൈമുതൽ. ദർശനം സൗജന്യമായി ലഭിച്ചുകൊണ്ടിരിക്കുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും ചെലവുചുരുക്കലിന്റെ ഭാഗമായി ഇനി അതയക്കുന്നത് നിർത്തൽ ചെയ്യാൻ ഞങ്ങൾ നിർബന്ധിതരായിരിക്കുന്നു. ഇപ്പോൾ സൗജന്യമായി മാസിക ലഭിക്കുന്നവർ വരിസംഖ്യ അയച്ചു തന്ന് നമ്മുടെ പ്രസിദ്ധീകരണത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിൽ പങ്കാളികളായി സഹകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

**-സർക്കുലേഷൻ മാനേജർ**

Printed & Published by K.K. Salim Hajee @ Guru Offset & Graphics, Clt-4, for Khur-aan Sunnath Society (KSS)
Central Committee, Moulavi Chekanoor Memorial Building, Govindapuram P.O, Kozhikode-16. Chief Editor: Mudur Aboobacker.
E-mail: vedadarsanam@mail.com INTERNAL CIRCULATION ONLY.

# യഥാർഥ ഇസ്‌ലാമിനെ അറിയാൻ വായിച്ചിരിക്കേണ്ട ഗ്രന്ഥങ്ങൾ

| | |
|---|---|
| ◆ ഖുർആൻ വിരുദ്ധ ബാങ്കും ജമാഅത്തും | 25/- |
| ◆ പ്രമാണയോഗ്യമായ ഹദീസേത്? | 45/- |
| ◆ അബൂ ഹുറയ്‌റയുടെ തനിനിറം | 50/- |
| ◆ നമസ്കാരം മൂന്ന് മാത്രം: സി.എൻ. മൗലവിക്ക് ചുട്ടമറുപടി | 35/- |
| ◆ ഖുത്തുബ പരിഭാഷയും സ്ത്രീകളുടെ ജുമുഅയും | 25/- |
| ◆ തറാവീഹും തഹജ്ജുദും നബിക്ക് മാത്രം | 20/- |
| ◆ ഖുർആനിൽ ഹജ്ജിനുള്ള സ്ഥാനവും രൂപവും | 30/- |
| ◆ ഖുർആനിലെ നമസ്കാരരൂപം (പുതിയ പതിപ്പ്) | 45/- |
| ◆ സർവമത സത്യവാദം ഖുർആനിൽ | 15/- |
| ◆ ഇസ്രാഉം മിഅ്റാജും | 10/- |
| ◆ നബിയുടെ പേരിൽ സ്വലാത്തും സലാമും ചൊല്ലലെങ്ങനെ? | 15/- |
| ◆ ഇസ്‌ലാമിക ശരീഅത്തും ഇന്ത്യൻ ശരീഅത്തും സുപ്രീം കോർട്ട് വിധിയും | 10/- |
| ◆ മുസ്‌ലിം പിന്തുടർച്ചാ നിയമം: വിമർശകർക്ക് മറുപടി | 45/- |
| ◆ ബുഖാരിയും മുസ്‌ലിമും ലോകപൊള്ളന്മാരാണെന്നതിന്റെ തെളിവുകൾ (പുതിയ പതിപ്പ്) | 15/- |
| ◆ ചേലാകർമം അനിസ്‌ലാമികം | 30/- |
| ◆ ഇസ്‌ലാമും ജനാധിപത്യവും | 20/- |
| ◆ വിശുദ്ധ ഖുർആൻ: മുസ്‌ലിംകളുടെ ഒരേയൊരു പ്രമാണ ഗ്രന്ഥം (ഒന്നും രണ്ടും ഭാഗങ്ങൾ) | 35/- |
| ◆ ആമീൻ എന്ന ഖുർആൻ വിരുദ്ധ പ്രാർഥനാ മൊഴിയും വിഗ്രഹാരാധനയും | 30/- |
| ◆ ഹദീസുകളുടെ പ്രാമാണികത | 35/- |
| ◆ ചേകനൂർ മൗലവി: ജീവിതവും സന്ദേശവും | 50/- |
| ◆ മുസ്‌ലിം വിവാഹവും മനുഷ്യാവകാശങ്ങളും | 20/- |
| ◆ ഖുർആൻ വ്യാഖ്യാനങ്ങളിലെ അപാകങ്ങൾ | 15/- |
| ◆ ശരീഅത്ത്: വികാസവും പരിണാമവും | 50/ |
| ◆ ഇസ്‌ലാമിക സദാചാര മൂല്യങ്ങൾ ഖുർആനിൽ | 30/- |
| ◆ ഖുർആൻ നിഷേധികൾക്ക് മറുപടി | 45/- |
| ◆ ഈ ഹദീസുകൾ ആർക്കു വേണ്ടി? | 7/- |
| ◆ സുകൃതങ്ങൾ ഖുർആനിക വീക്ഷണത്തിൽ | 10/- |
| ◆ ചേകനൂർ മൗലവിയുടെ ആദർശപ്പടയോട്ടം | 10/- |
| ◆ ഖുർആൻ സുന്നത്ത് സൊസൈറ്റി: ലക്ഷ്യവും മാർഗവും | 10/- |
| ◆ വഴിതെറ്റിക്കുന്ന ഹദീസുകൾ | 10/- |
| ◆ വേദ ദർശനം മാസിക | 12/- |


Secretary, **Khur-aan Sunnath Society**
Moulavi Chekannoor Memorial Building, Manalthazham, Govindapuram P.O.,
Kozhikode-673 016, Ph: 9496244760, e-mail: ksskerala@mail.com




Veda Darsanam

Donation: ₹12

# ആദർശ പ്രചാരണ പാതയിലെ മറ്റൊരു നാഴികക്കല്ല്




സന്ദർശിക്കുക

## www.khur-aansunnathsociety.com